## വൈത്തിരി ഗ്രാമപഞ്ചായത്ത്

### ജനകീയാസൂത്രണം

# വികസന രേഖ





ചുരത്തിലൂടെ വയനാട്ടിലേക്കുള്ള വഴി കാണിച്ചുകൊടുത്ത ആദിവാസിയെ ഒപ്പമുണ്ടായിരുന്ന ബ്രിട്ടീഷ് എൻജിനീയർ കൊലചെയ്തു. പ്രതികാര വാഞ്ഛയുമായി അവിടെ വസിച്ച ആദിവാസി ആത്മാവ് ആ വഴി സഞ്ചരിച്ചവർക്ക് ഭീഷണിയായി. ഒരുനാൾ ഒരുമന്ത്രവാദി ആ പ്രേതാത്മാവിനെ കോളിമരത്തിൽ ആനച്ചങ്ങലകൊണ്ട് ബന്ധിച്ചു.

-ഐതിഹ്യം

മിത്തും നിഗൂഢതയും പേറി വയനാട്ടിലേക്ക് പ്രവേശിക്കുന്ന ഏതൊരു നവാഗതനേയും സ്വാഗതം ചെയ്ത് ലക്കിടിയിൽ ചങ്ങലമരം നിലനിൽക്കുന്നു.

131-3

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വൈത്തിരി ഗ്രാമപഞ്ചായത്ത്

# വികസന രേഖ



# എഡിറ്റോറിയൽ ബോർഡ്

## പത്രാധിപസമിതി അംഗങ്ങൾ

ശ്രീ. ഇ. പി. ജേക്കബ്

" ഗഗാറിൻ പി.

" യൂസഫ് കെ.

" എസ്.ചിത്രകുമാർ

" പി. അനിൽകുമാർ

" എസ്. വിക്രമൻ

" പി. പി. മണി

" മാത്യൂസ് എ. സി

" പി. പി. അബു




ഗ്രാമങ്ങളെ
അവയുടെ ദാരിദ്ര്യത്തിൽ
നിന്നും മോചിപ്പിക്കുന്നതിൽ
ഞാൻ വിജയിക്കുമ്പോൾ
ഞാൻ സ്വാതന്ത്ര്യം
കൈവരിച്ചിരിക്കും.

-ഗാന്ധിജി


ഡിസൈൻ -
എസ്. വിക്രമൻ
വൈത്തിരി

ഡി.ടി.പി. ആൻറ് ഓഫ്സെറ്റ് പ്രിൻറിംഗ്
റെഡ്സ്റ്റാർ ഓഫ്സെറ്റ് പ്രിൻേറഴ്സ്
കോഴിക്കോട് - 32.

# വൈത്തിരി ഗ്രാമപഞ്ചായത്ത്
# ഭരണസമിതി അംഗങ്ങൾ



ശ്രീ. കെ. കെ. കൃഷ്ണൻ
പഞ്ചായത്ത് പ്രസിഡണ്ട്



ശ്രീ. സലീംമേമന
വൈസ് പ്രസിഡണ്ട്



ശ്രീ. കെ. വി വേലായുധൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



ശ്രീമതി അന്നമ്മജോസഫ്
2ാം വാർഡ് മെമ്പർ



ശ്രീ. ആൻറണി കെ. പി.
3ാം വാർഡ് മെമ്പർ



ശ്രീമതി എൽസി ജോർജ്
6ാം വാർഡ് മെമ്പർ



ശ്രീപി. പി. അബു
7ാം വാർഡ് മെമ്പർ



ശ്രീമതി ഉഷാകുമാരി
8ാം വാർഡ് മെമ്പർ



കെ. ഭാസ്ക്കരൻ നായർ (സിക്രട്ടറി)
വൈത്തിരി ഗ്രാമ പഞ്ചായത്ത്

# ഇതളുകളിലൂടെ........


1. പൊതുവിവരണം
2. ആമുഖം
3. സാമൂഹിക സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി -ജലപ്രകൃതി-ജനപ്രകൃതി

5 സാമൂഹിക സാമ്പത്തികമേഖലകൾ

5-1 കൃഷി- ജലസേചനം-മണ്ണുസംരക്ഷണം

5-2 മൃഗസംരക്ഷണം മത്സ്യബന്ധനം

5-3 വ്യവസായം

5-4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5-5 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-6 കുടിവെള്ളവും പൊതുജനാരോഗ്യവും

5-7 വിദ്യാഭ്യാസം

5-8 സംസ്കാരം

5-9 വനിതാ സഹകരണമേഖല

5-10 പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

5-11 വിഭവസമാഹരണം

5-12 ടൂറിസം

6 ഉപസംഹാരം

7 സ്ഥാപനങ്ങളുടെ പട്ടിക

# 1

# വൈത്തിരി ഗ്രാമപഞ്ചായത്ത് പൊതുവിവരണം

## ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | വൈത്തിരി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | കുന്നത്തിടവക,ചുണ്ടേൽ |
| ബ്ലോക്ക് പഞ്ചായത്ത് | കല്പറ്റ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | വൈത്തിരി |
| താലൂക്ക് | വൈത്തിരി |
| അംസബ്ലി മണ്ഡലം | കല്പറ്റ |
| ലോക്സഭാ മണ്ഡലം | കോഴിക്കോട് |
| വിസ്തീർണ്ണം | 47. 84 എസ്ക്യു ക.മീ. |
| ജനസംഖ്യ | 14459 |
| പുരുഷൻ | 7202 |
| സ്ത്രീ | 7257 |
| ജനസാന്ദ്രത | 302 |
| വാർഡുകൾ | 8 |

**അതിരുകൾ**

വടക്ക് - കല്പറ്റ മുനിസിപ്പാലിറ്റി
പടിഞ്ഞാറ് - പൊഴുതന പഞ്ചായത്ത്
തെക്ക്-കോഴിക്കോട്ജില്ല
കിഴക്ക്-മേപ്പാടി പഞ്ചായത്ത്

# 2

# ആമുഖം

ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നും 1947 ആഗസ്ത് 15ന് സ്വാതന്ത്ര്യം പ്രാപിച്ച ഇന്ത്യ, അതിന്റെ വികസനത്തിന്റെ പടവുകളിലൂടെ 7 പഞ്ചവത്സരപദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. 8ാം പഞ്ചവത്സരപദ്ധതി പരിസമാപ്തിയിലേക്ക് എത്തിനിൽക്കുകയാണ്. 1997 ഏപ്രിൽ 1ാം തിയതി ആരംഭിക്കുന്ന 9ാം പഞ്ചവത്സര പദ്ധതി കേരളത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കാനാണ് സംസ്ഥാന ആസൂത്രണ ബോർഡും സംസ്ഥാന ഗവർമ്മെണ്ടും തീരുമാനിച്ചിരിക്കുന്നത്. ഇക്കഴിഞ്ഞ കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ മുഴുവൻ പദ്ധതികളും മേൽത്തട്ടിൽ നിന്നും കീഴ്തട്ടിലേക്ക് അടിച്ചേൽപ്പിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ പദ്ധതികൾ എല്ലാം അതിന്റെ ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ലായെന്ന വസ്തുത മറച്ചുപിടിക്കാൻ സാധ്യമല്ല. എങ്കിലും കാർഷിക, വാണിജ്യ വ്യാവസായിക, ഇലക്ട്രോണിക് മേഖലകളിൽ വമ്പിച്ച മുന്നേറ്റം തന്നെ മറ്റു രാഷ്ട്രങ്ങൾക്കിടയിൽ ഉണ്ടാക്കുവാൻ നമ്മുടെ രാജ്യത്തിന് കഴിഞ്ഞിട്ടുണ്ട്.

സാമൂഹ്യവ്യവസ്ഥിതികളിലും, ജീവിതരീതികളിലും മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ കേരളം ഈ ഒമ്പതാം പദ്ധതി പൂർണ്ണ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് ശക്തമായ മുന്നേറ്റനിരതന്നെ തയ്യാറാക്കി കഴിഞ്ഞു. മാത്രമല്ല പദ്ധതി നടത്തിപ്പിനും മേൽ നോട്ടത്തിനും ഗ്രാമീണ ജനതക്ക് അധികാരവും കൈവന്നു. ഇതുമായി ബന്ധപ്പെട്ട വൈത്തിരി ഗ്രാമപഞ്ചായത്തിലും വിശേഷാൽ ഗ്രാമസഭകൾ എല്ലാ വാർഡുകളിലും വിജയകരമായി നടത്തുവാൻ കഴിഞ്ഞു. പഞ്ചായത്ത് ഭരണസമിതിയും ബഹുജനസന്നദ്ധ സംഘടനകളും ഈ വിശേഷാൽ ഗ്രാമസഭ വിജയിപ്പിക്കന്നതിന് പ്രശംസനീയമായ സേവനമാണ് നടത്തിയിട്ടുളളത്.

വയനാട് ജില്ലയിലെ 3 താലൂക്കുകളിലൊന്നായ വൈത്തിരി താലൂക്ക് ആസ്ഥാനം സ്ഥിതിചെയ്യുന്ന വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

പഞ്ചായത്തുകൾക്ക് ലഭിക്കുന്ന പദ്ധതി വിഹിതമായ 40% തുക ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാനും ലക്ഷ്യബോധത്തോടും ശാസ്ത്രീയമായ രീതിയിലുമാക്കുവാനും പരിപൂർണ്ണസഹായ സഹകരണങ്ങൾ മുഴുവൻ ജനവിഭാഗങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. "ജനകീയാസൂത്രണം ഗ്രാമവികസനത്തിന്" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് തയ്യാറായി ഗ്രാമങ്ങൾ ഉണർത്തുവാൻ മുഴുവൻ വിഭാഗങ്ങളും തയ്യാറാകണം.

## ഗ്രാമസഭകളുടെ പൂർണ്ണവിവരം

| വാർഡ് | ഗ്രാമസഭ നടന്ന തിയ്യതി | ഗ്രാമസഭ നടന്ന സ്ഥലം | പങ്കെടുത്തവർ സ്ത്രീ | പു. | ആകെ |
|---|---|---|---|---|---|
| 1 | 2.10.1996 | ആർ. സി. എൽ പി. എസ്. ചുണ്ടേൽ | 60 | 135 | 195 |
| 2. | 22.9.1996 | എച്ച്. ഐ. എം. യു. പി. എസ്. ചുണ്ടേൽ | 34 | 45 | 79 |
| 3. | 22.9.1996 | ആർ. സി. എൽ. പി. എസ്. ചുണ്ടേൽ | 7 | 51 | 58 |
| 4. | 6.10.1996 | ജി. എച്ച്. എസ്. വൈത്തിരി | 40 | 150 | 190 |
| 5. | 29.10.1996 | വിസ്ഡം കോളേജ് വൈത്തിരി | 18 | 102 | 120 |
| 6. | 22.9.1996 | സുഗന്ധഗിരി ജി. യു. പി. എസ് | 12 | 67 | 79 |
| 7. | 2.10.1996 | ജ്യോതിസ് തീയേറ്റർ വൈത്തിരി | 19 | 86 | 105 |
| 8. | 29.9.1996 | ജി. എൽ. പി. എസ്. ലക്കിടി | 58 | 100 | 158 |

# 3

# സാമൂഹിക സാംസ്കാരിക പശ്ചാത്തലം

## ഇന്നലെകളിലേക്ക് ഒരെത്തിനോട്ടം

പുരാതന വൈത്തിരി പ്രദേശത്തേക്ക് ആന്ധ്രപ്രദേശ്, കർണ്ണാടക, തമിഴ്നാട് കേരള സംസ്ഥാനത്തിന്റെ മലബാർ,തിരുവിതാംകൂർ എന്നീ ഭാഗങ്ങളിൽ നിന്നുള്ള കുടിയേറ്റം പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യദശക ങ്ങളിൽ ആരംഭിച്ച് പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ദശകങ്ങൾ വരെ തുടരുന്നതായി കാണാം. ഈ കുടിയേറ്റത്തിന് സാമൂഹ്യ, സാമ്പത്തിക രാഷ്ട്രീയ ഘടകങ്ങൾ കളമൊരുക്കിയിട്ടുണ്ട്. മലപ്പുറം ജില്ലയുടെ വിവിധ ഭാഗങ്ങൾ തലശ്ശേരി, മൈസൂർ, മംഗലാപുരം, മധുര എന്നിവിടങ്ങളിൽ നിന്ന് ഉള്ളവരെ വൈത്തിരിയുടെ പ്രാപിതാക്കളായി കണക്കാക്കാം. എന്നാൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യ ദശകങ്ങൾ ആയപ്പോഴേക്കും വൈത്തിരി. ഒരു കോസ്മോപൊളിട്ടൻ ചായ്വിലേക്ക് എത്തിത്തുടങ്ങിയിരുന്നു.

മലമ്പനിയും മഞ്ഞും, പ്ലാഗും, വന്യമൃഗങ്ങളും കങ്കാണി, വ്യവസ്ഥിതിയും ചവിട്ടി, അരച്ച്, നിലനില്പിന്റെ തന്നെ യാതൊരു അടയാളങ്ങളും അവശേഷിപ്പിക്കാതെ നിശ്ശബ്ദമായി കടന്നുപോയപരശതം ദേശവാസികളും, സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ആസ്ഥാനത്ത് നിന്നും പൊന്നും,കറുത്തപൊന്നും സമ്പത്തും സാഹിസകതയും തേടി വൈത്തിരിയിലുമെത്തി കാലയവനികയിൽ വിലയം പ്രാപിച്ച ബ്രിട്ടീഷുകാരുടെ പ്രതിനിധിയായ ശ്രീ വാൾട്ടറും (1878 ) ആധുനിക വൈത്തിരിക്ക് സംഭവബഹുലമായ ഒരു ഗതകാലത്തിന്റെ സ്മരണപോലുമല്ലാതായിരിക്കുന്നു. വിരലിലെണ്ണാവുന്ന ഏതാനും വന്ദ്യവയോധികരുടെ ചിതലരിക്കാൻ ബാക്കിയുള്ള ഓർമ്മകളുടെ ചെപ്പേടുകളും, സർ വില്ല്യം ലോഗന്റെ മലബാർ മാനലും അല്പം ചില ചരിത്ര സ്മാരകങ്ങളും മാത്രമാണ് വൈത്തിരിയുടെ ചരിത്ര നിർമ്മാണത്തെ സഹായിച്ചിട്ടുള്ളത്.

സമുദ്ര നിരപ്പിൽ നിന്നും സുമാർ 2500 അടി ഉയരത്തിൽ സഹ്യസാനുക്കളിൽ സ്വയം നിർമ്മിതമായ ഒരു കോട്ടപോലെ കുന്നുഭാഗവും ചെങ്കുത്തായ മലകളും കിഴക്കോട്ട് മാറി പ്രായേണ ചെറുകുന്നുകളുമായി കിടക്കുന്ന വൈത്തിരിക്ക് ഭൂമിശാസ്ത്രപരമായിത്തന്നെ ഒരു സവിശേഷതയുണ്ടായിരുന്നു. താമരശ്ശേരി മലമ്പാതയ്ക്ക് മുകളിൽ സമുദ്രനിരപ്പിൽ നിന്നും 700 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ലക്കിടി വയനാടിന്റെ പ്രവേശന കവാടമാണ്. അസ്തമനത്തിന് മുമ്പ് പൂർവ്വവിധ പ്രൌഢിയോടെയും ജ്വലിച്ചുനില്ക്കുന്ന സൂര്യൻ മൈലുകളോളം ദൂരത്തിൽ വ്യാപിച്ചുകിടക്കുന്ന ഇന്ദ്രനീല വനങ്ങളുടെ പശ്ചാത്തലത്തിൽ മേഘക്കീറുകളിലും ചെറുകുന്നുകളിലും സൃഷ്ടിക്കുന്ന വർണ്ണക്കൂട്ട് ലക്കിടിയുടെ 700 മീറ്റർ ഉയരത്തിൽ നിന്ന് വീക്ഷിക്കുന്നത് വർണ്ണനാതീതമായ കാഴ്ചയാണ്.

1773 ൽ കുടക് പിടിച്ചെടുത്ത ഹൈദരലി കോഴിക്കോട്ടേക്ക് പോയതും, ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് സൈനിക ആവശ്യങ്ങൾക്ക് വേണ്ടി നിർമ്മിച്ചതു മായിരുന്നു താമരശ്ശേരി മലമ്പാത. പഴശ്ശിരാജാവിന്റെ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ കമ്പനി സൈന്യത്തിന്റെ കമാണ്ടറായിരുന്ന ആർതർ വെല്ലസ്ലി തെരഞ്ഞെടുത്ത തന്ത്രപ്രധാനമായ മാർഗ്ഗവും ഇതുതന്നെയായിരുന്നു. 1805 നവംബർ 30ാം തീയ്യതി പഴശ്ശിരാജാവ് ബ്രിട്ടീഷുകാരുമായുണ്ടായ ഏറ്റുമുട്ടലിൽ വീരചരമം പ്രാപിച്ചതോടെ വയനാട് എന്ന ഭൂപ്രദേശം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ കീഴിലായി. പിന്നീട് ഈ പ്രദേശം മൊത്തത്തിൽ

യൂറോപ്യൻ മുതലാളിമാർക്ക് വിറ്റതോടെ ഇവരുടെ ശ്രദ്ധ വയനാടൻ മേഖലയിൽ സ്വർണ്ണം കണ്ടെത്താനുള്ള ശ്രമങ്ങളിലേക്ക് തിരിഞ്ഞു. വൈത്തിരിയിൽ ചാരിറ്റി, അരുണഗിരി, പുക്കോട് എന്നീ പ്രദേശങ്ങളിൽ ഇങ്ങനെ ഖനനം നടന്നിരുന്നു. സ്വർണ്ണഖനനം ലാഭകരമല്ലാതായതോടെ വലിയ രീതിയിൽ കാപ്പി,തേയില തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. ഈ തോട്ടങ്ങളിൽ ജോലിയെടുക്കുന്നതിന് വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിലാളികൾ വന്നതോടെ വൈത്തിരിയുടെയും വയനാടിൻെറയും മുഖഛായ മാറുകയായിരുന്നു.

### സ്ഥലനാമം

ഒരു കാലത്ത് നിബിഡവനങ്ങളും കോടമഞ്ഞും മഴയും അകമ്പടി സേവിക്കുന്ന താമരശ്ശേരി ചുരത്തിലൂടെ ലക്കിടി എത്തുമ്പോഴേക്കും കേട്ടറിവ് മാത്രമുള്ള ഒരു പുതിയ ലോകത്തിലേക്ക് പ്രവേശിച്ച ആശ്ചര്യവും പേറി നാഴികകൾ പിന്നിടുമ്പോൾ വയനാടിൻെറ ഒരു വഴിത്തിരിവിൽ എത്തിയതായുള്ള അവബോധം പുരാതന കുടിയേറ്റക്കാരന് ഉണ്ടായിരുന്നിരിക്കണം. ഈ "വഴിത്തിരിവ്" ലോപിച്ചാണ് ഇന്നത്തെ വൈത്തിരി ഉണ്ടായതെന്നാണ് പഴമക്കാരുടെ അഭിപ്രായം. കോഴിക്കോട്-മൈസൂർ ഊട്ടി പ്രദേശങ്ങളിലേക്കുള്ള സംഗമ സ്ഥാനത്തു ഉള്ള പ്രദേശത്തെ മൊത്തത്തിൽ ഒരു വഴിത്തിരിവ് ആയി കണക്കാക്കിയിട്ടുണ്ടാകാം.

### പഞ്ചായത്ത് ഭരണസമിതികൾ

വൈത്തിരി പഞ്ചായത്തിൻെറ ജനായത്ത ഭരണസംവിധാനത്തെ രണ്ടുഘട്ടങ്ങളായി തിരിക്കാം. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കീഴിലുണ്ടായിരുന്ന പഞ്ചായത്ത് ഭരണസംവിധാനവും കേരള പഞ്ചായത്ത് ആക്ട് പ്രകാരം നിലവിൽ വന്ന ഭരണസമിതിയും വൈത്തിരി പൊഴുതന തരിയോട് കോട്ടത്തറ പടിഞ്ഞാറത്തറ വെങ്ങപ്പള്ളി പ്രദേശങ്ങൾ ചേർന്നതായിരുന്നു അന്നത്തെ വൈത്തിരി പഞ്ചായത്ത്. അന്നത്തെ പഞ്ചായത്തു പ്രസിഡണ്ടുമാരിൽ ശ്രീ രാമൻ നമ്പ്യാർ, കെ. കണ്ണൻ നായർ. ടി. കുര്യൻ എം. ജെ.റോബർട്ട് എന്നിവരെപറ്റിയുള്ള വിവരങ്ങൾ ലഭ്യമാണ്. ഇതിൽ 1959-1962 കാലഘട്ടത്തിൽ പ്രസിഡണ്ടായിരുന്ന എം. ജെ. റോബർട്ട് മാസ്റ്ററെപ്പറ്റി പഴമക്കാർക്ക് നല്ലതു മാത്രമേ പറയാനുള്ളു. പ്രസിഡണ്ട് സ്ഥാനം ഒരു സേവനമായി കണക്കാക്കി സ്വന്തം സമ്പത്തും സമയവും പഞ്ചായത്തിൻെറ പൊതുകാര്യങ്ങൾക്കുവേണ്ടി അദ്ദേഹം നിർലോഭം ചെലവഴിച്ചതായി പറയപ്പെടുന്നു.

പി. വി ജോസ് (1963-1966) എൻ. ആർ നാണുനായർ (1966-67) കെ. പൂക്കോയതങ്ങൾ (1972-1979) ജനാബ് മുഹമ്മദ് എന്ന കുഞ്ഞാപ്പ (1979-1982) പി. വി. ദേവസ്യ (1982-1984) ടി. ജെ. കുര്യൻ (1988-1990) ടി. എം. ഉസ്മാൻ (1990- ) എന്നിവരാണ് ആധുനിക വൈത്തിരി പഞ്ചായത്തിൻെറ ഭരണസമിതി അദ്ധ്യക്ഷന്മാർ. ഇടക്കാലങ്ങളിൽ പഞ്ചായത്ത് ഭരണസമിതിയുടെ അഭാവത്തിൽ പഞ്ചായത്തിൻെറ ഭരണം സർക്കാർ കാലാകാലങ്ങളിൽ നിയോഗിച്ച സ്പെഷ്യൽ ഓഫീസർമാരായിരുന്നു നടത്തിയിരുന്നത്.

പുതിയ പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്തിൻെറ ഭരണസാരഥ്യം വഹിക്കുന്നത് ശ്രീ. കെ. കെ. കൃഷ്ണൻ അവർകളാണ്.

### സാമൂഹിക പശ്ചാത്തലം

വൈത്തിരി അങ്ങാടിയിലെ ആദ്യകാല താമസക്കാർ ആന്ധ്രപ്രദേശിൽ നിന്നും കണ്ണൂരിൽ താവളമടിച്ചു അവിടെനിന്നും പല കൈവഴികളായി പിരിഞ്ഞു വൈത്തിരിയിലുമെത്തിയ യാദവരാണെന്ന് കരുതപ്പെടുന്നു. വൈത്തിരി ടൗണിൻെറ ഹൃദയഭാഗം കേന്ദ്രമാക്കി താമസമാക്കിയ ഇവരുടെ സന്തതി പരമ്പരകൾ ഇന്ന് വൈത്തിരിയുടെ സാമൂഹ്യ-സാംസ്ക്കാരിക മണ്ഡലങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത ഒരു സ്വാധീനശക്തിയാണ്. 19ാം നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ മലബാർ പ്രദേശത്തു നിന്നും പഞ്ചായത്തിൻെറ കോളിച്ചാൽ പ്രദേശത്തും തലശ്ശേരിയിൽ നിന്നും 12ാം പാലം ജുബ്ലി പ്രദേശങ്ങളിലും മലയാളം പ്ലാന്റേഷൻ തുടങ്ങിയ എസ്റ്റേറ്റുകളിൽ തമിഴ്നാട് കർണ്ണാടക കേരള സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നും വന്നെത്തിയ ആദ്യകാലകുടിയേറ്റക്കാർ. 1940-50-60 കാലഘട്ടങ്ങളിൽ തിരുവിതാംകൂർ ഭാഗത്തുനിന്നും കുടിയേറി സ്വകാര്യഭൂമി സമ്പാദിച്ചവരും തോട്ടം മേഖലയിൽ തൊഴിൽ നേടിയവരുമായ ഒരു ജനവിഭാഗമായിരുന്നിരിക്കണം വൈത്തിരിയുടെ ഇന്നത്തെ ജനസാമാന്യത്തിന് അടിത്തറ പാകിയത്.

വൈത്തിരിഗ്രാമപഞ്ചായത്തിൻെറ ജനസംഖ്യയുടെ ഏകദേശം മുക്കാൽ ഭാഗത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ സാമൂഹ്യ-സാംസകാരിക മണ്ഡലങ്ങളിലെ സ്പന്ദനം വൈത്തിരിയുടെ ചരിത്രമാണ്. കങ്കാണി വ്യവസ്ഥയുടെ നുകത്തിൽ നിന്നു മോചിതനായി ഇന്നത്തെ ആത്മാഭിമാനമുള്ള അവകാശങ്ങളെപ്പറ്റി ബോധവാനായ തൊഴിലാളിയിൽ എത്തുമ്പോഴേക്കും അവൻെറ പൂർവ്വികർക്ക് നഷ്ടമായത് വെറും ചങ്ങലകളല്ല. സ്വന്തം ജീവിതം തന്നെയായിരുന്നു. ഒരു പാടിമുറിയിൽ നാലും അഞ്ചും കുടുംബങ്ങൾ ഒന്നിച്ചു കഴിഞ്ഞു കുടിയിരുന്നു. വൈകുന്നേരം കോൽ മേസ്ത്രി മുറിയുടെ വാതിൽ പുറമേ നിന്ന് പൂട്ടും. വിസർജ്ജനത്തിന് ഒരു മൺചട്ടി

മുറിയിൽ വെച്ചുകൊടുക്കും. സുഖമില്ലാതെ കിടക്കുന്നവ രേയും വെറുതെ വിട്ടിരുന്നില്ല. തൊഴിലാളി ഓടിപ്പോ യാൽ എവിടെനിന്നെങ്കിലും പിടിച്ചുകൊണ്ടുവന്നു അതി ഭീകരമായ മർദ്ദനങ്ങൾക്ക് വിധേയരാക്കുമായിരുന്നു. 1937 ൽ മലമ്പനി പടർന്നു പിടിച്ചപ്പോൾ പഞ്ചായത്തിൽ നിന്നും സൗജന്യമായി ക്വയിനാൻ ഗുളികകൾ വിതരണം ചെയ്തി രുന്നു.

കങ്കാണി വ്യവസ്ഥിതിയിൽ തൊഴിലാളികളുടെ കൂലി മേസ്ത്രിമാർ വാങ്ങി തൊഴിലാളികൾക്ക് കൊടുത്തിരുന്ന വ്യവസ്ഥിതിക്കെതിരെ ആദ്യകാലങ്ങളിലുണ്ടായ ഒറ്റപ്പെട്ട പ്രതിഷേധങ്ങളെല്ലാംകേവലം വനരോദനങ്ങളായി മാറി. 1937 ൽ ചുണ്ടേൽ എസ്റ്റേറ്റ് മാനേജർ മി. ജെ. എഗിൻ എസ്ക്വയർ കൂലിക്കാർക്ക് ഇടനിലക്കാരെ ഒഴിവാക്കി കൂലി നേരിട്ടു നൽകി. 1948 ൽ സ്ത്രീ പുരുഷ തൊഴിലാ ളികൾക്ക് കൂലി യഥാക്രമം 12, 14 അണയുണ്ടായിരുന്നത് 1996 ആയപ്പോഴേക്കും ഏകദേശം 52 രൂപയോളമായി. ഇതിന് പുറമേ മറ്റാനുകൂല്യങ്ങളും. ഈ പരിണാമത്തിന് കളമൊരുക്കിയ സംഭവങ്ങളിൽ ചിലതാണ്. 1956 ൽ കെ. കുമാരൻ നടത്തിയ 19 ദിവസത്തെ ഐതിഹാസികമായ നിരാഹാര സമരം. അന്നു കോഴിക്കോടുണ്ടായിരുന്ന മദ്രാസ് മുഖ്യമന്ത്രി സി. രാജഗോപാലാചാരി മന്ത്രി കുട്ടി കൃഷ്ണനൻ നായരുടെ സമ്മർദ്ദത്തിന് വഴങ്ങി നിരാഹാരം അവസാനിപ്പിക്കാൻ വേണ്ട ഉറപ്പുകൾ നൽകിയെന്നും ചില രേഖകളിൽ കാണുന്നു. ഇതാണത്രെ പിന്നീട് മദ്രാസ് കരാറിന് അടിത്തറ പാകിയത്. ഇതുപോലെ തന്നെ കങ്കാണി വ്യവസ്ഥിതിക്കെതിരെ വട്ടപ്പാറ പൂഞ്ചോല മേഖലകളിൽ ജനകീയ മുന്നേറ്റങ്ങൾ നടന്നിട്ടുണ്ട്.

ഇന്ത്യൻദേശീയ പ്രസ്ഥാനത്തിൽ വൈത്തിരിക്ക് നേരി ട്ടുള്ള പങ്ക് എത്രത്തോളമുണ്ടെന്നത് സംബന്ധിച്ച് രേഖകൾ വിരളമാണ്. എന്നാലും ദേശീയ പ്രസ്ഥാനത്തിന്റെ സ്പന്ദനം വൈത്തിരിയേയും തൊട്ടുണർത്തിയിരുന്നു എന്നു വേണം കരുതാൻ. 1937 ൽ തന്നെ മഹാത്മജിയുടെ ഛായാപടം പഞ്ചായത്ത് ഓഫീസിൽ സ്ഥാപിക്കുവാൻ ഭരണസമിതി തീരുമാനിച്ചിരുന്നു. സ്റ്റേറ്റ് കോൺഗ്രസ് തടവുകാരെ തിരുവിതാംകൂർ മഹാരാജാവിന്റെ ജന്മനാ ളിൽ മോചിപ്പിക്കാൻ ക്രിമിനൽ ഭേദഗതി നിയമം നിർത്തി വെക്കാൻ തീരുമാനമായതിനും ഭരണസമിതി നന്ദി രേഖ പ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന വി. എൻ. രാമൻ നായർ ഒരു അനുസ്മരണത്തിൽ 1934 ജനുവരി 14ന് മഹാത്മജിക്ക് ലക്കിടിയിൽ സ്വീകരണം കൊടുത്തതും മഹാത്മജിയെ കാണാൻ ക്ലാസുമുടക്കി കാൽനടയായി കല്പറ്റവരെ പോയതും പ്രതിപാദിച്ചിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് വൈത്തിരിയിൽ ഒരു ബോർഡ് സ്കൂളായിരുന്നു ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത്. പിന്നീട് ചുണ്ടേൽ ആർ. സി സ്കൂൾ സ്ഥാപിതമായി. ഇന്ന് വിദ്യാഭ്യാസ മേഖലയിൽ എൽ. പി. യു. പി സ്കൂൾ അടങ്ങുന്ന 2 ഹൈസ്കൂളുകളും ഒരു യു. പി സ്കൂൾ 2 എൽ. പി. സ്കൂൾ 3 പാരലൽ കോളേജുകൾ സ്വകാര്യ മേഖലയിൽ ഒരു ഹോട്ടൽ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ വളർന്നിട്ടുണ്ട്. എങ്കിലും കോളേജ് വിദ്യാ ഭ്യാസത്തിനും മറ്റു സാങ്കേതിക വിദ്യാഭ്യാസത്തിനും മറ്റു പ്രദേശങ്ങളെ ആശ്രയിക്കുകയാണ് പഞ്ചായത്ത്.

ഗതാഗതത്തിൽ 1773 ൽ ടിപ്പു സൈനിക നീക്കങ്ങൾക്ക് ഉപയോഗിച്ചിരുന്ന മലമ്പാത ബ്രിട്ടീഷുകാരുടെ കാലമാ യപ്പോഴേക്കും പ്രാകൃത രൂപത്തിലുള്ള നിരത്തുകളായി രൂപാന്തരപ്പെട്ടിരുന്നു. 1936 കാലമായപ്പോഴേക്കും മൺറോ ഡുകളായിരുന്നു. ഇവയിലുണ്ടായിരുന്ന പൊടിശല്യം ശമി പ്പിക്കാൻ ഭരണസമിതി രണ്ടുനേരവും വെള്ളം നനച്ചിരുന്നു. യഥേഷ്ടം കാളവണ്ടികൾ ഉപയോഗിച്ചിരുന്ന അക്കാലത്ത് പഴയ വൈത്തിരിയിൽ ഒരു വണ്ടിപ്പേട്ടയും വൈത്തിരി യിൽ ഒരു പൊതുപന്തയും ഉണ്ടായിരുന്നു. കോഴിക്കോ ട്-വയനാട് മേഖലയിൽ ബസ് റൂട്ടുകൾ നടത്തിയിരുന്ന രണ്ട് പ്രമുഖ കമ്പനികളായിരുന്ന സി. ഡബ്ല്യു. എം. എസ് (എം) സി. ഡി. എ ലിമിറ്റഡ് എന്നിവയുടെ ആസ്ഥാനം യഥാക്രമം ചുണ്ടയും പഴയവൈത്തിരിയുമായിരുന്നു. ആദ്യ കാലങ്ങളിൽ കോഴിക്കോട്-മൈസൂർ, കോഴിക്കോട്-ഊട്ടി, കോഴിക്കോട്-മാനന്തവാടി എന്നിങ്ങനെ 3 ബസ്സുകളാണ് വയനാട്ടിലേക്ക് ഉണ്ടായിരുന്നത്. കരിയുടെ ശക്തികൊണ്ട് ഓടിയിരുന്ന ബസ്സുകളാണ് ആദ്യകാലങ്ങളിൽ ഉപയോ ഗിച്ചിരുന്നത്. ബ്രിട്ടീഷുകാരുടെ ഭരണകാലം മുതൽ വൈത്തിരി-നഞ്ചൻകോട് റയിൽപ്പാതയുടെ പ്രാധാന്യം മനസ്സിലാക്കി പരിഗണനക്കെടുത്തിരുന്നു. എന്നാൽ വൈത്തിരിയുടെയും വയനാടിന്റെ പൊതുവെയും പൂവണിയാത്ത സ്വപ്നങ്ങളിൽ ഒന്നായി ഇന്നും അവശേഷിക്കുന്നു.

മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് രൂപീകൃതമായ വൈത്തിരി പഞ്ചായത്തിന് ഇന്നും ബാലാരിഷ്ടതകൾ ഏറെയാണ്. വികസനം ഇനിയും ഏറെ കൈവരിക്കുവാ നുണ്ട്. ഒരു കാലത്ത് മുൻസിഫ് കോടതിവരെ ഉണ്ടായി രുന്ന താലൂക്ക് ആസ്ഥാനത്തു നിന്നും ഓഫീസ്സുകൾ പലതും സമീപ പ്രദേശമായ കല്പ്പററയിലേക്ക് കൂടുമാറി പ്പോയി. ഇത്രയും വർഷങ്ങൾക്കിടക്ക് ടൗൺ വികസനം കാര്യമായ രീതിയിലൊന്നും നടന്നിട്ടില്ല. ഭൂപ്രദേശത്തി ന്റെ സിംഹഭാഗവും ഹാരിസൺ മലയാളം ലിമിറ്റഡ്, ചേലോട്ട് എസ്റ്റെയിറ്റ്, തളിമല എന്നീ തേയിലതോട്ട ഉടമകളുടെ കൈവശമാണ്. വൈത്തിരിയുടെ വരുമാനത്തി

ൻെറ വലിയൊരു പങ്ക് പുറത്തേക്കൊഴുകുകയാണ്. ഈയടുത്തകാലത്തായി ആരംഭിച്ച ഒന്നു രണ്ടു വ്യാവസായിക സംരംഭങ്ങാം തകരുകയാണുണ്ടായത്. ലക്കിടി-പൂക്കോട് കേന്ദ്രമായി ചില റിസോർട്ടുകാം ഉയർന്നുവരുന്നത് ആശാവഹമാണ്.

ഒരു കാലത്ത് നിബിഡവനമായിരുന്ന വൈത്തിരി പ്രദേശം വനസമ്പത്ത് കൊണ്ടും, വന്യജീവി സമ്പത്ത് കൊണ്ടും സമ്പുഷ്ടമായിരുന്നു. പൂക്കോട് പ്രദേശം കൈവശം വെച്ചിരുന്ന കോമളംകുമാരൻ എന്നയാാംക്ക് പൂക്കോട് ഭാഗത്ത് ആനപ്പന്തിയുണ്ടായിരുന്നുവത്രെ. വില്യം -ലോഗൻ മലബാർ മാന്വലിൻെറ ഒരു ഭാഗത്ത് ഇംഗ്ലീഷുകാരനായ ഒരു നായാട്ടുകാരൻ ഒരൊററ ദിവസംകൊണ്ട് 3 കൊററാടുകളേയും നാലു പെൺകാട്ടികളേയും വെടിവെച്ചു കൊല്ലുകയും ചത്തേടത്ത് തന്നെ അവയെ ഉപേക്ഷിച്ചു പോവുകയും ചെയ്തതായി വിവരിക്കുന്നുണ്ട്. ഇതുപോലെ വൈത്തിരി പ്രദേശത്തും കേവല വിനോദത്തിനു വേണ്ടിയും നമ്മുടെ വന്യജീവി സമ്പത്ത് നാമാവശേഷമാക്കിയിരിക്കാം.

വൈദ്യുതോൽപ്പാദന രംഗത്തും ബ്രിട്ടീഷുകാരുടെ കാലത്ത് ഇവിടെ ചില സംരംഭങ്ങാം നടത്തിയിരുന്നു. വൈത്തിരിപുഴയുടെ തളിമലപ്പാലത്തിനടുത്തായി, ജലം കെട്ടി നിർത്താനുള്ള ബണ്ടിൻെറ ഭാഗം ഇപ്പോഴുമുണ്ട്.

## പൂക്കോട് തടാകം

ടൂറിസത്തിന് വൻ സാധ്യതകളുള്ള ഒരു പ്രദേശമാണ് വൈത്തിരി-വശ്യസുന്ദരമായ പ്രകൃതി ഭംഗിയും സുഖശീതളമായ കാലാവസ്ഥയും ഡാർജിലിംഗ് കുന്നുകളെ അനുസ്മരിപ്പിക്കുന്ന ചെറുകുന്നുകളും കണ്ണെത്താദൂരത്തോളം വ്യാപിച്ചു കിടക്കുന്ന തേയിലത്തോട്ടങ്ങളും വിദൂരതയിൽ സഹ്യൻെറ ഇളം കറുപ്പാർന്ന മലനിരകളും എല്ലാം കൂടി നഗരത്തിൻെറ യാന്ത്രികതയിൽ നിന്ന് മോചനം തേടുന്ന ടൂറിസ്റ്റിൻെറ മനം കവരുന്നു. കേരളത്തിൻെറ ചിറാപുഞ്ചി ലക്കിടി ഇവിടെയാണെങ്കിലും വല്ലപ്പോഴും അസമയത്തെ അതിഥിയെപ്പോലെ കടന്നുവരുന്ന കോടമഞ്ഞാണ് പഴയ ലക്കിടിയെ ഓർമ്മിപ്പിക്കുന്നത്.

വൈത്തിരി ടൗണിൽ നിന്നും 3 കി. മീ മാറി പൂക്കോട്, സ്ഥിതിചെയ്യുന്ന പ്രകൃതിദത്തമായ ശുദ്ധജല തടാകത്തിൻെറ നാലുചുററും നിത്യഹരിത വനങ്ങളാലും കുന്നുകളാലും ചുററപ്പെട്ടുകിടക്കുന്നു. ഇവിടെ ബോട്ടിംഗ് സൗകര്യങ്ങളും കുട്ടികാംക്കുള്ള പാർക്കും കരകൗശല വസ്തുക്കളുടെ വില്പനശാലയും ഉണ്ട്. വിവിധയിനം മത്സ്യങ്ങളുടെ ഒരു ശുദ്ധജല അക്വേറിയവും ഇവിടെയുണ്ട്. ഇത് ടൂറിസം പ്രൊമോഷൻ കൗൺസിൽ, ഫിഷറീസ് വകുപ്പുകാംക്ക് ഒരു കറവപ്പശുവാണെങ്കിലും വൈത്തിരി ഗ്രാമപഞ്ചായത്തിന് ഇതിൽ നിന്ന് സാമ്പത്തിക നേട്ടങ്ങാം ഒന്നും ഇല്ല

ഏകദേശം 75 വർഷം മുമ്പ് ഈ സ്ഥലം പൂക്കോട് എസ്റ്റെയിറ്റ് എന്ന പേരിൽ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായിരുന്നു. ഇന്നത്തെ തടാകത്തിന് അടുത്തായി ബ്രിട്ടീഷുകാരുടെ ബംഗ്ലാവും നീന്തൽകുളങ്ങളും മററുമുണ്ടായിരുന്നു. തടാകത്തിൻെറ കിഴക്കെ ഭാഗത്തായി, പുരാതനമായ ഒരു സെമിത്തേരി ഇന്നും നിലനില്ക്കുന്നു. കാലപ്പഴക്കംകൊണ്ടോ മറ്റോ കൂടുതൽ വിവരങ്ങാം ഒന്നും ലഭ്യമല്ലെങ്കിലും ഒരു കുഴിമാടത്തിൻെറ ശിലാഫലകത്തിൽ (വാാംട്ടർ, 24 ആഗസ്റ്റ് 1878, സർഫീൽഡ് ലോഡ്ജ്, ഇംഗ്ലണ്ട്) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്തുകൊണ്ടും ചരിത്രപ്രാധാന്യമുള്ള സ്ഥലമാണ് പൂക്കോട് തടാകപ്രദേശം.

## ചങ്ങലമരം

മിത്തും നിഗൂഢതയും പേറി വയനാട്ടിലേക്ക് പ്രവേശിക്കുന്ന ഏതൊരു നവാഗതനേയും സ്വാഗതം ചെയ്ത് ഇന്നും ലക്കിടിയിൽ ചങ്ങലമരം നിലനില്ക്കുന്നു. പണ്ടു കാലത്തെങ്ങോ ലക്കിടി ഭാഗങ്ങളിൽ വാഹനങ്ങാംക്കും, യാത്രക്കാർക്കും ഭീഷണിയായി, ഒരു പ്രേതാത്മാവ് ചരിച്ചിരുന്നുവത്രെ. വയനാടൻ മലമ്പാതയിൽകൂടി വഴി കാണിച്ചുകൊടുത്ത ഒരു ആദിവാസിയെ ബ്രിട്ടീഷുകാരനായ എഞ്ചിനീയർ വധിച്ചുവെന്നും ഈ ആദിവാസിയുടെ ആത്മാവാണ് ഇങ്ങനെ ശല്യമുണ്ടാക്കിയിരുന്നത് എന്നും പറയപ്പെടുന്നു. ഈ വഴി പോകാനിടയായ ഒരു ദിവ്യനെ ഇത് ശല്യം ചെയ്തു എന്നും ദിവ്യൻ അടുത്തുകണ്ട ഏതോ വള്ളിയെടുത്ത് ബാധയെ മരത്തിൽ ബന്ധിച്ചു എന്നുമാണ് ഐതിഹ്യം. ഇതും വളരെയധികം ടൂറിസ്റ്റുകളെ ആകർഷിക്കുന്നുണ്ട്.

## സഹ്യൻെറ മക്കാം

ജനസംഖ്യയിൽ ന്യൂനപക്ഷമാണെങ്കിലും ഇവിടത്തെ ആദിവാസികളെപ്പററി പരാമർശിക്കാതെയുള്ള വൈത്തിരിയുടെ ചരിത്രം അപൂർണ്ണമായിരിക്കും. നവീന ശിലായുഗം മുതൽ വയനാട്ടിൽ പാർപ്പുറപ്പിക്കുകയും സമ്പന്നമായൊരു സംസ്ക്കാരത്തിന് പിറവി കുറിക്കുകയും ചെയ്ത ആദിവാസി വർഗ്ഗങ്ങാം കാലാകാലങ്ങളിൽ മാറിവന്ന അധികാര ശക്തികളോടും സംസ്ക്കാര വിശേഷങ്ങളോടുമേറ്റു നില്ക്കുവാൻ കഴിയാതെ അധഃസ്ഥിതരായി മാററപ്പെടുകയായിരുന്നു. പണിയർ, കാട്ടുനായ്ക്കർ കുറുവർ വിഭാഗങ്ങളിൽ പെട്ട വർഗ്ഗക്കാരാണ് ഇന്ന് വൈത്തിരിയിൽ അധിവസിക്കുന്നത്.

## ചരിത്രപശ്ചാത്തലം

വേടരാജാവിനെ തോല്പിച്ചു അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്ന വയനാട് കോട്ടയം രാജാവും കുറുമ്പ്രനാട് രാജാവും വടക്കൻ തെക്കൻ വയനാടുകൾ യഥാക്രമം വീതിച്ചെടുത്തു. ഈ ആക്രമണത്തിന്റെ ഫലമായി വയനാട്ടിൽ രണ്ടു ആദിവാസി വിഭാഗങ്ങൾ സൃഷ്ടിക്കപ്പെട്ടു. വിദൂരതയിലുള്ള വനങ്ങളിലേക്കും, മലകളിലെ നിശബ്ദതയിലേക്കും കടന്ന് അഭയം തേടിയവർ കാട്ടുനായ്ക്കരായി. യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ടവർ നായർ ജന്മിമാരുടെ അടിമത്വം സ്വീകരിച്ചു പിന്നീട് കുറുമരായി അറിയപ്പെട്ടു.

## പണിയർ

പണിയൻ എന്ന പദം പണിയെടുക്കുന്നവൻ എന്നതിൽ നിന്ന് ഉരുത്തിരിഞ്ഞുണ്ടായതാവാം. അടിമതൊഴിലാളികളായി കണക്കാക്കിയതിനാൽ തോട്ടങ്ങളോടൊപ്പം ഇവരേയും വില്ക്കപ്പെട്ടിരുന്നു. പുരാതന കാലത്ത് ഭൂ ഉടമ നിയമിക്കുന്ന 'കുട്ടൻ' എന്നു പേരുള്ള ഒരു ഗോത്ര തലവൻ ഓരോ ഗോത്രത്തിലുമുണ്ടായിരുന്നു. കുടുംബത്തലവൻ 'മുതലി' എന്ന പേരിലറിയപ്പെട്ടു. കുട്ടൻ, മുതലി, എന്നിവർ മൂപ്പന്മാർ എന്ന പേരിലറിയപ്പെട്ടു. 'ചെമ്മി' എന്നു പേരുള്ള ഒരു പുരോഹിതനും ആദ്യകാലങ്ങളിൽ നിയോഗിക്കപ്പെട്ടതായി പറയപ്പെടുന്നു. 'ചെമ്മി' സ്ഥാനം പൈതൃകമായിരുന്നു. പൊതുവെ ഏകപത്നി വ്യവസ്ഥയായിരുന്നു നിലനിന്നിരുന്നത്. വിധവാ വിവാഹം അനുവദിക്കപ്പെട്ടിരുന്നു.

മതങ്ങളെപ്പററി പണിയർക്ക് പ്രാകൃതമായ വിശ്വാസങ്ങളായിരുന്നു ഉണ്ടായിരുന്നത്. കാളി എന്ന ദേവതയ്ക്കു പുറമെ അരയാൽ മരത്തേയും ആരാധിച്ചിരുന്നു. കുറച്ച്യരേയും കുറുമരേയും അപേക്ഷിച്ച് പണിയരുടെ ആധുനികവൽക്കരണത്തിലേക്കുള്ള പ്രയാണ് മന്ദഗതിയിലായിരുന്നു. തുടിയും കുഴലും ഉപയോഗിച്ചുള്ള വട്ടക്കളിയും കൂളിയാട്ടവും പണിയരുടെ കലാവൈഭവത്തിന് മകുടോദാഹരണമാണ്.

## കാട്ടുനായ്ക്കർ

പേരുപോലെത്തന്നെ വനമേഖലയിലെ രാജാക്കന്മാരായ കാട്ടുനായ്ക്കർ വനവിഭങ്ങൾ ശേഖരിച്ച് ജീവിച്ചു വന്നു. തേൻ ശേഖരിച്ചിരുന്നത്കൊണ്ട് ഇവർക്ക് തേൻ കുറുമർ എന്ന പേരുമുണ്ട്. ഇവർക്ക് മലവർഗ്ഗക്കാരുടെ ശാരീരിക ഘടനയാണുള്ളത്. മററു ജാതികളുമായി ഇവർ ഇടപഴകാറില്ല. ദ്രാവിഡ ഭാഷയുടെ ഒരു മിശ്രിത രൂപമായിരുന്നു ഇവർ ഉപയോഗിച്ചിരുന്നത്. ചോദ്യം ചെയ്യപ്പെടാത്ത ഗോത്രത്തലവനാണ് 'മൂട്ടൻ' എല്ലാ വിധ പ്രകൃതി ശക്തികളേയും ഇവർ ആരാധിച്ചിരുന്നു. ഹൈന്ദവ ദൈവങ്ങളായ വിഷ്ണു, ശിവൻ, ഭഗവതി എന്നിവരും ആരാധിക്കപ്പെട്ടിരുന്നു. മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നില്ല. മററു വർഗങ്ങളിൽ നിന്ന് വിവാഹം അനുവദിക്കപ്പെട്ടിരുന്നില്ല. വിവാഹമോചനവും ഉപേക്ഷിച്ചു പോകലും നിലനില്ക്കുന്നു.

## കുറുമർ

വയനാട്ടിലെ യഥാർത്ഥ ആദിവാസികളിൽ ഒരു വിഭാഗമാണ് കുറുമർ. ഇവരിൽ ചിലർ കർഷകതൊഴിലാളികളാണ്. വൃത്തിയുള്ളതും ജനലുകളും വാതിലുകളുമുള്ളതുമായ വീടുകളിലാണ് ഇവർ താമസിക്കുന്നത്. 'കുടി' എന്നുപേരുള്ള ഒരു ഗോത്രത്തിൽ പത്തുപന്ത്രണ്ട് വീടുകൾ ഉൾപ്പെടുന്നു. 'ദൈവപുര' എന്നൊരു ആരാധനലായവും കുടിയിൽ ഉണ്ടാകും. ഇവിടെ ഒത്തുചേർന്നാണ് പൊതുപ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ടിരുന്നത്. പല കുടികളുടെ നിയന്ത്രണം കുന്നുമൂപ്പൻ എന്ന ഗോത്രത്തലവനിലാണ്. ഒരു കുടിയുടെ തലവൻ പൊരുന്നവൻ ആകുന്നു. ശവം മറവ് ചെയ്യാറാണ് പതിവ്. പതിനൊന്ന് ദിവസത്തെ പുല ആചരിക്കപ്പെടുന്നു. കോൽക്കളി കുറുമരുടെ ഒരു കലാരൂപമാണ്.

ഈ പഞ്ചായത്തിലെ അമ്പലകുന്ന്, ചെമ്പട്ടി, പൂക്കോട്, ഡയറിപ്രൊജക്ട്, കുന്നത്തുവയൽ ശ്രീപുരം തളിമല, തങ്ങൾക്കുന്ന് എന്നീ ആദിവാസി കോളനികളിൽ പണിയരും, വട്ടക്കുണ്ട് ആദിവാസികോളനിയിൽ കാട്ടുനായ്ക്കരും വട്ടക്കുണ്ടിന്റെ തന്നെ ഒരു ഭാഗത്ത് കുറുമ കുടുംബവും താമസിച്ചുവരുന്നു.

## പൂക്കോട് ഡയറി പ്രൊജക്ട്

പൂക്കോട് ഡയറി ഫാം 1979 ൽ ആണ് സ്ഥാപിതമാകുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യം അടിമവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട ആദിവാസികളുടെ പുനരധിവാസമായിരുന്നു. 420 ഹെക്ടർ നിശ്ചിത വനഭൂമിയാണ് ഇതിന് അനുവദിക്കപ്പെട്ടത്. 95 കുടുംബങ്ങളെയാണ് ഇവിടെ കുടിയിരിത്തിയിരുന്നത്. ആദ്യം 60 ൽ തുടങ്ങി 140 പശുക്കൾവരെ ഇവിടെ ഉണ്ടായിരുന്നു. പാലുൽപ്പാദനം 300 ലിറ്ററിലധികം വരെ എത്തിയിരുന്നു. എന്നാൽ വിധി വൈപരീത്യം കൊണ്ട് ബ്രൂസിലോസ് രോഗം പിടിപെട്ട് 1993 ൽ പശുക്കൾ ചത്തു തുടങ്ങിയതോടെ ഫാം താൽക്കാലികമായി പൂട്ടിയിരിക്കുകയാണ്.

❖

# 4

# ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

## ഭൂപ്രകൃതി

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 2000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കോഴിക്കോട് ജില്ലയിലെ അടിവാരത്തിൽ നിന്നും ഒമ്പത് ഹെയർപിൻ കടന്നെത്തുന്നത് വയനാട് ജില്ലയിലെ കവാടപ്രദേശമായ വൈത്തിരി ഗ്രാമപഞ്ചായത്തിലെ ലക്കിടി എന്ന സ്ഥലത്താണ്.

47.84 Sq KM പശ്ചിമഘട്ടത്തിനു തുടർച്ചയായ ഉയർന്ന കുന്നിൻ നിരകളുടെ നിബിഡവനങ്ങളും, ചതുപ്പുനിലങ്ങളും, തരിശുഭൂമികളും, കരിങ്കൽ പാറകളും നിറഞ്ഞതാണ് വൈത്തിരി ഗ്രാമപഞ്ചായത്ത്. തെക്കു പടിഞ്ഞാറ് കോഴിക്കോട് ജില്ലയോടും, വടക്ക് വയനാട് ജില്ലയിലെ പൊഴുതന പഞ്ചായത്തിനോടും കിഴക്ക് കല്പറ്റ മുൻസിപ്പാലിറ്റിയോടും മേപ്പാടി പഞ്ചായത്തിനോടും ചേർന്നു കിടക്കുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിനെ ഭൂപ്രകൃതി അനുസരിച്ച് നാല് മേഖലകളായി വിഭജിക്കാം.

| | | |
|---|---|---|
| 1 | കുന്നിൻ പ്രദേശം | 50% |
| 2 | കുന്നിൻ ചരിവ് | 30% |
| 3 | സമതലം | 12% |
| 4 | വനമേഖല | 8% |

ഭൂവിസ്തൃതിയിൽ 50% വരുന്ന കുന്നിൻ പ്രദേശങ്ങളിൽ തേയില, ഏലം, എന്നിവ കൃഷിചെയ്യുന്നു. 30% വരുന്ന കുന്നിൻ ചരിവിൽ തെങ്ങ്, കാപ്പി, കവുങ്ങ്, കുരുമുളക് എന്നിവയും കൃഷിചെയ്യുന്നു. 12% സമതലപ്രദേശങ്ങളിൽ നെല്ല്, ഇടവിളകളായ വാഴ, ഇഞ്ചി, മരച്ചീനി തുടങ്ങിയവയും സമൃദ്ധമായി വിളവെടുക്കുന്നു. 8% വരുന്ന വനമേഖല നിബിഡ വനങ്ങൾ കൊണ്ട് നിറഞ്ഞതാണ്. പ്രാദേശിക കാലാവസ്ഥയെ ആശ്രയിച്ചുകഴിയുന്ന ഈ മേഖലകളുടെ വന്മരങ്ങൾ മുറിച്ചു നീക്കുന്ന സ്വകാര്യ വ്യക്തികളുടെ നീക്കത്തെ ചെറുത്തു തോല്പിക്കേണ്ട ബാധ്യത പ്രകൃതിസ്നേഹികളായ പൗരന്മാരുടേതാണ്.

## ജലപ്രകൃതി

ഭൂരിഭാഗവും മഴയെ ആശ്രയിച്ചു കഴിയുന്ന കാർഷികരീതിയാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ശരാശരി 12 മി. മീറ്റർ മഴ ലഭിക്കുന്നു. എങ്കിലും ഈ മഴ കൃഷിക്ക് അപര്യാപ്തമാണ്. പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാന പുഴകൾ പശ്ചിമഘട്ടത്തിലെ ചെമ്പ്ര മലയിൽ നിന്നും ഉത്ഭവിച്ച് വൈത്തിരി ഓരങ്ങളിലൂടെ പൊഴുതന പഞ്ചായത്തിലെത്തുന്ന വൈത്തിരിപ്പുഴയും, കബനി നദിയുടെ കൈപുഴകളും ഈ ഗ്രാമപഞ്ചായത്തിന് മാറ്റുകൂട്ടുന്നു. മാത്രമല്ല ഈ പുഴകൾ ഔഷധവീര്യമുള്ളതുമാവുന്നു.

ഈ ജലസ്രോതസ്സ് വിവിധ ഭാഗങ്ങളിൽ ബണ്ട് കെട്ടി നിർത്തി സമതലപ്രദേശങ്ങളിൽ കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുകയാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിൽ കൃഷിക്ക് ഉപയുക്തമാക്കാം. വയൽ പ്രദേശങ്ങളിൽ കുളം കുഴിച്ച് കൃഷിയിടങ്ങളിലേക്ക് തിരിച്ചു വിടുകയാണെങ്കിൽ കൂടുതൽ സ്ഥലത്തേക്ക് വിളവെടുപ്പ് വ്യാപിപ്പിക്കുവാൻ സാധിക്കുന്നതാണ്.

## ജനപ്രകൃതി

1991ലെ കാനേഷ്മാരി കണക്കുപ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 14459 ആകുന്നു. 7202 പുരു

ഷന്മാരും 7257 സ്ത്രീകളുമുണ്ട്. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഏകദേശം 98%ത്തോളം വരുന്നവർ സാക്ഷരരാണ്. അതിൽ 800ഓളം പേരും പ്രൊഫഷണൽ ബിരുദധാരികളും. ബിരുദാനന്തര ബിരുദധാരികൾ 250 പേരും എസ്. എസ്. എൽ. സി പാസായവർ 3000 പേരുമാണ്.

സാങ്കേതിക വിദ്യാഭ്യാസമുള്ളവർ വളരെ കുറവാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തതയാണ് ഇതിന് പ്രധാനകാരണം. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്തവർ 700 പേരുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ വിദ്യാഭ്യാസ നില താരതമ്യേന കുറവാണ്. ഈ പഞ്ചായത്തിൽ 4619 വീടുകൾ നിലവിലുണ്ട്. മൊത്തം ജനസംഖ്യയിൽ 11% 60 വയസ്സ് കഴിഞ്ഞവരാണ്. 18 മുതൽ 60 വയസ്സുവരെയുള്ളവർ 62% വും 18 വയസ്സിനു താഴെയുള്ളവർ 27% ആകുന്നു. കൂടാതെ നല്ലൊരു ശതമാനം വാർദ്ധക്യം ബാധിച്ചവർ ഉണ്ടെങ്കിലും അവർക്ക് സാങ്കേതിക കാരണങ്ങൾകൊണ്ട് ആനുകൂല്യങ്ങളും പരിചരണങ്ങളും ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ഏതാണ്ട് 900 പേർ ഗൾഫിലും മററു യൂറോപ്യൻ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരാണ്. എന്നാലും അവരിൽ നിന്നും കാര്യമായ ഒരു വരുമാനവും പഞ്ചായത്തിനു ലഭിക്കുന്നില്ല. സർക്കാർ മേഖലയിൽ 520 പേർ ജോലിചെയ്യുന്നവരുണ്ട്. 640 പേർ താല്ക്കാലികമായും ജോലി ചെയ്യുന്നു. ഏകദേശം 2000 കുടുംബങ്ങൾ ഈ വരുമാനത്തെ ആശ്രയിച്ച് ജീവിച്ചുവരുന്നു. ഗ്രാമപഞ്ചായത്തിലെ വിവിധ അങ്ങാടികളിലും, കച്ചവട സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർ 205 ഓളം പേരുണ്ട്. ഗ്രാമപഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ഫ്ളോർമിൽ, ഓയിൽമിൽ, ബേക്കറിയൂനിറ്റ് തുടങ്ങിയവയിലൂടെ ഏതാണ്ട് 30 പേർക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നു.

സർക്കാർ മേഖലയിൽ 5% സ്വകാര്യ മേഖലയിൽ 4% കാർഷിക മേഖലയിൽ 15% വും തോട്ടം മേഖലയിൽ 10%വും വാണിജ്യമേഖല, കോറി, ബിൽഡിംഗ് നിർമ്മാണം, ആർട്ടിസാൻ വിഭാഗം, കയററുതൊഴിലാളികൾ 15%വും അസ്ഥിര തൊഴിലാളികൾ 10%വരും സ്വന്തം കൃഷിയിടങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്ന കർഷകരും, കർഷകതൊഴിലാളികളിൽ 16%വും സ്ഥിരമായി ജോലിയുള്ളവർ, ഭാഗികമായി തൊഴിലുള്ളവരും, തൊഴിലില്ലാത്തവരുമായി 34% വരും.

ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം, ഏകദേശം തുല്യ മതസ്ഥരുള്ള ഈ ഗ്രാമപഞ്ചായത്തിൽ മതസൗഹാർദ്ദം ഒരു പ്രത്യേകതയുള്ള മുഖമുദ്രയാണ്. സമുദായാഘോഷങ്ങളും വിവാഹം മുതലായ ചടങ്ങുകളും പരസ്പരം സഹകരിച്ച് നടന്നുപോകുന്നു.

തൊഴിൽ മേഖലയിൽ പുരുഷനോടൊപ്പം സ്ത്രീകളും ജോലിയിലുണ്ട്. തുല്യജോലികൾ ചെയ്യുന്ന സ്ത്രീകൾക്ക് പല മേഖലയിൽ തുല്യവേതനം ലഭിക്കുന്നില്ല.

വിവിധ മതങ്ങളുടെ പള്ളികൾ, അമ്പലങ്ങൾ നാനാ മതസ്ഥരെയും ആകർഷിക്കുന്ന രീതിയിലുള്ള പരിപാടികൾ ഉണ്ടെന്നുള്ളത് ഈ ഗ്രാമീണരുടെ പ്രത്യേകതയാണ്. അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും ജനം പൊതുവെ മോചിതരാണ്. ആധുനിക രീതിയിലുള്ള ചികിത്സാ സമ്പ്രദായം ജനങ്ങളുടെ ഇടയിൽ ശ്രദ്ധേയമാണ്. കൂട്ടുകുടുംബ വ്യവസ്ഥിതിക്ക് ഊന്നൽ നൽകുന്ന ഈ പഞ്ചായത്തിൽ അച്ഛൻ, അമ്മ, ഒന്നോ രണ്ടോ കുട്ടികൾ എന്ന സന്തുഷ്ട കുടുംബമാണ് കൂടുതൽ. എന്നാൽ വെവ്വേറെ താമസിക്കുന്നവരും ഇവിടെ വിരളമല്ല.

| | | |
|---|---|---|
| 1. | ജനസംഖ്യ | 14459 |
| 2. | പുരുഷന്മാർ | 7202 |
| 3. | സ്ത്രീകൾ | 7257 |
| 4. | വീടുകൾ | 4619 |
| 5. | പ്രൊഫഷണൽ ബിരുദം | 800 |
| 6. | ബിരുദാനന്തര ബിരുദം | 250 |
| 7. | എസ്.എസ്.എൽ.സി പാസ്സായവർ | 3000 |
| 8. | എംപ്ലോയ്മെൻറിൽ പേർ രജിസ്റ്റർ ചെയ്തത്. പുരുഷന്മാർ | 450 |
| 9. | സ്ത്രീകൾ | 250 |
| 10. | ഗൾഫിൽ ജോലിയുള്ളവർ | 900 |
| 11. | സർക്കാർ ജോലിയുള്ളവർ | 520 |
| 12. | താൽക്കാലിക ജോലിയുള്ളവർ | 640 |
| 13. | സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിയുള്ളവർ | 30 |
| 14. | മററുള്ളവർ | 2000 |

## മണ്ണ്തരം

47835.6 ഹെക്ടർ വിസ്തീർണ്ണമുള്ള ഭൂപ്രകൃതിയാണ് വൈത്തിരി ഗ്രാമപഞ്ചായത്തിനുള്ളത്. കുന്നത്തിടവക, ചുണ്ടേൽ എന്നീ രണ്ട് വില്ലേജുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിൻെറ മുഴുവൻ ഭൂപ്രദേശത്തിൻെറ 65% വളക്കൂറുള്ള ചുവന്ന മണ്ണാണ്. 10%ത്തോളം ചരൽ നിറഞ്ഞ കറുത്തമണ്ണും 5% ചളിമണ്ണ് നിറഞ്ഞ വയൽ പ്രദേശവുമാണ്. ബാക്കി വരുന്ന 20% പ്രദേശത്ത് 10%ത്തോളം ഉരുളൻ കല്ലുനിറഞ്ഞ പാറക്കെട്ടുകളും 5% കളിമണ്ണു നിറഞ്ഞ ചതുപ്പു നിലങ്ങളും 5% മണൽ നിറഞ്ഞ മണ്ണുമാണ്.

| ഭൂപ്രദേശം സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| നമ്പർ | തരം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം % |
| 1. | മണൽ | 1200 | 2.5 |
| 2. | വെട്ടുകല്ല് | 200 | 0.24 |
| 3. | കരിങ്കൽപാറ | 1314 | 2.75 |
| 4. | തരിശ് | 1000 | 2.09 |
| 5. | കളിമണ്ണ് | 800 | 1.67 |
| 6. | വെട്ടുകല്ല് ഇടയ്ക്ക്പാറ | 600 | 1.25 |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 2 കി. മീ ചുററളവിൽ 3 കരിങ്കൽ ക്വാറികളുണ്ട്. ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളിലൊന്നായ പൂക്കോട് തടാകം വൈത്തിരി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ട പ്രദേശത്താണ്. പ്രകൃതിദത്തമായി ഉണ്ടായിട്ടുള്ള ജലാശയമാണ്. ഇപ്പോൾ പൂക്കോട് വിനോദസഞ്ചാര കേന്ദ്രം എന്ന പേരിൽ പ്രവർത്തിക്കുന്ന ഈ തടാകത്തിന് 3 കി. മീ ചുററളവും 1. കി. മീ ആഴവുമുണ്ട്. കൽപ്പററ, മേപ്പാടി റേഞ്ചുകളുടെ കീഴിൽ 12 കി. മീ ചുററളവിൽ വിവിധ പ്രദേശങ്ങളിലായി വനഭൂമി സ്ഥിതിചെയ്യുന്നു. ഇതിൽ 6 കി. മീ ചുററളവിലുള്ള പ്രദേശത്ത് നിബിഡ വനമാണ്. പഞ്ചായത്തിലെ ഏകദേശം 3 കി. മീ ചുററളവ് പ്രദേശം വലിയ കരിങ്കൽ പാറ നിറഞ്ഞതാണ്. ഏതാണ്ട് 1 കി. മീറ്റർ പ്രദേശം ചരൽ നിറഞ്ഞ മണ്ണും, ഏകദേശം 1 1/2 കി. മീററർ വരുന്ന വിവിധ സ്ഥലങ്ങളിൽ വെട്ടുകല്ല് നിറഞ്ഞ മണ്ണും ആകുന്നു.

മണ്ണിന്റെ വളക്കൂർ ഉപയോഗിച്ച് ഏതാണ്ട് 1900 മുതൽ തന്നെ ബ്രിട്ടീഷ് മേധാവികൾ ചായ ഉൽപ്പാദനത്തിനുവേണ്ടി വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ ഉപയോഗിച്ചിരുന്നുവെന്നതിനുള്ള തെളിവാണ് പഞ്ചായത്തതിർത്തിയിൽ വരുന്ന വിവിധ ചായ എസ്റ്റേറ്റുകൾ.



# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും.

**മഹാത്മാഗാന്ധി.**

ഓരോരുത്തരും അവരവരുടെ നെറ്റി വിയർക്കെ പണിയെടുത്തു ജീവിച്ചെങ്കിൽ ഭൂമിസ്വർഗ്ഗമായി മാറുമായിരുന്നു.

**മഹാത്മാഗന്ധി**

പ്രകൃതി നിയമങ്ങളെ ബോധപൂർവ്വമോ അജ്ഞതകൊണ്ടോ ലംഘിക്കുന്നതിൽ നിന്നാണ് സുഖക്കേടുകൾ ഉണ്ടാകുന്നത്.

**മഹാത്മാഗന്ധി.**



# 5-1

# കൃഷി ജലസേചനം, മണ്ണുസംരക്ഷണം

കാർഷിക രാജ്യമായ ഇന്ത്യയിൽ കാർഷിക മേഖലയിലെ പുരോഗതിയിലൂടെ മാത്രമെ നമ്മുടെ വ്യാവസായിക മേഖലയും മനുഷ്യന്റെ ജീവിത നിലവാരവും മെച്ചപ്പെടുത്താൻ സാധിക്കൂ. കാർഷിക മേഖലയിലുണ്ടായ പൊതുവായ മുരടിപ്പ് നമ്മുടെ പഞ്ചായത്തിനെയും ബാധിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ഏകവിളയെ മാത്രം ആശ്രയിക്കുന്നു എന്നതായിരുന്നു നമ്മുടെ ശീലം, അതുകൊണ്ടു തന്നെ വിളറിൽ വരുന്ന നാശങ്ങൾ, വിലയിലെ വ്യതിയാനങ്ങൾ എന്നിവ കർഷകരെ മനം മടുപ്പിക്കുന്ന അവസ്ഥ നിലനിന്നിരുന്നു. ഈ അവസ്ഥക്ക് പ്രകടമായ മാറ്റം കണ്ടു തുടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ ഇടത്തരം കർഷകന്റെ ജീവിത രീതികളിൽ പുരോഗതി വന്നിട്ടുണ്ട്. ഇനിയും വ്യത്യസ്ത കൃഷി രീതികളെ സംബന്ധിച്ച അവബോധം വളർത്തിയെടുക്കുകയും സാധ്യതകളൊരുക്കുകയും ചെയ്താൽ നമ്മുടെ കാർഷിക മേഖലയിലെ വികസനം നമ്മുടെ ആഗ്രഹത്തിനനുസരിച്ച് ഉയർത്താൻ കഴിയും.

കുന്നത്തിടവക, ചുണ്ടേൽ എന്നീ രണ്ടുവില്ലേജുകൾ ഉൾപ്പെട്ടെ വൈത്തിരി ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ കണക്കുപ്രകാരം 60 ഹെക്ടർ നിലം. 4662 ഹെക്ടർ പുരയിടം 35 ഹെക്ടർ കൃഷിയോഗ്യതരിശ് 144 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശ് എന്നീക്രമത്തിലാണ്. ഒരു ഹെക്ടർ താഴെ നാമമാത്ര കർഷകർ 1850 ഒരു ഹെക്ടറിൽ കൂടുതലും 2 ഹെക്ടറിൽ കുറവുമായ ചെറുകിട കർഷകർ 885. വൻകിട കർഷകർ 143 ഉൾപ്പെട്ട കുടുംബങ്ങളാണ് ഇവിടെ.

മുഖ്യകാർഷികവിള കാപ്പിയാണ്. എങ്കിലും കൂടുതൽ ഭൂമിയിൽ കൃഷിചെയ്യുന്നത് തേയിലയാണ്. ഈ കൃഷി നടത്തുന്നത് വൻകിട കമ്പനികൾ ആണ്. മറിച്ച് കാപ്പി കൃഷി കർഷകർ മാത്രമാണ് ചെയ്യുന്നത്. ഇത് 30%ത്തോളം വരും. തെങ്ങ്, കുരുമുളക്, റബ്ബർ കൊക്കൊ, ഏലം എന്നിവയും. ഇപ്പോൾ നെൽവയലുകളിൽ വാഴകൃഷിയുമുണ്ട്.

പഞ്ചായത്തിലെ പഠന പര്യടന പരിപാടിയിൽ മനസ്സിലാക്കിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു. കുന്നിൻ പ്രദേശങ്ങൾ മണ്ണൊലിപ്പു ഭീഷണിയിലാണ്. മരങ്ങൾ തിങ്ങിനിറഞ്ഞ കാടുകൾ നാമാവശേഷമായികൊണ്ടിരിക്കുന്നു. കുന്നിൻ പ്രദേശങ്ങളിൽ പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്നു. ഒരു കാലത്ത് മലബാറിൽ ഏറ്റവും തണുപ്പുണ്ടായിരുന്ന പ്രദേശമായ വൈത്തിരി കാലാവസ്ഥയിലുണ്ടായ മാറ്റങ്ങൾ കൃഷിയെയും ബാധിച്ചിട്ടുണ്ട്. ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. കർഷകരോടുള്ള സർക്കാരുകളുടെ സമീപനത്തിൽ കർഷകർ പൊതുവെ സംതൃപ്തരല്ല. ഗ്രാമപഞ്ചായത്തിലെ കൃഷിഭവൻ പ്രവർത്തിക്കുന്നത് പഴയ വൈത്തിരിയിലാണ്. സ്വന്തമായ കെട്ടിടം, വേണ്ടത്ര ഉദ്യോഗസ്ഥന്മാർ, ആവശ്യമായ വാഹനം എന്നിവ ഇപ്പോഴില്ല. ഇവയുടെ അഭാവം നിലനിൽക്കുന്നതുകൊണ്ട് കൃഷിഭവന്റെ യഥാർത്ഥ പ്രയോജനം കർഷകർക്ക് ലഭിക്കുന്നില്ല.

### മുഖ്യകാർഷികവിളകൾ

**1. തേയില:** പഞ്ചായത്തിലെ ഏതാണ്ട് 40 ശതമാനത്തോളം കൃഷി തേയിലയാണ്. പക്ഷേ ഇത് വാണിജ്യ ആവശ്യത്തിനായി മാത്രമാണ്. കൃഷി ചെയ്യുന്നത് ഹാരിസൺ മലയാളം പ്ലാന്റേഷൻ, ചേലോട് എസ്റ്റേറ്റ് വൈത്തിരി പ്ലാന്റേഷൻ, വേങ്ങക്കോട്ട എസ്റ്റെയിറ്റ് എന്നീ നാലു കമ്പനി

കളുടെ കൈവശത്തിലും നാമമാത്രമായി ചില വ്യക്തി കളും കൃഷി ചെയ്യുന്നു. തോട്ടം തൊഴിലാളികൾ 80% വും ഈ കമ്പനിയുമായി ബന്ധപ്പെട്ടു ജീവിക്കുന്നു.

**2. കാപ്പി:** 30% ത്തോളം കാപ്പി കൃഷിയുണ്ട്. സാധാരണക്കാരുടെ വരുമാന മാർഗം കാപ്പികൃഷിയിലൂടെയാണ്. എന്നാൽ കാപ്പികൃഷി ഇന്നു സങ്കീർണ പ്രശ്നങ്ങളെ നേരിടുന്നു. ഉൽപാദനക്ഷമത നേർപകുതിയായി കുറയുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. കാലാവസ്ഥയിൽ ഉണ്ടായ മാറ്റങ്ങൾ, വളക്കൂറു നഷ്ടപ്പെടുന്ന മണ്ണ്, ചെടികളുടെ പ്രായക്കൂടുതൽ എന്നിവ ഇതിനു കാരണമാണ്. വിളവെടുപ്പു സമയത്ത് വിപണിയിലുണ്ടാവുന്ന വിലക്കുറവ് കർഷകരെ പ്രതിസന്ധിയിലാക്കുന്നു. ഈ സാഹചര്യത്തിൽ കർഷകരെ സഹായിക്കാൻ സഹകരണമേഖലയിൽ വിപണന സംസ്കരണ ശാലകൾ സ്ഥാപിക്കാവുന്നതാണ്. ഉൽപാദനക്ഷമത കൂടിയ പുതിയ ഇനം ചെടികൾ കർഷകർക്കെത്തിക്കണം.

**3. കുരുമുളക്** സുഗന്ധ വ്യഞ്ജനങ്ങളുടെ രാജാവാണ് കുരുമുളക്. വിദേശനാണ്യം ഏറ്റവും കൂടുതൽ ലഭിക്കുന്ന കുരുമുളക് 500 ഹെക്ടറോളം സ്ഥലത്ത് ഇട വിളയായി കൃഷിചെയ്യുന്നുണ്ടെങ്കിലും, ദ്രുതവാട്ട രോഗം മൂലം വ്യാപകമായി നശിച്ചുകൊണ്ടിരിക്കുന്നു. ഇത് ഫലപ്രദമായി തടയാൻ കഴിയുന്നില്ല. അനുയോജ്യമല്ലാത്ത കാലാവസ്ഥാ ക്രമം രോഗത്തിന് വേഗത കൂട്ടുന്നു. കേടുവന്ന വള്ളിമാറ്റിരോഗപ്രതിരോധ മാർഗങ്ങൾ അവലംബിച്ച് പുതിയ ഇനം രോഗപ്രതിരോധ ശേഷിയുള്ളവ നട്ടുപിടിപ്പിച്ച് ഉത്പാദനം കൂട്ടാൻ ആവശ്യമായ നിർദ്ദേശങ്ങളും ലഭ്യമാക്കണം.

**തെങ്ങ്:** ആദ്യകാലങ്ങളിൽ തെങ്ങ് വളരെ കുറവായിരുന്നു. എങ്കിലും ഇപ്പോൾ 35 ഹെക്ടറോളം സ്ഥലത്ത് തെങ്ങുകൃഷി നടത്തുന്നുണ്ട്. മണ്ടയടപ്പ്, മഹാളി എന്നിവ ചിലഭാഗങ്ങളിൽ ഉണ്ട്. അവ മുറിച്ചു മാറ്റുന്നതിന് അന്യജില്ലകളിൽ നൽകിവരുന്ന ആനുകൂല്യം നൽകേണ്ടതാണ്.

**കവുങ്ങ്:** 30 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിഉണ്ട്. അടയ്ക്കക്കുണ്ടായ വിലവർദ്ധനവ് കവുങ്ങ് കൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നുണ്ട്. മഹാളി രോഗത്താൽ ഉത്പാദനം കുറയുന്നുണ്ട്. സമയാസമയങ്ങളിൽ മരുന്നു തളിക്കാൻ സംവിധാനം ഉണ്ടാക്കണം. സൗജന്യ നിരക്കിൽ കീടനാശിനികൾ ലഭ്യമാക്കണം. സൗകര്യമുള്ള സ്ഥലത്ത് പുതുതായി കൃഷി തുടങ്ങാൻ സംവിധാനമുണ്ടാക്കണം.

**ഏലം:** പൂഞ്ചോല തുടങ്ങിയ മലപ്രദേശങ്ങളിലും പുരുക്കം ചില കർഷകർ ഇടവിളയായും ഏലം കൃഷിചെയ്തു വരുന്നുണ്ട്. സംസ്കരിക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ ചെറുകിട കർഷകർ കാര്യക്ഷമമായി കൃഷിചെയ്യുന്നില്ല. ചെറുകിട കർഷകർക്കായി ഏലം ഉണക്കാനുള്ള സംവിധാനം കർഷകരെ സംഘടിപ്പിച്ച് ഉണ്ടാക്കിയെടുക്കണം.

**പച്ചക്കറി:** 6 ഹെക്ടറോളം വരുന്ന ഭാഗത്ത് മാത്രമെ പച്ചക്കറി കൃഷിയുള്ളു. മൊത്തം ഉപയോഗത്തിന്റെ കുറഞ്ഞ ശതമാനമെ ഇതു വരികയുള്ളൂ. അടുക്കളതോട്ടങ്ങൾ, നെൽകൃഷി കഴിഞ്ഞ വയലുകൾ, വാഴ തുടങ്ങിയ കൃഷിയുടെ ഇടവിളയായി വ്യാപകമായി പച്ചക്കറി കൃഷി ചെയ്യാവുന്നതാണ്. ഇതിനാവശ്യമായ വിത്തുകൾ, കീടനാശിനി, വളം എന്നിവയും കൃഷിക്കുള്ള മാർഗനിർദ്ദേശങ്ങളും വേണ്ട രീതിയിൽ ലഭിച്ചാൽ ശീതകാല പച്ചക്കറികൾ ഉൾപ്പെട്ട എല്ലായിനം പച്ചക്കറികളും നമുക്കു വളർത്താൻ കഴിയും.

പൂകൃഷി, ഔഷധച്ചെടികളുടെ കൃഷി ഓർക്കിഡ്-ആന്തൂറിയം കൃഷികൾ എന്നിവക്കും പ്രോത്സാഹനം നൽകിയാൽ വിജയിക്കാൻ ഏറെ സാധ്യതകൾ ഉണ്ട്.

## ജലസേചനം

വൈത്തിരി ഗ്രാമപഞ്ചായത്തിലെ കാർഷിക ജലസേചനത്തെക്കുറിച്ച് പഞ്ചായത്ത് കാര്യാലയം, വില്ലേജ് ഓഫീസ്, കൃഷിഭവൻ, ഇറിഗേഷൻ ഓഫീസ് എന്നിവയിൽ നിന്നും ലഭിച്ച വിവരങ്ങൾ പരിശോധിക്കുമ്പോൾ മനസിലാവുന്ന വസ്തുത കൃഷി പ്രധാനമായും മഴ ആശ്രയിച്ചാണ്. ജലസേചന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. ജലസേചനത്തിനു ഉപയോഗപ്പെടുത്തേണ്ട പൊതുജലസേചന കിണറുകൾ, കുഴൽ കിണറുകൾ, തടയണകൾ എന്നിവ ഒരു വാർഡിലും ഇല്ല.

**കുളങ്ങളുടെ എണ്ണം**

| വാർഡ് | കുളങ്ങളുടെ എണ്ണം |
|---|---|
| 1 | 4 |
| 2 | 2 |
| 3 | 2 |
| 4 | 6 |
| 5 | 1 |
| 6 | 6 |
| 7 | 4 |
| 8 | 2 |

### മണ്ണൊലിപ്പ്

പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പനുസരിച്ച് ഏറ്റവും കൂടുതൽ മണ്ണൊലിപ്പിനുള്ള സാധ്യതയാണുള്ളത്. അടിക്കാടുകൾ നശിപ്പിച്ച് കൃഷിയിറക്കുന്നതും വ്യാപകമായ

വന നശീകരണവും മണ്ണൊലിപ്പിനു കാരണമാകുന്നു. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പുഴയോരങ്ങളിലും തോട്ടു വക്കിലും ഈറ്റ, കൈത, മുള എന്നിവ നട്ടു വളർത്തുക.

**പൊതുനിർദ്ദേശങ്ങൾ**

1. കൊല്ലം തോറും നശിക്കുന്ന കാർഷികവിളകൾക്ക് വിള ഇൻഷുറൻസ് സംവിധാനം ഏർപ്പെടുത്തണം.
2. നഷ്ടം സംഭവിക്കുന്ന വിളകൾക്ക് യഥാർത്ഥത്തിൽ തുല്യമായ സംഖ്യ നഷ്ടപരിഹാരം നൽകണം.
3. കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ കൃഷിക്കാർക്ക് നിർദ്ദേശങ്ങൾ നൽകാൻ ശ്രദ്ധിക്കണം. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇതൊരു പരിധി വരെ സഹായിക്കും.
4. ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തി കാർഷികരംഗത്തെ പുത്തൻ അറിവുകൾ കൃഷിക്കാർക്കെത്തിച്ചുകൊടുക്കണം.
5. ഗ്രൂപ്പ് ഫാമിങ്, ജോയിൻറ് കലക്ടീവ് ഫാമിംഗ്. എന്നിവ പ്രോത്സാഹിപ്പിക്കുക.
6. മണ്ണു പരിശോധന നടത്തി വളപ്രയോഗങ്ങളെപ്പറ്റി അറിവു നൽകണം.
7. തോടുകൾ, കുളങ്ങൾ എന്നിവ കർഷകരുടെ സഹായത്തോടെ നിർമ്മിച്ച് സംരക്ഷിക്കുക.
8. പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കാൻ നല്ലയിനം വിത്തുകൾ നൽകുകയും സഹകരണ അടിസ്ഥാനത്തിൽ പച്ചക്കറികൃഷി എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുകയും ചെയ്യുക.
9. മണ്ണിൻെറ ജൈവ സാന്നിദ്ധ്യം നിലനിർത്തുന്നതിന് ജൈവ വള പ്രയോഗം പ്രോത്സാഹിപ്പിക്കുക.
10. കിട്ടാവുന്ന ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിക്കുക. കച്ചോലം, മഞ്ഞൾ തുടങ്ങിയവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷിചെയ്യുക.
11. കീടനാശിനികൾ ശരിയായ അളവിലോ സുരക്ഷാ സംവിധാനത്തോടെയോ അല്ല ഉപയോഗിക്കുന്നത്. അപകടകരമായ ഈ രീതി നിയന്ത്രിക്കുക. ജൈവ കീട നിയന്ത്രണത്തെപ്പറ്റി അവബോധം ഉണ്ടാക്കുക.
12. വളങ്ങൾ കുറഞ്ഞ വിലക്ക് കർഷകന് നൽകാൻ സംവിധാനമുണ്ടാക്കണം.
13. ജലസേചനസൗകര്യം വർധിപ്പിക്കുക. മഴയെമാത്രം ആശ്രയിച്ച കൃഷി ചെയ്യുന്ന സമ്പ്രദായത്തിനുമാറ്റം വരുത്തുക.
14. പൊതുവിപണി പ്രധാന ഉൽപ്പന്നങ്ങളായ കാപ്പി, ഇഞ്ചി. നേന്ത്രക്കുല മുതലായ ഉത്പന്നങ്ങൾക്ക് പഞ്ചായത്ത് തലത്തിൽ വിപണന സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങണം. ഇടത്തട്ടുകാരെ ഒഴിവാക്കികൊണ്ട് സഹകരണാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്. തോടുകളുടെയും പുഴകളുടെയും വശങ്ങളിൽ കല്ല്കെട്ടി കൃഷിയിടങ്ങൾ സംരക്ഷിക്കുക.
15. നഴ്സറി ആരംഭിച്ച് അത്യുൽപാദന ശേഷിയുള്ള തൈകൾ ഉത്പാദിക്കുന്നതോടൊപ്പം തൊഴിൽ അവസരങ്ങളും ഉണ്ടാവും.
16. എല്ലാ വാർഡുകളിലും കൃഷി സ്ഥലങ്ങളിലെ മണ്ണൊലിപ്പ് തടയാൻ കയ്യാല കെട്ടുകയും. ആദിവാസി കോളനികളിലെ വീടുകൾക്ക് ഭീഷണിയായ മണ്ണൊലിപ്പ് തടയുന്നതിന് കല്ല് കെട്ടി സുരക്ഷിതമാക്കുകയും ചെയ്യുക.

| വിള | വിസ്തീർണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് ഒന്നാം വിള | 60 എച്ച്. ആർ. | 180 എം. ടി | 3000/എച്ച്.ആർ |
| നെല്ല് രണ്ടാം വിള | 30 എച്ച്. ആർ. | 120 എം. ടി | 3500/ എച്ച്. ആർ. |
| നെല്ല് മൂന്നാം വിള | ഇല്ല | - | - |
| പയർ | 15 എച്ച്.ആർ | 75 എം. ടി | 20/ എച്ച്.ആർ |
| എള്ള് | ഇല്ല | - | - |
| പച്ചക്കറികൾ | 6 എച്ച്. ആർ. | 45 എം. ടി | 30 കെ.ജി/ |
| തെങ്ങ് | 35 എച്ച്. ആർ | 165000 നോസ് | 30 നോസ് |
| വാഴ | 75 എച്ച്. ആർ. | 1125 എം.ടി | 6 കെ .ജി |
| മരച്ചിനി | 18 എച്ച്. ആർ. | 540 എം. ടി | 30 എം.ടി/ |
| കുരുമുളക് | 500 എച്ച്.ആർ | 1000 എം. ടി | 2 കെ. |
| പ്ലാവ് | 10 | 20 എം. ടി | 200 കെ. |

| | | | |
|---|---|---|---|
| കശുമാവ് | ഇല്ല | - | - |
| മാവ് | 18 | 10 എം. ടി | 100 കെ. ജി |
| റബ്ബർ | 12 എച്ച്.ആർ. | 35 എം. ടി | 3 എം.ടി |
| കവുങ്ങ് | 30 ഹെ്ക്ട് | 120 എം. ടി | 4 കെ. ജി/ |

**പൊതുനിർദ്ദേശങ്ങൾ (തുടർച്ച)**

17. പൈനാപ്പിൾ കൃഷി വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുക.
18. കാർഷിക ഉപകരണവിതരണകേന്ദ്രങ്ങൾ ആരംഭിക്കുക.
19. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നി കുരങ്ങ് എന്നിവയുടെ ഉപദ്രവത്തിൽ നിന്നും സംരക്ഷണം നൽകുക.
20. എസ്റ്റേറ്റു ഉടമകളുടെയും സർക്കാറിന്റെയും കീഴിലുള്ള തരിശു ഭൂമി പാട്ടത്തിനു നൽകുക.
21. കൃഷിഭവൻ നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും പഞ്ചായത്തു മുഖേന നൽകാനും, ആനുകൂല്യങ്ങളുടെ വിവരങ്ങൾ വാർഡു തലത്തിൽ അറിയിക്കാനും സംവിധാനമുണ്ടാക്കുക.

**ജലസേചനം വാർഡുകളിൽ ആവശ്യമായത്**

1. ശ്രീപുരം. ചെമ്പട്ടി പ്രദേശത്ത് 12 ഏക്രയോളം വയലിൽ കൃഷിക്കായി കുളം കുഴിക്കണം.
2. പഴയ റൈത്തിരി പുഴയോട് ചേർന്ന ഭാഗത്തുള്ള 51 ഏക്കർ വയലിൽ വെള്ളമെത്തിക്കാൻ പുഴയിൽ ബണ്ട് കെട്ടി പമ്പുചെയ്യണം.
3. 6ാം വാർഡിൽ 10 ഏക്കർ വയലിൽ കുളം കുഴിച്ച് പമ്പു ചെയ്ത് കൃഷിക്ക് ഉപയോഗിക്കാം.
4. 8ാം വാർഡിൽ പുഴയിൽ ബണ്ടുകെട്ടി വെള്ളം പമ്പു ചെയ്ത് കൃഷിക്ക് ഉപയോഗിക്കാം.
5. 5ാം വാർഡിൽ 12ാം പാലത്ത് കിണർ കുഴിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

❖



# 5-2

# മൃഗസംരക്ഷണം മത്സ്യബന്ധനം

## മൃഗസംരക്ഷണം

ദൈനംദിന വരുമാനത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണമേഖല. തൊഴിലുള്ളവർക്ക് ഒരു ഉപതൊഴിലായും തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിലായും ഉപയോഗിക്കാവുന്ന ഒരു മേഖലയാണ്. മുട്ട,പാൽ മാസം തുടങ്ങിയ പോഷക പ്രധാനങ്ങളും അവശ്യം വേണ്ടതുമായ ആഹാരം ഇതുവഴി ലഭ്യമാവുന്നു. കൃഷിക്ക് ആവശ്യമായ ജൈവവള ലഭ്യതയും പാചക ആവശ്യങ്ങൾക്കായുള്ള ബയോഗ്യാസ് നിർമ്മാണവും മൃഗസംരക്ഷണത്തിലൂടെ നമുക്ക് സാധ്യമാവുന്നു. മാംസ സംസ്കരണം, വിപണനം, എന്നിവയിലൂടെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കും. പശു എരുമ, കാള, ആട്, പന്നി എന്നീ മൃഗങ്ങളെ ആണ് പ്രധാനമായും ജനങ്ങൾ വളർത്തുന്നത്. വളർത്തു പക്ഷികളിൽ കോഴിയും, താറാവും പ്രധാനപ്പെട്ടവയാണ്. വൈത്തിരിയിൽ സ്ഥിതി ചെയ്യുന്ന മൃഗാശുപത്രിയും, ചുണ്ടയിലെ സബ് സെൻററും ആണ് പഞ്ചായത്തിലെ മൃഗ പരിപാലന കേന്ദ്രങ്ങൾ. ഈ പഞ്ചായത്തിലെ സാധാരണക്കാരൻെറ ഏറ്റവും വലിയ വരുമാന മാർഗ്ഗം പശു പരിപാലനത്തിലൂടെ ലഭിക്കുന്ന 'പാൽ' ആണ്. എന്നാൽ മൃഗപരിപാലനത്തിന് വേണ്ടത്ര പ്രോത്സാഹനവും, സഹായവും ലഭിക്കുന്നില്ല. മലമ്പ്രദേശമായതിനാൽ ഈ കർഷകർ 40% ത്തോളം കാലികൾക്ക് തീറ്റയായി നൽകുന്നത് പുല്ലാണ്. തീറ്റപ്പുൽകൃഷിയ്ക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതിനാൽ വരൾച്ചാകാലഘട്ടത്തിൽ കാലി കർഷകർ വിഷമത്തിലാവുകയാണ്. കൊല്ലുന്ന വിലകൊടുത്തുകൊണ്ട് കാലിത്തീറ്റകൾ വാങ്ങുവാൻ വേണ്ട സാമ്പത്തിക ശേഷി ഇക്കൂട്ടരിൽ ഇല്ലാത്തതിനാൽ മൃഗങ്ങളെ ഒന്നടങ്കം വിൽക്കുകയേ നിവൃത്തിയുള്ളൂ. അത്യുൽപാദനശേഷിയുള്ള പശുക്കൾ നാമമാത്രമാണ്. പാൽ സംസ്കരണവും വിപണനവുമായി ബന്ധപ്പെട്ട് വളരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന പൂക്കോട് ഡയറി പ്രൊജക്ട് സ്തംഭനാവസ്ഥയിലാണ്. അത് തുറന്ന് പ്രവർത്തിച്ചാൽ ഈ രംഗം വളരെയധികം ഉയർച്ചയിലെത്തും എന്നുള്ള കാര്യത്തിൽ സംശയമില്ല. മൃഗാശുപത്രി വഴി പേ വിഷനിർമ്മാർജ്ജന പദ്ധതി, കാലി രോഗ വിമുക്ത പദ്ധതി, ബീജസങ്കലന പദ്ധതി എന്നിവ നടപ്പാക്കിയിട്ടുണ്ട്. നെൽകൃഷി കുറഞ്ഞതും, കാർഷിക രംഗത്ത് യന്ത്രവത്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമായി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ ഈ പഞ്ചായത്തിൽ വണ്ടിക്കാളകളുടെ എണ്ണം കുത്തനെ കുറഞ്ഞു. കാലത്തിൻെറ കുത്തൊഴുക്കിൽപ്പെട്ട് കാളവണ്ടികളും, കുതിരവണ്ടികളും

ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി. വൈത്തിരി ഗ്രാമപഞ്ചായത്തിലെ പഴയ വൈത്തിരി കേന്ദ്രീകരിച്ച് ഒരു മിൽക്ക് സൊസൈറ്റി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. എങ്കിലും വാർഡുതലങ്ങളിൽ കൂടുതൽ പാൽ സംഭരണകേന്ദ്രങ്ങൾ തുടങ്ങുകയാണെങ്കിൽ ക്ഷീര വ്യവസായം ഒരു വലിയ തൊഴിൽ മേഖലയാക്കി മാറ്റുവാൻ സാധിക്കും. കാലിത്തീറ്റകളുടെ വില കൂടുന്നതും വൈക്കോലിന്റെയും പുല്ലിന്റെയും ദൌർലഭ്യവും ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ മേഖലയുടെ വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്. കോഴിവസന്ത കോഴികളുടെ വംശനാശത്തിനൊരു ഭീഷണിയാണെങ്കിലും ഇറച്ചിക്കോഴികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും സുലഭമായി വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ വിവിധ ടൗണുകളിൽ ലഭ്യമാണ്. വളരെ താഴ്ന്ന വിലയ്ക്ക് കോഴി ഇറച്ചിയും, കോഴിമുട്ടയും ഇന്ന് മാർക്കറ്റിൽ ലഭ്യമാവുമ്പോൾ നമ്മുടെ കോഴികൾക്കും, കോഴിമുട്ടയ്ക്കും വിലയിടിവ് സംഭവിക്കുന്നതിനാൽ പഞ്ചായത്തിലെ നിവാസികൾ ഇതിനു തുനിയുന്നില്ല എന്നതാണ് സത്യം. മുമ്പ് ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന കോഴിഫാം പൂട്ടിയിടേണ്ട സാഹചര്യത്തിലെത്തിയത് ഒരു പരിധിവരെ ഇക്കാരണങ്ങൾ കൊണ്ടുതന്നെയാണ്.

ഗ്രാമത്തിന്റെ പല സ്ഥലങ്ങളിലും പന്നി വളർത്തു കേന്ദ്രങ്ങൾ ഉണ്ട്. താറാവുകളെ ഒറ്റപ്പെട്ടു മാത്രമേ കാണുന്നുള്ളു. കൃഷിയായി ആരും തന്നെ താറാവുകളെ വളർത്തുന്നില്ല. വീടുകളിൽ കൗതുകത്തിനു മാത്രമേ മുയൽ വളർത്തലുള്ളു. എരുമ വളർത്തൽ മുമ്പ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തുലോം കുറവാണ്.

## കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

1. കാലിത്തീറ്റ വില വർദ്ധനവ്.
2. തീറ്റ പുല്ലിന്റെ ദൗർലഭ്യം
3. മൃഗങ്ങളിലെ രോഗം
4. ക്ഷീര ഉത്പന്നങ്ങളുടെ വിപണന സൗകര്യങ്ങളുടെ അപര്യാപ്തത
5. പേപ്പട്ടിശല്യം
6. ഇൻഷുറൻസ് സംബന്ധിച്ച് കർഷകരിൽ ഉണ്ടാക്കേണ്ട ബോധവൽക്കരണത്തിന്റെ കുറവ്.
7. മൃഗപരിപാലനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുള്ള വിദഗ്ധോപദേശത്തിന്റെ കുറവ്.
8. മൃഗപരിപാലന കേന്ദ്രങ്ങളിലെ വെറ്ററിനറി വിദഗ്ധരുടെ കുറവ്.

## ചില പരിഹാരങ്ങൾ.

1. പൂക്കോട് ഡയറി പ്രൊജക്റ്റിന്റെ കീഴിൽ ഒരുകാലിത്തീറ്റ ഫാക്ടറി ആരംഭിച്ച് പഞ്ചായത്ത് അതിർത്തിയിലെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുക.
2. തരിശുഭൂമികളിൽ തീറ്റപ്പുല്ല് കൃഷി ആരംഭിക്കുക.
3. മൃഗചികിത്സക്ക് ഓരോ വാർഡുകളിലും ആഴ്ചയിൽ ഒരു തവണയെങ്കിലും വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നത് നന്നായിരിക്കും.
4. ക്ഷീര വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക.
5. പേ വിഷബാധയ്ക്കെതിരെ കുത്തിവെയ്പ് നടത്തുക. വളർത്തു നായ്ക്കൾക്ക് ലൈസൻസ് എടുക്കുക.
6. മുയൽ, താറാവ്, പന്നി ഇവ വളർത്തുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകുക.
7. എല്ലാ മൃഗങ്ങളേയും ഇൻഷ്വർ ചെയ്യുക.
8. ക്ഷീര കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

## നിർദ്ദേശങ്ങൾ

1. പാലിന്റെ വില വർദ്ധിപ്പിച്ച് കൃഷിക്കാരെ സഹായിക്കുക
2. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന എരുമ വളർത്തലിന് പ്രോത്സാഹനം നൽകുക.
3. മുമ്പ് നിലവിലുണ്ടായിരുന്ന പൂക്കോട് ഡയറി പ്രോജക്ട് പ്രവർത്തനം പുനരാരംഭിക്കുക. കൂടാതെ മിനി ഡയറി പ്രൊജക്ട്, പാൽ ശീതികരണ കേന്ദ്രം എന്നിവ ആരംഭിക്കുക.
4. കാലിത്തീറ്റ കോമ്പൌണ്ടിംഗ് മില്ല് സ്ഥാപിക്കുക.
5. പന്നി, മുയൽ കോഴി എന്നിവ വളർത്തുന്നതിന് വേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുക.
6. പഞ്ചായത്തിലെ ഒരേക്കർ താഴെയുള്ള എല്ലാകുടുംബങ്ങൾക്കും രണ്ട് ആടും 10 കോഴികളും സബ്സിഡി നിരക്കിൽ വിതരണം ചെയ്ത് പഞ്ചായത്ത് ഒരു ഗോട്ട് വില്ലേജായി പ്രഖ്യാപിക്കുക.
7. മൃഗാശുപത്രിയിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും താമസിക്കുന്നതിന് ക്വാർട്ടേഴ്സും, ഫോണും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. പഞ്ചായത്തിന് ഒരു സ്ലോട്ടർ ഹൗസ്, ഇറച്ചി കാനിംഗ്, ബൈപ്രൊജക്ട് എന്നിവ തുടങ്ങുക.
9. മുയൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം അനുബന്ധ വ്യവസായമായ രോമകുപ്പായ നിർമ്മാണത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുക.

**വളർത്തുമൃഗങ്ങളും പക്ഷികളും**

| വാർഡ് നമ്പർ | മൃഗങ്ങളുടെ ഇനം | | | | | പക്ഷികളുടെ ഇനം | |
|---|---|---|---|---|---|---|---|
| | പശു | എരുമ | കാള | പോത്ത് | ആട് | കോഴി | താറാവ് |
| 1 | 550 | 15 | 150 | 5 | 100 | 1050 | 25 |
| 2 | 325 | 10 | 125 | 2 | 75 | 500 | 45 |
| 3 | 295 | 7 | 35 | 1 | 100 | 250 | 25 |
| 4 | 295 | 10 | 25 | - | 50 | 500 | 12 |
| 5 | 320 | 10 | 25 | 1 | 125 | 375 | 40 |
| 6 | 237 | 2 | 15 | - | 100 | 250 | 15 |
| 7 | 207 | 15 | 10 | 2 | 175 | 750 | 5 |
| 8 | 260 | 4 | 30 | - | 150 | 1179 | 40 |

# മത്സ്യബന്ധനം

മത്സ്യകൃഷി തൊഴിലായി സ്വീകരിച്ചവർ ഈ ഗ്രാമപഞ്ചായത്തിൽ ഇല്ല. നാല് സ്വകാര്യകുളങ്ങളിൽ മത്സ്യം വളർത്തുന്നുണ്ട്. പുതുമഴ സമയങ്ങളിൽ പുഴകളിൽ നിന്നും മത്സ്യം പിടിക്കുന്നത് ഗ്രാമീണരുടെ ഒരു മുഖ്യവിനോദമാണ്. തോടുകളിലും പുഴകളിലും വിഷം കലർത്തിയും തോട്ടപൊട്ടിച്ചും മത്സ്യം പിടിയ്ക്കുന്നതുകൊണ്ട് ധാരാളം മത്സ്യങ്ങൾ നശിച്ചുപോകുന്നു.

### ചില നിർദ്ദേശങ്ങൾ

1. ടൂറിസ്റ്റ് കേന്ദ്രമായ പൂക്കോട് തടാകത്തിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് ഫിഷറീസ് ഡിപ്പാർട്ട്മെൻറിനോട് നിർദ്ദേശിക്കുക.
2. സ്വകാര്യ വ്യക്തികളുടെ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിന് മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അതിനുവേണ്ടവിദഗ്ധോപദേശം നൽകുകയും ചെയ്യുക.
3. ഫിഷറീസിൻെറ സ്ഥലത്ത് മീൻ വളർത്തൽ വ്യവസായം തുടങ്ങുക.

# 5-3
# വ്യവസായം

വ്യവസായ മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് വൈത്തിരി ഗ്രാമപഞ്ചായത്ത്. വ്യാവസായികമായി ഉയരാൻ സാധ്യതയുള്ള ഈ പഞ്ചായത്തിൽ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഇല്ലായ്മയുണ്ട്. ഇവിടെ നേരത്തെ പ്രവർത്തിച്ചിരുന്ന സുഷി ടയർ കമ്പനി കത്തി നശിക്കുകയും ഇപ്പോൾ പ്രവർത്തന രഹിതമായിരിക്കുകയുമാണ്. നല്ല മേന്മയുള്ള ബിസ്ക്കറ്റ്, ബ്രഡ് വരെ ഉൽപന്നങ്ങൾ സംസ്ഥാനത്തിലെ നാനാഭാഗങ്ങളിലേക്കും ഡിപ്പർ എന്ന കമ്പനിയിൽ നിന്നും അയച്ചിരുന്നു. എന്നാൽ ടി. കമ്പനി ഇപ്പോൾ പ്രവർത്തനമില്ല. കമ്പനി പ്രവർത്തനമാരംഭിച്ചാൽ മേൽ വിവരിച്ച നിലയിൽ തന്നെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലേക്ക് ഉൽപന്നങ്ങൾ വിതരണം നടത്താവുന്നതുമാണ്.

ഇന്ത്യയുടെ വിവിധഭാഗത്തേക്കും സൂര്യകാന്തി ഭക്ഷ്യ എണ്ണ വൈത്തിരിയിലുള്ള വികോൾ എന്ന ഫാക്ടറിയിൽ നിന്നും കയറ്റി അയച്ചിരുന്നു. എന്നാൽ പ്രസ്തുത ഫാക്ടറി അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനാൽ ഭാഗികമായി മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

പഞ്ചായത്തിൽ ദിനം പ്രതി ആയിരക്കണക്കിന് കോഴി കുഞ്ഞുങ്ങളെ ഉൽപാദനം നടത്തികൊണ്ടിരുന്ന വയനാട് ബ്രീഡ്സ് ഇപ്പോൾ അതിന്റെ സ്ഥാനത്ത് ഒരു വൻകിട ഹോട്ടൽ (സൂര്യനെല്ലി റിസോർട്ട്) ആണ് പ്രവർത്തിച്ചു വരുന്നത്.

ചെറുതും വലുതുമായ ധാരാളം ചെറുകിട വ്യവസായ കേന്ദ്രങ്ങളുണ്ടായിരുന്ന ഈ പഞ്ചായത്തിൽ വ്യവസായങ്ങൾ നിശ്ശേഷം ഇല്ലാതായിതീർന്നിരിക്കുകയാണ്.

സ്വകാര്യമേഖലയിൽ മൂന്ന് തേയില ഫാക്ടറികൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

### തോട്ടം വ്യവസായങ്ങൾ

വ്യവസായ മേഖലകളിൽ ഏറ്റവും കൂടുതൽ പ്രവർത്തിക്കുന്നത് തോട്ടം (തേയില)മേഖലയാണ്. 17.5% ത്തോളം ജനങ്ങളുടെ ഉപജീവനമാർഗ്ഗവും തോട്ടം മേഖലയാണ്.

| നമ്പ്ര് | എസ്റ്റേറ്റിന്റെ പേര് | സ്ഥിരം തൊഴിലാളികൾ | ലോക്കൽ തൊഴിലാളികൾ | ഏരിയ |
|---|---|---|---|---|
| 1. | ഹാരിസൺ മലയാളം ചുണ്ടേൽ ഡിവിഷൻ | 301 | 300 | 851-71 Hect |
| 2. | ചേലോട് എസ്റ്റേറ്റ് | 318 | 62 | 304.81 Hect |
| 3. | വേങ്ങാക്കോട് | 80 | 30 | 100 Hect |
| 4. | തലമല | 190 | 80 | 485 Hect |
| 5. | ആയിഷ പ്ലാന്റേഷൻ | 82 | 20 | 400 Hect |
| 6. | ചെറുകിട തോട്ടങ്ങൾ | 175 | 80 | 600 Hect |
| 7. | പ്രിയദർശിനി, ഡയറി | 100 | 80 | 200 Hect |

തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് പുരുഷ-സ്ത്രീതൊഴിലാളികളുടെ കൂലിനിരക്ക് ഏകീകരിച്ചതാണ്. സ്ത്രീ തൊഴിലാളികളാണ് തോട്ടം മേഖലയിൽ കൂടുതൽ. പ്രധാന പ്ലാന്റേഷൻ തേയില ആണെങ്കിലും കാപ്പി, കുരുമുളക് ഏലം എന്നിവയും പ്രധാനമായി കൃഷിചെയ്യുന്നു. തേയില ഫാക്ടറികളിൽ ചായപ്പൊടി വിവിധ ഇനത്തിൽ ഉല്പാദിപ്പിക്കുന്നു Bop FBop ഫാനിങ്ങ്സ്, റെഡ് ഡെസ്റ്റ്, ഫൈൻ ഡെസ്റ്റ്, സൂപ്പർ ഫൈൻ ഡെസ്റ്റ്, പെക്കോ തുടങ്ങിയവ) ഇവ വിദേശത്തേക്ക് ധാരാളമായി കയറ്റി അയക്കുന്നു.

ഏലതോട്ടങ്ങൾ പൊതുവെ പ്രതിസന്ധിയിലാണ്. ഏലതോട്ടങ്ങളിൽ കൂടുതലായും ജോലി ചെയ്യുന്നത് പ്രധാനമായും തമിഴ്നാട്ടുകാരായ തൊഴിലാളികളാണ്. ഏലം വിപണനത്തിന് മാർക്കറ്റ് കൃത്യമായി ഇല്ലാത്തത് എന്നതിനാൽ യഥാർത്ഥ വില ലഭ്യമാകുന്നില്ല എന്നതാണ് ഏലതോട്ടങ്ങളുടെ പ്രതിസന്ധിക്ക് കാരണം. കൂടാതെ പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന ക്രൂരതയുടെ ഭാഗമായി ഏലതോട്ടങ്ങളിൽ ഉദ്യോഗസ്ഥന്മാരുമായി ഒത്തുകൊണ്ട് മരം മുറി നിർബ്വാധം നടത്തുന്നതിനാൽ കാലാവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റം ഏലം ഉല്പാദനത്തിന്റെ തോത് കുറക്കുന്നു. ഈ രീതിയിലുള്ള മരം മുറിക്കൽ തടയാൻ നടപടിയെടുക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1. ആകെ ഭൂമിയുടെ 50% ത്തോളം എസ്റ്റേറ്റ് ഉടമകളുടെ കൈവശമാണ്. ഇത് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കും. സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സ്ഥലം ലഭ്യതക്കും പ്രശ്നമാവുന്നു.
2. വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം.
3. സാമ്പത്തിക രംഗത്തെ പിന്നോക്കാവസ്ഥ ചെറുകിട വ്യവസായങ്ങൾക്ക് വായ്പ അനുവദിക്കാനുള്ള സാമ്പത്തിക സ്ഥാപനങ്ങളുടെ വിമുഖത
4. സഹകരണ പ്രസ്ഥാനങ്ങളുടെ അഭാവം.
5. വൈദ്യുതി ലഭ്യതകുറവ്.

### നിർദ്ദേശങ്ങൾ

1. തരിശുഭൂമികൾ പാട്ടത്തിന് ലഭ്യമാവുന്നതിന് സാധ്യത ഒരുക്കണം.
2. ചെറുകിട വ്യവസായങ്ങൾ തുടങ്ങാൻ ജില്ലാടിസ്ഥാനത്തിൽ വിദ്യാസമ്പന്നർക്ക് പരിശീലനം നല്കണം.
3. ചെറുകിട വ്യവസായ ലോണുകൾ നല്കാനുള്ള ബാങ്കുകളുടെ വിമുഖത അവസാനിപ്പിക്കണം.
4. കെട്ടിടങ്ങളുടെ അഭാവം പരിഹരിക്കാൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒന്നോ രണ്ടോ ഏക്കർ ഭൂമിയിൽ കെട്ടിടങ്ങൾ സ്ഥാപിച്ച് വാടകക്ക് കൊടുക്കാൻ ഏർപ്പാടുണ്ടാവണം. (മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്)
5. അടച്ചുപൂട്ടപ്പെട്ട വ്യവസായങ്ങൾ പുനരാരംഭിക്കണം. ആരംഭിച്ചത് വയനാട്ടിൽ വ്യവസായം ആരംഭിച്ചാൽ നല്കുന്ന സബ്സിഡി വാങ്ങി അത് തട്ടിയെടുത്തുകൊണ്ടാണ് പൂട്ടിയത്. പ്രസ്തുത സബ്സിഡി തിരിച്ചുപിടിക്കുന്നതിന് നടപടിയെടുക്കുകയും പ്രസ്തുത സബ്സിഡി കൊടുത്തുകൊണ്ട് പുനരാരംഭിക്കാൻ നടപടിയെടുക്കുകയും വേണം.
6. വൈത്തിരിയിൽ ഒരു കുരുമുളക് സംസ്കരണ ഫാക്ടറി തുടങ്ങിയാൽ തൊഴിലും വിദേശ നാണ്യവും വർദ്ധിക്കും.
7. വൈത്തിരിയിൽ ഒരു വനിതാ പെട്രോൾ പമ്പ് ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ.
8. സഹകരണാടിസ്ഥാനത്തിൽ ഊർച്ചയിൽ ആരംഭിക്കുക.

ബേക്കറി, റെഡിമെയ്ഡ് നിർമ്മാണം ഇഷ്ടിക നിർമ്മാണം, ബുക്ക് ബൈന്റിംഗ്, ഹോളോ ബ്രിക്സ് നിർമ്മാണം, സർവ്വീസ് സ്റ്റേഷൻ, കറിപൌഡർ യൂണിറ്റ്, ചിപ്സ് (കായ, കപ്പ, ഉരുളക്കിഴങ്ങ്) നിർമ്മാണം, തിപ്പെട്ടി നിർമ്മാണ ഫാക്ടറി തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം നല്കുകയും സാങ്കേതിക തടസ്സങ്ങൾ ലഘൂകരിക്കുകയും ചെയ്യുക.

9. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കണം.
10. സഹകരണ അടിസ്ഥാനത്തിൽ ഒരു തേയില ഫാക്ടറി സ്ഥാപിക്കണം.
11. ഇലക്ട്രോണിക് ഉപകരണങ്ങൾ (എമർജൻസി ലാമ്പ്) ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക. സാങ്കേതിക പരിജ്ഞാനം ലഭ്യമാകാൻ സാധ്യതയൊരുക്കണം.
12. ചെരുപ്പ് നിർമ്മാണ കമ്പനി ആരംഭിക്കണം.

വ്യവസായ വികസനത്തിന് നമ്മുടെ നാട്ടിലെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണമെങ്കിൽ വ്യവസായമെന്നത് വൻകിട വ്യവസായങ്ങളാണെന്നും പുകക്കുഴലുകളുള്ളസ്ഥാപനങ്ങൾ മാത്രമേ വ്യവസായമാകൂ എന്ന നമ്മുടെയിടയിലുള്ള ധാരണ മാറ്റേണ്ടതുണ്ട്. മനോഭാവത്തിൽ മാറ്റം വരുത്തുകയും പ്രോത്സാഹനം നല്കുകയും പരിശീലനത്തിലുള്ള മാർഗ്ഗങ്ങൾ ഉണ്ടാവുകയും -മൂലധനം വായ്പയായി ലഭ്യമാവുകയും ചെയ്താൽ നമ്മുടെ ഈ പഞ്ചായത്തും വ്യവസായങ്ങളുടെ ഒരു കേന്ദ്രമായി മാറും. അത് നമ്മുടെ ഗ്രാമങ്ങളെ സമ്പുഷ്ടമാക്കും അതിനായി നമുക്ക് കൂട്ടായി പരിശ്രമിക്കാം.




# 5-4

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

1980 നവംബർ മാസം 1-ാം തിയ്യതിയാണ് വയനാട് ജില്ല രൂപീകൃതമായത്. അതിന് മുമ്പ് ഇന്നത്തെ വയനാട് ജില്ലയിൽപ്പെട്ട ബത്തേരി താലൂക്ക് സൗത്ത് വയനാട് താലൂക്ക് എന്നീ രണ്ട് താലൂക്ക് കോഴിക്കോട് ജില്ലയുടെ ഭാഗമായി [illegible] ക്ക് ബ്രിട്ടീഷ് മേധാവികൾ അടിവാരം വരെ അന്നത്തെ വാഹനത്തിൽ എത്തിപ്പെടുകയും വയനാടിന്റെ മലമുകളിലേക്ക് [illegible] വാൻ പല ശ്രമം നടത്തുകയും പരാജയപ്പെടുകയുമാണ് ചെയ്തത്. എന്നാൽ വയനാട്ടിലുണ്ടായ ആദിവാസികൾ നടപ്പാതകൾ തെളിച്ച് അടിവാരത്തിലെത്തി അവർക്കാവശ്യമായ പുകയില, ഉണക്കമത്സ്യം എന്നിവ വാങ്ങിക്കുവാൻ ഈ പാത ഉപയോഗിച്ചിരുന്നു. ബുദ്ധിശാലിയായ വെള്ളക്കാർ ആദിവാസികൾ സഞ്ചരിച്ചിരുന്ന ഈ നടപ്പാത പിന്തുടർന്നു കണ്ടുപിടിക്കുകയും കാലക്രമത്തിൽ കുതിരവണ്ടിയും പിന്നീട് വാഹനങ്ങളുമുപയോഗിച്ച് വയനാട്ടിന്റെ കവാടപ്രദേശമായ ഇപ്പോഴത്തെ ലക്കിടി എന്ന സ്ഥലത്തു എത്തിപ്പെടുകയും ചെയ്തു. വയനാടിന്റെ കവാടമായ ലക്കിടിയിൽ വെച്ച് അടിവാരം മുതൽ ലക്കിടി വരെ എത്താനുള്ള ഗതാഗതത്തെ പറ്റി പദ്ധതി ഉണ്ടാക്കുകയും അതുപ്രകാരം അന്നത്തെ ബ്രിട്ടീഷ് ഗവൺമെൻറ് റോഡും പാലവും നിർമ്മിച്ച് വയനാട്ടിലേക്കുള്ള ഗതാഗതം സുഗമമാക്കി. പിന്നീട് കർണ്ണാടക സംസ്ഥാനത്തു നിന്നും തമിഴ്നാടിന്റെ ഭാഗങ്ങളിൽ നിന്നും വന്ന ജനങ്ങൾ ആസൂത്രണമായി ചിന്തിച്ചതിന്റെ ഫലമായി കോഴിക്കോട് വൈത്തിരി വഴി ഗൂഡല്ലൂർ റോഡും രണ്ടാമതായി വൈത്തിരി വഴി മൈസൂർ റോഡും [illegible] ച്ചു. പിന്നീട് വർഷങ്ങൾക്കു ശേഷമാണ് കോഴിക്കോട് വൈത്തിരി വഴി തരുവണ മാനന്തവാടി റോഡും കോഴിക്കോട് വൈത്തിരി-കൽപ്പറ്റ വഴി മാനന്തവാടി റോഡും സ്ഥാപിച്ചത്.

ഇന്ന് ഈ റോഡുകൾ മൂന്നും അന്തർസംസ്ഥാനവുമായി ബന്ധിപ്പിക്കുന്നു. എന്നാൽ പ്രസ്തുത റോഡുകൾ കൃത്യസമയത്ത് അറ്റകുറ്റപ്പണി [illegible] ഗതാഗതം അസൗകര്യമായിക്കൊണ്ടിരിക്കുകയാണ്. ഈ റോഡിലൂടെ ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങൾ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കുന്നു.

**വാഹന സൗകര്യങ്ങൾ**

| നമ്പർ | സ്ഥലം | ലോറി | മിനിലോറി | ട്രാക്ടർ | ജീപ്പ് | ഓട്ടോ | സ്വകാര്യ വാഹനം |
|---|---|---|---|---|---|---|---|
| 1 | വൈത്തിരി | 2 | 5 | 4 | 65 | 45 | 35 |
| 2. | ചുണ്ടേൽ | 1 | 0 | 3 | 40 | 35 | 25 |
| | മൊത്തം | 3 | 5 | 7 | 105 | 80 | 60 |

ഈ പഞ്ചായത്തിലെ തന്നെ ഗതാഗതത്തിനായി ജീപ്പുകളും ഓട്ടോറിക്ഷകളും ഉണ്ടെങ്കിൽപോലും യാത്രാ ദുരിതത്തിന് പരിഹാരം ഇനിയും തേടേണ്ടതായിവരുന്നു.

വൈത്തിരി ഗ്രാമപഞ്ചായത്തിലെ ഗതാഗത യോഗ്യമായ പ്രധാനറോഡിന്റെ ദൂരം താഴെ പറയുന്നു.

# ഗതാഗതം

1. അടിയന്തിരാവശ്യങ്ങൾ.2 നിർദ്ദേശങ്ങൾ.3.സാധ്യതകൾ. 4 പുതിയവ നിർമ്മാണം. 5. നിലവിലുള്ളവ വികസിപ്പിക്കണം

**I അടിയന്തിരാവശ്യങ്ങൾ :-**

1. വൈത്തിരിഗ്രാമപഞ്ചായത്തിലെ ഒന്ന്, മൂന്ന്, നാല്, ഏഴ് വാർഡുകളെ ബന്ധിപ്പിക്കുന്നതും.. പഞ്ചായത്തിലെ ഏതാണ്ട് പകുതിയോളം ആളുകൾ ഉപയോഗിക്കുന്നതുമായ ഏകദേശം 10 കി. മീ ദൂരം ദൈർഘ്യം ഉള്ള ചുണ്ട. പഴവമല തളിമല, ചൗരിറ്റി, പഴയവൈത്തിരി ലിങ്ക് റോഡ് ഗതാഗത യോഗ്യമാക്കുക.
2. ഒന്നാം വാർഡിലെ ചുണ്ടയിൽ എസ്റ്റേറ്റ് കാപ്പംകുന്ന് വഴി വൈത്തിരി താലൂക്കിലെ ഏക സർക്കാർ കോളേജുമായും, അമ്മാറ വഴി പൊഴുതന പഞ്ചായത്തുമായി ബന്ധപ്പെടുന്നതും ഏതാണ്ട് 300ൽ പരം വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദവുമായ ഈ റോഡ് ഗതാഗതയോഗ്യമാക്കുക.
3. സുഗന്ധഗിരി ഗവൺമെന്റ് എൽ. പി. സ്കൂളിൽ നിന്നും 6ാം വാർഡിലെ മുസ്ലിംപള്ളി വഴി നരിക്കുട് മുക്കുവരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
4. ഏഴാം വാർഡിൽ നിന്നാരംഭിക്കുന്ന വൈത്തിരി ഗവൺമെന്റ് ഹൈസ്കൂൾ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
5. ഏതാണ്ട് നൂറോളം കുടുംബങ്ങൾ താമസിക്കുന്നതിൽ പകുതിയോളം പട്ടികജാതിക്കാരായ ആളുകൾ താമസിക്കുകയും ചെയ്യുന്ന 7ാം വാർഡിനെയും 8-ാം വാർഡിനെയും ബന്ധിപ്പിക്കുന്ന ഏതാണ്ട് 2 കി. മീ ദൈർഘ്യമുള്ള തളിപ്പുഴ, അറമല, ലക്കിടി റോഡ് ഗതാഗതയോഗ്യമാക്കണം.
6. ആറാം വാർഡിൽ നരിക്കുട് മുക്കിൽ നിന്നും ആരംഭിച്ച് കെ. എസ്. ഇ. ബി ആപ്പീസിന് സമീപം അവസാനിക്കുന്ന 2 കി. മീ റോഡ് ഗതാഗതയോഗ്യമാക്കുക.
7. ഏഴാം വാർഡിലെ പഴയവൈത്തിരി പെട്രോളിയൻ പാറവഴി പൂക്കോട് തടാകത്തെ ബന്ധിപ്പിക്കുന്ന ഒന്നര കി. മീദൈർഘ്യമുള്ള നിലവിലുള്ള ഫുട്പാത്തു ഗതാഗത യോഗ്യമാക്കുക.
8. എട്ടാം വാർഡിലെ ലക്കിടിയിലുള്ള അറമലപ്പാലം മുതൽ 3 ഏക്കറവരെയുള്ള റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
9. എട്ടാം വാർഡിലെ പുരത്തിനടുത്തുള്ള മണ്ടമല മിച്ചഭൂമി റോഡ് 1 കി. മീ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
10. ഏഴാം വാർഡിലെ താഴെ ലക്കിടി ആദിവാസി കോളനിയിലേക്കുള്ള നിലവിലുള്ള 1. കി. മീ റോഡ് ഗതാഗതയോഗ്യമാക്കുക.
11. 6-ാം വാർഡിലെ കൊളിച്ചാൽ കുളിക്കടവ് ആദിവാസി കോളനി റോഡ് അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കുക.
12. കാറ്റാടിപാത്തി മുതൽ കരടിവളവ്വരെയുള്ള തളിമല എസ്റ്റേറ്റിൽ ഉൾപ്പെടുന്ന അര കി. മീ റോഡ് ഗതാഗത യോഗ്യമാക്കുക.
13. 4-ാം വാർഡിലെ കരടി വളവുമുതൽ ഒരു എച്ച്. ഡി. പി കോളനിയിലൂടെ കരിമ്പിൽ കണ്ടിവഴി കുന്നത്ത് പാലത്ത് (വൈത്തിരി) എത്തുന്ന ഏകദേശം 2. കി. മീ റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
14. 2-ാം വാർഡിലെ കുന്നത്ത്പാലം വഴി ഹരിജൻ കോളനിയിലേക്ക് 1. കി. മീ ദൈർഘ്യമുള്ള റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കുക.
15. ഒന്നാം വാരഡിലെ [illegible] കോളനിയിലേക്കുള്ള 1 കി. മീ. റോഡ് ഗതാഗതയോഗ്യമാക്കുക.
16. അഞ്ചാം വാർഡിലെ വൈത്തിരി കുന്നത്ത്തോട്ടം റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
17. 4-ാം വാർഡിലെ 1 കി. മീ ഓളം ദൈർഘ്യമുള്ള തളിമല തൈലകുന്ന് റോഡ് ഗതാഗതയോഗ്യമാക്കുക.
18. വൈത്തിരി മാവേലി സ്റ്റോറിനടുത്തു നിന്നും ആരംഭിച്ച് കരിമ്പിൻകണ്ടി ഒലിവ്മല റോഡിന്റെ അവശേഷിക്കുന്ന ഭാഗം വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.
19. 5-ാം വാർഡിലെ 12-ാം പാലത്തുനിന്നും ലക്ഷംവീട് കോളനിയിലേക്കുള്ള കുളിക്കടവ് റോഡ് വികസിപ്പിക്കുക.
20. വൈത്തിരി- 2-ാം വാർഡിലെ, വട്ടവയൽ, ആദിവാസികോളനിറോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
21. ഒന്നാം വാർഡിലെ കൽപ്പറ്റ റോഡിൽ നിന്നും കുഞ്ഞകോട്ടക്ക് പോകുന്ന ആദിവാസി കോളനി റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

## നിലവിലുള്ളവ വികസിപ്പിക്കേണ്ടത്

1. ഏഴാം വാർഡിനെയും ആറാംവാർഡിനെയും അഞ്ചാം വാർഡിനെയും ബന്ധിപ്പിക്കുന്നതും നേരത്തെ ബസ്സർവ്വീസ് ഉണ്ടായിരുന്നതുമായ തളിപ്പുഴ നരിക്കുട്മുക്ക് 12 -ാം പാലം റോഡ് അറ്റകുറ്റപ്പണികൾ തീർത്ത് ഗതാഗതയോഗ്യമാ

ക്കുക.

2. എട്ടാം വാർഡിലെ മുതുവമ്പലിച്ചളൂമിയിലേക്ക് സുഗന്ധഗിരി ഗേറ്റ് വഴി റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.
3. ആറാം വാർഡിലെ ചക്രപാണിയുടെ വീടിന് മുൻവശത്തു നിന്നും ആരംഭിച്ച് പൂക്കോട് കുന്ന് ലക്ഷം വീട് കോളനിയുമായി ബന്ധിപ്പിക്കുന്ന നിലവിലുള്ള ഫുട്പാത്ത് ഗതാഗതയോഗ്യമാക്കുക.
4. ഏഴാം വാർഡിലെ പൂക്കോട്കുന്ന് ലക്ഷം വീട് തളിപ്പുഴ റോഡ് 1 കി. മീ ഓളം റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
5. ഏഴാം വാർഡിലെ വൈത്തിരി ഗവൺമെൻറ് ആശുപത്രി റോഡിൻെറ ശോചനീയാവസ്ഥ പരിഹരിച്ച്ഗതാഗതയോഗ്യമാക്കുക.
6. മണ്ടമല പോത്തൻെറ വീട് വഴി മിച്ചഭൂമി റോഡ് 2 കി. മീ ഗതാഗത യോഗ്യമാക്കുക.
7. 8-ാം വാർഡിലെ ഡയറിപ്രൊജക്ടിലെ പശുത്തൊഴുത്തുമുതൽ നായ്ക്കപൊടിവരെയുള്ള റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
8. നാലാം വാർഡിലെ ചാരിറ്റി പള്ളിയിൽ നിന്നും അംബേദ്കർ കോളനിവഴി പൂഞ്ചോലയുമായി ബന്ധിപ്പിക്കുന്ന 2. കി. മീ ദൈർഘ്യമുള്ള റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
9. നാലാം വാർഡിലെ തളിമലപാലം മുതൽ ചാരിറ്റി ഹെൽത്ത് സെൻറർവരെയുള്ള റോഡ് ഒന്നര കി. മീ വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.
10. ഏഴാം വാർഡിലെ പഴയ വൈത്തിരിമുതൽ നാലാം വാർഡിലെ മുള്ളൻപാറ വഴി വട്ടപ്പാറവരെയുള്ള 3. കി. മീ റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
11. അഞ്ചാം വാർഡിലെവൈത്തിരി ടൗണിൽ നിന്നും സപ്ലൈ ഓഫീസിൻെറ മുമ്പിലൂടെ പോകുന്ന കുളിക്കടവ് റോഡും പീടികക്കണ്ടി റോഡും വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
12. അഞ്ചാം വാർഡിലെവൈത്തിരി മങ്ങാടംകുന്ന് വഴിയുള്ള നടപ്പാത വികസിപ്പിച്ച് 12-ാം പാലം നരിക്കുട് മുക്ക് റോഡുമായി ബന്ധിപ്പിച്ച് റോഡാക്കി മാറ്റുക.
13. ഏഴാം വാർഡിലെ പഴയവൈത്തിരി മുതൽ വട്ടപ്പാറവരെ 2. കി.മീ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.
14. അഞ്ചാം വാർഡിലെ കുന്നത്ത്തോട്ടം റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത റോഡാക്കി മാററണം
15. നാലാം വാർഡിലെ മുള്ളൻ പാറ മുതൽ തളിപ്പുഴവരെയുള്ള 2. കി. മീ റോഡ് ഗതാഗതയോഗ്യമാക്കുക
16. അഞ്ചാം വാർഡിലെ വൈത്തിരി ടൗണിൽ നിന്നും അമ്പലകുന്ന് വഴി കോളിച്ചാൽ 16ലേക്കുള്ള ഒന്നര കി. മീ റോഡ് വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.
17. 7ാം വാർഡിൽ തളിമല മരപ്പാടി വഴി നാല് സെൻറ് കോളനിയിലൂടെ ചാരിറ്റിപള്ളിയുടെ മുമ്പിൽ അവസാനിക്കുന്ന ഫുട്പാത്ത് വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.

## ഫുട്പാത്ത്

**ഒന്നാംവാർഡ്**

1. കണ്ണൻപാത്ത് മേപ്പാടി റോഡിൽ നിന്നും ആനപ്പാറ എസ്റ്റേറ്റുമായും ഓടത്തോടുമായും ബന്ധിപ്പിക്കുന്ന രണ്ട് നടപ്പാതകളും സഞ്ചാരയോഗ്യമാക്കുക.
2. ചുണ്ടത്ത് നൂറ് മീറ്റർ നീളത്തിൽ നടപ്പാത നിർമ്മിക്കുക.
3. ശ്രീപുരം മിച്ചഭൂമിപ്രദേശത്ത് ഏതാണ്ട് 15 കുടുംബങ്ങൾ താമസിക്കുന്ന സ്ഥലത്ത് 250 മീറ്റർ നീളത്തിൽ നടപ്പാത നിർമ്മിക്കുക.
4. ചുണ്ട, തളിമല റോഡിൽ നിന്നും ഒന്ന്. മൂന്ന് വാർഡിൻെറ മദ്ധ്യത്തിലൂടെ പോകുന്ന നടപ്പാത പൂർത്തീകരിക്കുക.
5. ചെമ്പട്ടി ആദിവാസി കോളനിക്ക് നടപ്പാത നിർമ്മിക്കുക 40 ആദിവാസികൾക്ക് ഈ നടപ്പാത ഉപയോഗപ്രദമാവുന്നതാണ്.
6. കണ്ണൻചാത്ത് പ്ലാവിൻചുവട്ടിലൂടെ ഏതാണ്ട് 150 മീറ്റർ നടപ്പാതയും കോളിയുടെ ചുവട്ടിൽ നിന്നും ആരംഭിക്കുന്ന 100 മീറ്റർ നടപ്പാതയും പൂർത്തീകരിക്കുക.

**രണ്ടാം വാർഡ്**

1. ചുണ്ടവെള്ളംകൊല്ലി റോഡിൽ നിന്നും ആരംഭിക്കുന്നതും അബ്രഹാംമാസ്റ്ററുടെ വീടിന് മുമ്പിലൂടെ പോകുന്നതുമായ നടപ്പാത സഞ്ചാര യോഗ്യമാക്കുക.
2. ചേലോട് എസ്റ്റേറ്റിൻെറ ആലിൻെറ ചുവട്ടിൽ നിന്നും ആരംഭിക്കുന്ന നടപ്പാത വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.
3. കുന്നത്ത്പാലത്ത് നിന്നും റോബർട്ട്മാസ്റ്ററുടെ വീടിന് അടുത്തുകൂടി പോകുന്ന നടപ്പാതകല്ല് പതിക്കുക.
4. വട്ടവയലിൽ 100 മീറ്റർ നീളമുള്ള സ്വാമികുട്ടിയുടെ വീടിന് മുമ്പിലൂടെ പോകുന്ന നടപ്പാത സഞ്ചാരയോഗ്യമാക്കുക.

**മൂന്നാംവാർഡ്**

1. ചുണ്ട. ചെമ്പ്മല റോഡിൽ നിന്നാരംഭിക്കുന്ന ചുണ്ടവയൽ നടപ്പാത സഞ്ചാരയോഗ്യമാക്കുക.
2. കലികാകോളേജിന് മുമ്പിലൂടെ പോകുന്ന നടപ്പാത സഞ്ചാരയോഗ്യമാക്കുക.
3. ഒന്നാം വാർഡിൽ നിന്നും തുടങ്ങി. മൂന്നാംവാർഡിൽ അവസാനിക്കുന്നതും ചുണ്ട ടൗണിൽ നിന്നാരംഭിച്ച് മില്ല്

വഴി ചുണ്ട ഒലിവ്മല റോഡിനെ ബന്ധിപ്പിക്കുന്ന ഫുട്പാത്ത് കല്ല് പതിക്കുക.

**നാലാം വാർഡ്**

1. മക്കോളികുഞ്ഞോട്ടന്റെ വീടിന് അരികിലൂടെ പോകുന്ന ഫുട്പാത്ത് സഞ്ചാരയോഗ്യമാക്കുക.
2. വട്ടപ്പാറ ആനക്കുഴി ഫുട്പാത്ത് സഞ്ചാരയോഗ്യമാക്കുക.
3. ആനപ്പാറ ഫോറസ്റ്റിൽ നിന്നും ആരംഭിച്ച് തലമല ഏഴുപതേക്ര ആനപ്പാറ റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാലം സ്റ്റെപ്പ്കെട്ടി സഞ്ചാര യോഗ്യമാക്കുക.
4. ചാരിറ്റി ശൂലംകുത്തി, കോളനിയിൽ രാമൻകുട്ടിയുടെ വീടിന്റെ അരികിലൂടെ പോകുന്ന നടപ്പാത കല്ല് പതിച്ച് സഞ്ചാരയോഗ്യമാക്കുക.

**5-ാം വാർഡ്**

1. 12-ാം പാലം ജൂബിലികുന്ന് നടപ്പാത നിർമ്മിക്കുക
2. ജൂബിലി വയൽ 12-ാം പാലം നടപ്പാത സ്റ്റെപ്പ്കെട്ടി സഞ്ചാരയോഗ്യമാക്കുക.
3. വൈത്തിരി അമ്പലക്കുന്ന് നടപ്പാത സ്റ്റെപ്പ്കെട്ടി സഞ്ചാരയോഗ്യമാക്കുക.
4. കുന്നത്ത് തോട്ടം നടപ്പാതയിൽ നിന്ന് ഫുട്സ്റ്റെപ്പ്കെട്ടി സഞ്ചാരയോഗ്യമാക്കുക.
5. ലക്ഷം വീട് കോളനിയിലേക്കുള്ള ഫുട്പാത്ത് വികസിപ്പിക്കുക.

**6-ാം വാർഡ്**

1. കോളിച്ചാൽ അംഗൻവാടിയിലേക്കുപോകുന്ന നടവഴി സ്റ്റെപ്പുകെട്ടി സഞ്ചാര യോഗ്യമാക്കുക.
2. വൈത്തിരി ലക്ഷം വീടുകോളനിയിലേക്കു പോകുന്ന നടപ്പാത സഞ്ചാര യോഗ്യമാക്കുക.
3. സുഗന്ധഗിരി സ്കൂളിന് മുൻവശത്തുകൂടി നരിക്കുട്മുക്ക്-സുഗന്ധഗിരി റോഡുമായി ബന്ധിപ്പിക്കുന്ന ഫുട്പാത്ത് സഞ്ചാര യോഗ്യമാക്കുക.
4. നരിക്കൂട്മുക്ക് മൊയ്തൂട്ടിയുടെ കടയരികിലൂടെ കുറിശുങ്കൽ വർഗീസിന്റെ വീടുവരെ പോകുന്ന നടപ്പാത കല്ലുപാകി സ്റ്റെപ്പുകെട്ടി ഗതാഗതയോഗ്യമാക്കുക.
5. കോളിച്ചാൽ കുളിക്കടവ് റോഡു ബന്ധിപ്പിക്കുന്ന നടപ്പാത സഞ്ചാരയോഗ്യമാക്കുക.
6. ഗ്രാമീണ ബാങ്കിനരികിലൂടെ വരുന്ന നടവഴി സ്റ്റെപ്പ്കെട്ടി സഞ്ചാരയോഗ്യമാക്കുക.
7. കോളിച്ചാൽ-കല്ലൂർ റോഡിലേക്കുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക.
8. കോളിച്ചാൽ കുളിക്കടവ് റോഡും അഞ്ചാംവാർഡ് കോളിച്ചാൽ 15-ാം റോഡുമായി ബന്ധിപ്പിക്കുന്ന നടപ്പാത സഞ്ചാര യോഗ്യമാക്കുക.

**വാർഡ്-7**

1. പഴയവൈത്തിരി മിൽക്ക്സൊസൈറ്റി ചേരിക്കുന്നിലേക്കുള്ള ഫുട്പാത്ത് നിർമ്മിക്കുക.
2. ഗവ: ഹൈസ്കൂളിൽ നിന്നും ശ്മശാനം വഴി ഗ്രൗണ്ടിലേക്കുള്ള ഫുട്പാത്ത് നിർമ്മിക്കുക
3. പഴയവൈത്തിരി - നരിക്കുട്മുക്ക് റോഡ് കല്ലുപതിക്കുക.
4. പഴയ-വൈത്തിരി - പൂക്കോട് വയൽ നടപ്പാത കല്ലുപതിക്കുക.
5. തങ്ങളംകുണ്ട് കോളനിയിലേക്കുള്ള 2 നടപ്പാതകൾ സഞ്ചാരയോഗ്യമാക്കുക.
6. ആശുപത്രിക്കുന്ന് തെങ്ങിലത്തോട്ടത്തിന്റെ അതിരിലൂടെയുള്ള നടവഴി സഞ്ചാരയോഗ്യമാക്കുക.
7. ആശുപത്രിക്കുന്ന്-വാട്ടർടാങ്ക് നടവഴി സഞ്ചാരയോഗ്യമാക്കുക.
8. കഞ്ചിരിപാറ സി. എസ്. ഐ പള്ളി അതിരിലൂടെ പോകുന്ന 400 മീറ്റർ നടപ്പാത സഞ്ചാരയോഗ്യമാക്കുക.
9. തളിപ്പുഴ ലക്ഷം വീട്ടിലേക്കുള്ള ഫുട്പാത്ത് സഞ്ചാരയോഗ്യമാക്കുക.
10. തളിപ്പുഴ പള്ളി പീടിക വഴിയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക.
11. പഴയവൈത്തിരി പുള്ളിക്കാരൻ ചേട്ടന്റെ വീടിനു മുൻവശത്തുകൂടി പുഴയിലേക്ക് പോകുന്ന നടപ്പാത (കുളിക്കടവ് റോഡ്) സഞ്ചാരയോഗ്യമാക്കുക.

**വാർഡ് 8**

1. അറമല ലക്ഷംവീട് കോളനിയിലേക്കുള്ള നടപ്പാത സ്റ്റെപ്പ് കെട്ടി പൂർത്തീകരിക്കുക.
2. പതിനേഴേക്ര പഞ്ചായത്ത് നടപ്പാലത്തിലേക്കുള്ള നടവഴി കല്ലുപതിക്കുക.
3. തളിപ്പുഴ മുതൽ അറമല റോഡിലേക്കുള്ള നടപ്പാത സൈഡുകെട്ടി പണിയുക.
4. ലക്കിടി പോസ്റ്റാഫീസിനടുത്തുള്ള ഇടവഴി സ്റ്റെപ്പുകെട്ടി സഞ്ചാരയോഗ്യമാക്കുക.
5. ലക്കിടി സ്കൂളിനടുത്തുള്ള നടപ്പാതക്ക് ബാക്കി പണി പൂർത്തിയാക്കുക
6. ലക്കിടി ടൗണിൽ നിന്നും പഴയ മിച്ചഭൂമിയിലേക്കുള്ള നടപ്പാത കല്ല് പതിച്ച് സഞ്ചാര യോഗ്യമാക്കുക

വൈത്തിരി ഗ്രാമപഞ്ചായത്ത്

| നമ്പർ | വാർഡ് | പാലം നിർമ്മിക്കേണ്ട സ്ഥല വിവരം |
|---|---|---|
| 1 | 1 | ശ്രീപുരം മിച്ച ഭൂമിയിലേക്കുള്ള നടപ്പാലം |
| 2 | " | ശ്രീപുരം കടോളി നടപ്പാലം |
| 3. | " | കാപ്പംകുന്ന് അഞ്ചാം നമ്പർ നടപ്പാലം |
| 1 | 2 | കുന്നത്ത്പാലത്തു നിന്നും ഒലിവുമലയിലേക്കു പോകുന്ന റോഡിൽ ഒരു പാലം |
| 1 | 3 | ചുണ്ടവയൽ ഒലിവുമല റോഡുമായി ബന്ധിപ്പിക്കുന്ന വലിയ കോൺക്രീറ്റുപാലം |
| 2 | " | കുളിക്കാവ് ചുണ്ടവയൽ നടപ്പാലം |
| 3 | " | വട്ടക്കുണ്ട് ഒലിവുമലയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം |
| 1. | 4 | ഒലിവുമല കാറ്റാടിപാത്തി ഗതാഗത യോഗ്യമായ കോൺക്രീറ്റു പാലം |
| 2 | " | ആനപ്പാറ ഫോറസ്റ്റിൽ നിന്നും ഒലിവുമലയിലേക്കുള്ള നടപ്പാലം |
| 3. | | ആനപ്പാറ ഒലിവുമല നടപ്പാലം |
| 4 | " | ഗുഡ്ഷെപ്പേർഡ് ഒലിവുമല നടപ്പാലം |
| 5 | " | സി. സി. എസ്റ്റേറ്റിൽ നിന്നും അറമലയിലേക്കു പോകുന്ന പാലം |
| 6 | | തുള്ളൻപാറ വഴിയിലുള്ള മൂന്നു പാലങ്ങൾ |
| 1 | 5 | കുന്നത്തുതോട്ടം നടപ്പാലം |
| 1 | 6 | കോളിച്ചാൽ വയൽ സുഗന്ധഗിരി നടപ്പാലം |
| 2 | " | 5-ാം വാർഡിൽ നിന്നും കോളിച്ചാലുമായി ബന്ധിപ്പിക്കുന്ന നടപ്പാലം |
| 1 | 7 | വൈത്തിരി ഗവൺമെന്റ് ഹൈസ്കൂളിലേക്കുള്ള രണ്ടുപാലം ഗതാഗതയോഗ്യമായി കോൺക്രീറ്റ് ചെയ്യുക. |
| 2 | " | തങ്ങാംകുണ്ട് ആദിവാസി കോളനിയിലേക്കുള്ള നടപ്പാലം |
| 1 | 8 | 17 ഏക്കർ നടപ്പാലം രണ്ട് സൈഡ് കെട്ടി സ്ഥാപിക്കുക |
| 2 | " | അറമലപാലം |
| 3 | " | അറമല തളിപ്പുഴ പഞ്ചായത്ത് നടപ്പാലം ഗതാഗതയോഗ്യമായ കോൺക്രീറ്റു നടപ്പാലം |

1 8ാം വാർഡിലെ ലക്കിടി സ്കൂളിന്റെ പിൻഭാഗത്ത് നടപ്പാലം രണ്ടുഭാഗവും കെട്ടി കോൺക്രീറ്റ് സ്ഥാപിക്കുക.

2 ലക്കിടി പഞ്ചായത്ത് നടപ്പാതയിൽ വരുന്ന തോട് രണ്ടുവശവും കെട്ടി കോൺക്രീറ്റ് സ്ഥാപിക്കണം

ആകെ നടപ്പാലം ........................................................................ 15

കോൺക്രീറ്റ് പാലം ഗതാഗതയോഗ്യമാക്കേണ്ടത് .......... ....... 6

# ഊർജ്ജം

ഊർജ്ജത്തെ സംബന്ധിച്ച് വളരെയേറെ ചർച്ച ചെയ്യപ്പെടേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വൈത്തിരി പഞ്ചായത്തിൽ 1960കളിലാണ് ആദ്യമായി വൈദ്യുതി എത്തുന്നത്. (വാമൊഴി അടിസ്ഥാനം) കെ. എസ്. ഇ. ബിയുടെ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നത് വൈത്തിരിയിലാണ്. പ്രസ്തുത സെക്ഷന് കീഴിൽ വൈത്തിരി. പൊഴുതന. തരിയോട്. പടിഞ്ഞാറത്തറ. മേപ്പാടി എന്നി പഞ്ചായത്തുകളും ഉണ്ട്. വൈത്തിരിയിലെ ഉപഭോക്താക്കൾക്ക് ബിൽ അടക്കുന്നതിന് പ്രസ്തുത ഓഫീസിൽ സൗകര്യം ഉണ്ട്. വൈത്തിരി പഞ്ചായത്തിൽ 2597 കണക്ഷനുകളാണുള്ളത്. അതിൽ 2049 ഗാർഹികമേഖലയിലും 283 വ്യാപാര മേഖലകളിലും 44 വ്യാവസായിക മേഖലയിലും 11 കാർഷികമേഖലയിലും ആയിട്ടാണുള്ളത്. വൈത്തിരി പഞ്ചാ

യത്തിലെ ആകെ കെട്ടിടങ്ങളുടെ 52% കെട്ടിടങ്ങളിൽ വൈദ്യുതി ലഭ്യമാണ്.

പഞ്ചായത്തിൽ 19 ട്രാൻസ്ഫോർമറുകൾ നിലവിലുണ്ട്. എങ്കിലും ഗൃഹാവശ്യത്തിന് വോൾട്ടേജ് ക്ഷമം അനുഭവപ്പെടുന്നു.

**ട്രാൻസ്ഫോർമറുകളുടെ പട്ടിക ചുവടെ ചേർക്കുന്നു**

| നമ്പ്ര് | പ്രദേശത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1 | ചുണ്ടയിൽ | 1 |
| 2 | ചുണ്ടയിൽ | 1 |
| 3 | ചെമ്പട്ടി | 1 |
| 4 | ചേലോട് ഫാക്ടറി | 3 |
| 5 | ചേലോട് | 3 |
| 6 | തളിമലഫാക്ടറി | 4 |
| 7 | കരടി വളവ് | 4 |
| 8 | ഒലിവ്മല | 4 |
| 9 | എ. ആർ. എസ്. ടി | 4 |
| 10. | വൈത്തിരി | 5 |
| 11. | 12-ാം പാലം | 5 |
| 12. | കോളിച്ചാൽ | 6 |
| 13. | സുര്യനെല്ലി | 7 |
| 14. | പൂക്കോട് തടാകം | 7 |
| 15. | പഴയവൈത്തിരി | 7 |
| 16. | ഗവ. ആശുപത്രി | 7 |
| 17. | പൂക്കോട് ഡയറി | 8 |
| 18. | ലക്കിടി | 8 |
| 19. | മൈക്രോവേവ് | 8 |

ചെറിയ കാറ്റടിച്ചാൽ ഫ്യൂസ് പോകുന്നത് സ്ഥിരം സംഭവമാകുന്നു.

3.48% ത്തോളം വീടുകളിൽ കണക്ഷൻ നൽകാനുണ്ട്

| അപേക്ഷകരായി നിലവിൽ | |
|---|---|
| ഓർഡിനറി | 148 |
| ഒ. ടി. പി | 005 |
| ഒ. വൈ. ഇ. സി | 132 |
| ആകെ | 285 |

ഒർഡിനറി അപേക്ഷകർക്ക് കണക്ഷൻ നൽകണമെങ്കിൽ അഞ്ചും ആറും വർഷം കാത്ത് നിന്നതിനുശേഷം മാത്രമേ കഴിയുന്നുള്ളൂ. ഒ. വൈ.ഇ. സി അപേക്ഷകർക്ക് പണമടച്ചാൽ ഒരുമാസത്തിനകമെങ്കിലും കണക്ഷൻ നൽകേണ്ടതാണ്. എന്നാൽ ഇപ്പോൾ 95 മെയ്മാസം വരെയുള്ള അപേക്ഷകർക്കാണ് നൽകിയിട്ടുള്ളത്. ഇതിന് കാരണം നീതിപൂർവ്വമായ വിതരണം ഉറപ്പുവരുത്താത്തതുമൂലമാണ് സിവിൽ വർക്ക് ലിമിറ്റ് സെക്ഷനിൽ മാത്രം തയ്യാറാക്കുന്നതിനാൽ സ്റ്റോർ സ്ഥിതിചെയ്യുന്ന കൽപ്പറ്റയിൽ വരുന്ന ഉപകരണങ്ങൾ കമ്പി, കാൽ, മീറ്റർ തുടങ്ങിയവ സ്വാധീനത്തിനനുസരിച്ചും മറ്റ് പല മാർഗ്ഗങ്ങൾ ഉപയോഗിച്ചും യഥാവസരം ലഭിക്കാത്തതിനാലാണ് ഈ കാലതാമസം വരുന്നത്. ഒ. ടി. പി. കണക്ഷൻ പലപ്പോഴും ഒ.വൈ. സി. ഇവരുടെ അനുമതിക്കയച്ചാൽ മാസങ്ങൾ തന്നെ കാത്തുനിൽക്കേണ്ട അവസ്ഥ നിലവിലുണ്ട്.

പഞ്ചായത്തിലാകെ '9' ട്യൂബ് ലൈറ്റ്- 84 ബൾബുകളും ഉൾപ്പെടെ 93 തെരുവ് വിളക്കുകളാണുള്ളത്. തെരുവ് വിളക്കുകൾ കൂടാതെ പഞ്ചായത്തിന്റെ 3 കെട്ടിടങ്ങളും 2 ചെറുകിട ജലവിതരണ പദ്ധതികളുമായി വർഷത്തിൽ 34617 രൂപ പഞ്ചായത്ത് വൈദ്യുതി ബോർഡിനടക്കുന്നു. ഇത് പഞ്ചായത്തിന്റെ 3%ത്തോളം വരും. എന്നിട്ടും തെരുവ് വിളക്കുകൾ കത്തുന്നത് അപൂർവ്വ സംഭവം മാത്രം.

ട്രാൻസ്ഫോർമറുകളിൽ 3 എണ്ണം പൂർണ്ണമായും എസ്റ്റേറ്റ് ഫാക്ടറികൾക്കാണ് ഉപയോഗിക്കുന്നത്. സൂര്യനെല്ലി No 13 ട്രാൻസ്ഫോർമർ പ്രധാനമായും സൂര്യനെല്ലി റിസോർട്ടിനുമാത്രമാണ് ഉപയോഗിക്കുന്നത്. ARST: No 9.4-ാമതും എസ്റ്റേറ്റ് മാനേജ്മെന്റ് ക്വാർട്ടേഴ്സിന് മാത്രമാണ് ഉപയോഗിക്കുന്നത്. മൈക്രോവേവ് No: 19 മൈക്രോവേവ് സ്റ്റേഷനു വേണ്ടിയാണ് ഉപയോഗിക്കുന്നത്. ഗവ. ആശുപത്രി No 16 പ്രവൃത്തി പൂർത്തിയായി ചാർജ്ജ് ചെയ്തിട്ടില്ല.

## പ്രശ്നങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾക്ക് വോൾട്ടേജ് ക്ഷാമം നേരിടുന്നു.
2. വൈദ്യുതി ബോർഡ് ജീവനക്കാരുടെ അനാസ്ഥകാരണം കാലാകാലങ്ങളിലെ അറ്റകുറ്റപ്പണിയും മരച്ചില്ലകൾ ലൈനുകളിൽ തൊട്ടുകിടക്കുന്നതിനാലും വൈദ്യുതി പ്രസരണം നമുക്ക് നഷ്ടപ്പെടുന്നു.

## നിർദ്ദേശങ്ങൾ

1. വയനാടിന്റെ കവാടമായ ലക്കിടിയിൽ തെരുവ് വിളക്കില്ല. നടപ്പു പദ്ധതിയിൽ അൺ ടൈഡ് ഫണ്ട് 75000 രൂപ നീക്കി വെച്ചിട്ടുണ്ട്.

**വഴിവിളക്ക് സ്ഥാപിക്കേണ്ട പ്രദേശങ്ങൾ**

| നമ്പ്ര് | പ്രദേശം | വാർഡ് |
|---|---|---|
| 1. | ചുണ്ടേൽ ടൗൺ മുതൽ മേപ്പാടി പഞ്ചായത്ത് അതിർത്തി വരെ | 1 |
| 2. | കാപ്പുംകുന്ന് റോഡ് | 1 |
| 3. | ശ്രീപുരം റോഡ് | 1 |
| 4. | 17ാം നമ്പ് പാടിയുടെ ഭാഗത്തേക്കുള്ള വഴിയിൽ മുളംകാടുകളുടെ ഭാഗം | 2 |

| | | |
|---|---|---|
| 5. | വട്ടവയൽ റോഡ് | 2 |
| 6. | ചുണ്ട ലക്ഷം വീട് ഭാഗത്ത് പള്ളിക്ക് സമീപം | 2 |
| 7. | ചുണ്ട-വലിയുമല റോഡ് | 1 |
| 8. | തളിമല ഹരിജൻ കോളനിറോഡ് | 4 |
| 9. | വൈത്തിരി പിടികകണ്ടിറോഡ് | 5 |
| 10. | വൈത്തിരി-കോളിച്ചാൽ-16 ദോഡിൽ | 6 |
| 11. | 12ാം പാലം-നരികുട്ടുമുക്ക് റോഡിൽ | 5 |
| 12. | നരികൂട്ടമുക്ക്-കോളിച്ചാൽറോഡ് | 6 |
| 13. | നരികുട്ടുമുക്ക്-സുഗന്ധഗിരിറോഡ് | 5 |
| 14. | തളിപ്പുഴ-പൂക്കോട്-നരികൂട്ടമുക്ക്റോഡ് | 6 |
| 15. | വൈത്തിരി-ഹൈസ്കൂൾ പ്രദേശം | 4 |

b സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട പ്രദേശം

| നമ്പർ | പ്രദേശം | വാർഡ് |
|---|---|---|
| 1. | നരികൂട്ടമുക്ക്-പഴയവൈത്തിരി | 7 |
| 2. | പഴയവൈത്തിരി-നെല്ലോളിയൻപാറ | 7 |
| 3. | തളിപ്പുഴ-ലക്ഷംവീട് കോളനി | 7 |
| 4. | തങ്ങാംകുണ്ട്-ആദിവാസികോളനി | 7 |
| 5. | ലക്കിടി-പഞ്ചായത്ത് ഫുട്പാത്ത് | 6 |
| 6. | ലക്കിടി-അറമല | 8 |
| 7. | പഴയവൈത്തിരി-ചാരറ്റി | 4 |

c 10ാം വാർഡിൽ ശ്രീപുരം-ചെമ്പട്ടി ആദിവാസി കോളനി വൈദ്യുതീകരിക്കുക.

d ചുണ്ട ലക്ഷം വീട് ബാക്കിയുള്ള വീടുകൾ വൈദ്യുതീകരിക്കുക.

e വട്ടവയൽ -ആദിവാസി കോളനി വൈദ്യുതീകരിക്കുക.

f വട്ടക്കുണ്ട്-ആദിവാസി കോളനി വൈദ്യുതീകരിക്കുക.

g 12-ാം പാലം ലക്ഷം വീട് കോളനി വൈദ്യുതീകരിക്കുക.

h ജൂബ്ലി-കുന്നത്ത് തോട്ടം കമ്മാടംകുന്ന് പ്രദേശങ്ങളിൽ വൈദ്യുതീകരിക്കുക

i കോളിച്ചാലിനും-നരികൂട്ടമുക്കിന്റെയും ഇടയിൽ വൈദ്യുതി എത്തിക്കുക

j പൂക്കോട് തടാകത്തിനു സമീപമുള്ള വീടുകൾ വൈദ്യുതീകരിക്കുക.

k കോളിച്ചാൽ-സുഗന്ധഗിരി സ്കൂൾവരെ ത്രീ ഫേസ് ലൈൻ സ്ഥാപിക്കുക.

l അറമല പ്രദേശത്ത് വൈദ്യുതി എത്തിക്കുക.

m അറമല ലക്ഷം വീട് വൈദ്യുതീകരിക്കുക

n ഡയറി പ്രൊജക്ടിലെ ബാക്കിയുള്ള വീടുകൾ വൈദ്യുതീകരിക്കുക

o മിച്ച ഭൂമിയിലെ 20 കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുക.

p ലക്കിടിയിൽ നിന്നും മുന്നോക്ക വരെയുള്ള വീടുകൾ വൈദ്യുതീകരിക്കുക.

C 1 ചുണ്ടേൽ കണ്ണൻ ചാത്ത് പ്രദേശത്ത് ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിക്കുക.

d 1ARST ട്രാൻസ്ഫോർമർചേരട്ടിക്ക്സമീപം മാററിസ്ഥാപിച്ചാൽ പ്രസ്തുത പ്രദേശത്തെ വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

2 സുഗന്ധഗിരി ട്രാൻസ്ഫോർമർ (No 13) നിന്നും കോളിച്ചാൽ പ്രദേശത്തെ ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയാൽ കോളിച്ചാൽ പ്രദേശത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കാം.

3. വൈദ്യുതി ഉപയോഗത്തിൽ ഇന്ന് നമ്മുടെ സംസ്ഥാനത്തെ കണക്ഷനുകളിൽ നല്ലൊരുഭാഗം ചിലവിടുന്നത് ഒരു ചെറുവിഭാഗം പണക്കാരാണ്. അലങ്കാരത്തിനും ആഡംബരത്തിനും വേണ്ടി ചിലവിടുന്ന വൈദ്യുതിക്ക് കോളത്തിൽ പരിമിതി ഓരോ കുടുംബത്തിനും ഏർപ്പെടുത്തേണ്ടതാണ് (റേഷനിംഗ്)

4. വൈദ്യുതി ക്ഷാമം രൂക്ഷമായതിനാൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.

5 ലക്കിടിയിൽ അനെർട്ട് സ്ഥാപിച്ച ചെറുകിട വൈദ്യുതി പദ്ധതി പ്രവർത്തനക്ഷമമാക്കുക.

6. സഹകരണാടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് വിളക്ക് കത്തിക്കുന്നതിന് സംവിധാനമുണ്ടാക്കാൻ കഴിയും.

7. വെള്ളറിമല വെള്ളച്ചാട്ടം ഉപയോഗിച്ച് ചെറുകിട വൈദ്യുത പദ്ധതി ആരംഭിക്കാം.

## പാചക ഉപാധികൾ

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന മൂന്ന് തേയില ഫാക്ടറികളിൽ വിറകിന് പകരം ഇപ്പോൾ കൽക്കരിയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ 95%ത്തിലധികം വീടുകളിലും പാചക ആവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്.ഒരു ദിവസം ഈ പഞ്ചായത്തിലെ പാചക ഉപയോഗത്തിന് 25000 ത്തോളം കിലോ വിറക് ചിലവാകുന്നു. ഇതിന്റെ വില കണക്കാക്കിയാൽ ഒരു ദിവസം 50,000 രൂപയോളം വരും. ഇത് ഒരു മാസത്തിൽ 15 ലക്ഷത്തോളമാണെന്നോർക്കുക. ഇന്ന് കടുത്ത ദാരിദ്ര്യം വിറകിന്റെ കാര്യത്തിൽ നേരിടുകയാണ്. ഇതിനെ മറികടക്കണമെങ്കിൽ ആധുനിക രീതിയിലുള്ള ഉയർന്ന ഇന്ധനക്ഷമതയുള്ള പുക കുറഞ്ഞ അടുപ്പുകളുടെ പ്രചാരം വർദ്ധിപ്പിക്കുകയും പ്രസ്തുത അടുപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ മുൻകൈയ്യോടെ ആരംഭിക്കുകയും ചെയ്യുക.

പാചക ആവശ്യത്തിന് ബയോഗ്യാസ് ഉപയോഗി

ക്കുന്നവരുടെ എണ്ണം വളരെ വിരളമാണ്. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ പാചക ആവശ്യം, വെളിച്ചം, എന്നീ കാര്യങ്ങൾക്ക് ഉപയോഗിക്കുകയും വളം കൃഷിക്ക് ഉപയോഗിക്കുകയും ചെയ്യാം.

മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക്ക് സ്റ്റൗ പാചക ആവശ്യത്തിന് ഉപയോഗിക്കുന്നവരുടെ എണ്ണം വിറകിൻെറ ക്ഷാമം വർദ്ധിക്കുന്നതിനനുസരിച്ച് കൂടിവരുന്നുണ്ട്. പാചക ഗ്യാസ് ഉപയോഗിക്കുന്നവരുടെ എണ്ണം ചെറിയ രീതിയിലാണെങ്കിലും വർദ്ധിച്ചുവരുന്നുണ്ട്.

തരിശായികിടക്കുന്ന ഭൂമി പഞ്ചായത്ത് പാട്ടത്തിനെടുത്ത് വിറകിന് പററിയ മരങ്ങൾ നട്ടുപിടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ വിറക് ശേഖരിച്ച് വിൽക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന് വരുമാനവും പാചകാവശ്യത്തിന് വിറക് ലഭ്യമാവുകയും ചെയ്യും.

# മാർക്കററ്

കർഷകൻെറ ഉല്പന്നങ്ങൾ വിററഴിക്കുന്നതിനും കൈമാററത്തിലൂടെ ബഹുജനബന്ധം സുദൃഢമാക്കുന്നതിനും മാർക്കററുകൾ ശ്രദ്ധേയമായ പങ്ക് വഹിക്കുന്നു. ചുണ്ടയിലും, വൈത്തിരിയിലുമായി രണ്ടുമാർക്കററുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ മാർക്കററുകളുടെ അഭാവം നിമിത്തം റോഡരുകിലും മററും മത്സ്യമാംസങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. ആഴ്ചച്ചന്തകൾ ഈ പഞ്ചായത്തിലില്ല. കൃഷി വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതുകൊണ്ടും, റോഡു വാഹനസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടും വിളകൾക്ക് ന്യായമായ വില ലഭിക്കുന്നില്ല എന്നതാണ് സത്യം. എന്നാൽ ലാഭം ഇടത്തട്ടുകാരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. പ്രധാന കാർഷിക ഉൽപ്പന്നങ്ങളുടെ വിൽപന പഞ്ചായത്തിനു പുറത്ത് കൽപ്പററ മുൻസിപ്പാലിറ്റിയിലാണ് നടക്കുന്നത്.

രണ്ടു മാർക്കററിൽ നിന്നുമാണ് നാമമാത്രമായ വരുമാനം പഞ്ചായത്തിന് ലഭിക്കുന്നത്.

വെളിച്ചത്തിൻെറ അഭാവവും, മാലിന്യങ്ങൾ ഒഴിവാക്കുന്നതിനും, വെള്ളം ഒഴിച്ച് ശുചീകരിക്കുന്നതിനും സൗകര്യം ഇല്ലാത്തതുകൊണ്ട് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു.

## പ്രശ്നങ്ങൾ

1. മാർക്കററുകളുടെ അഭാവം
2. കാർഷിക വിളകൾ കൊണ്ടുപോകുന്നതിനുള്ള റോഡ് വാഹന അസൗകര്യങ്ങൾ
3. മാർക്കററുകളിലെ അസൗകര്യം.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള രണ്ട് മാർക്കററുകൾക്ക് പുറമെ പഴയ വൈത്തിരിയിൽ ഒരു മത്സ്യമാംസ പച്ചക്കറി മാർക്കററ് തുടങ്ങുക.
2. ചുണ്ട, വൈത്തിരി അങ്ങാടിയിൽ ആഴ്ച ചന്തകൾ തുടങ്ങുക.
3. നിലവിലുള്ള മാർക്കററുകളിൽ വെള്ളം, വെളിച്ചം അഴുക്കുചാൽ, എന്നിവ എത്തിക്കുക.
4. മാർക്കററുകളോടനുബന്ധിച്ച് മത്സ്യഭവനുകൾ ആരംഭിക്കുക.
5. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആഴ്ചയിൽ ഒരു ദിവസം എല്ലാ വാർഡുകളിലും എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
6. [illegible] വിപണന കേന്ദ്രം പഞ്ചാ[illegible]

❖

# 5-5

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം



- ഒന്നിൽ കൂടുതൽ നിലയുള്ളവ. 1%
- കോൺക്രീറ്റ്- 8%
- ഭവനരഹിതർ 8%
- കുടിലുകൾ 13%
- ഓടിട്ട വീടുകൾ 70%

വയനാട്ടിലെ ആദ്യകാലമുണ്ടായിരുന്ന രണ്ടു താലൂക്കുകളിലൊന്നായ സൌത്ത് വയനാട് താലൂക്കിന്റെ ആസ്ഥാനമായിരുന്നു വൈത്തിരി. ആ നിലക്ക് ഔദ്യോഗിക സ്ഥാപനങ്ങൾ കൊണ്ട് സമ്പന്നമായിരുന്നു. എന്നാൽ ഇന്ന് പേരിന് മാത്രം സർക്കാർ സ്ഥാപനങ്ങളാണ് വൈത്തിരി താലൂക്കിന്റെ ആസ്ഥാനമായ വൈത്തിരിയിൽ സ്ഥിതിചെയ്യുന്നത്. പ്രസ്തുത ആപ്പീസുകൾക്കു തന്നെ നല്ല നിലയിൽ പ്രവർത്തിക്കാൻ സർക്കാർ ഇന്നുവരെ ശ്രദ്ധവെച്ച് കെട്ടിടനിർമാണം നടത്തിയില്ല.

താലൂക്ക് ആഫീസ് പ്രവർത്തിക്കുന്നത് ബ്രീട്ടിഷുകാരുടെ കാലത്തുണ്ടായ ഒരു ഇടുങ്ങിയ കെട്ടിടത്തിലാണ്. താലൂക്ക് സപ്ലൈ ഓഫീസ് ഇന്നും വാടകകെട്ടിടത്തിലാണ്. കെട്ടിടങ്ങളുടെ അഭാവം മൂലം വൈത്തിരിയിൽ പ്രവർത്തിക്കേണ്ട ഒട്ടേറെ ഓഫീസുകൾ കൽപ്പറ്റ മുൻസിപ്പാലിറ്റിയിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ആഫീസുകളെല്ലാം വൈത്തിരിയിൽ തന്നെ പ്രവർത്തിക്കുന്നതിന് നല്ല രീതിയിൽ ഒരുമിനി സിവിൽ സ്റ്റേഷൻ നിർമിച്ചാൽ പരിഹാരമാവും.

കേരളത്തിന്റെ മിക്ക ഭാഗങ്ങളിലും വന്നിട്ടുള്ള കെട്ടിടനിർമാണ രംഗത്തെ പുരോഗതി വൈത്തിരി പഞ്ചായത്തിനെ കാര്യമായി സ്വാധീനിച്ചില്ല. അതിനു തെളിവാണ് കച്ചവടസ്ഥാപനങ്ങൾ തന്നെ. പഴയ ഇടുങ്ങിയ കെട്ടിടങ്ങളിലാണ് ഭൂരിഭാഗവും പ്രവർത്തിക്കുന്നത്. വീടുകളിലും ആകെയുള്ളതിന്റെ 8 ശതമാനം മാത്രമാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ ഓടുമേഞ്ഞ വീടുകൾ 70%

ഉണ്ടെങ്കിലും അതിൽ തന്നെ 15% ത്തോളം പ്ലാൻേറഷൻ മേഖലയിലെ എസ്റ്റേറ്റ് തൊഴിലാളികൾക്ക് നിർമിച്ചുകൊടുത്ത ലൈനുകളാണ്. ഈ ലൈനുകളിൽ തന്നെ ഒരു കുടുംബത്തിന് ജീവിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വിരളമാണ്. കൂടാതെ ഓടിട്ടവീടുകളിൽ കോളനി-ലക്ഷം വീട്-മറ്റ് നിർദ്ധനവിഭാഗങ്ങൾക്ക് പണിതു കൊടുത്തവീടുകളാണ്. 10% ഠളം ബാക്കിവരുന്ന 45% ഓടിട്ടവീടുകളിൽ 25%ാളം സൌകര്യപ്രദമായവീടുകളല്ല.

**വൈത്തിരിപഞ്ചായത്തിൽ കുന്നത്തിടവക ചുണ്ടയിൽ എന്നീ രണ്ടു വില്ലേജുകളാണ് ഉള്ളത്. ഏറ്റവും പ്രധാനപ്പെട്ടവീടുകളുടെ വാർഡ്തല കണക്ക്:-**

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഇരുനില കെട്ടിടം | കോൺക്രീറ്റ് | ഓട് | ഓല | റിമാർക്സ് |
|---|---|---|---|---|---|---|
| I | 935 | 15 | 275 | 540 | 120 | ഇരുനില കെട്ടിടം കോൺക്രീറ്റിലും ഓടിലും ഉൾപ്പെടുന്നു. വീടുകളല്ലാത്ത കെട്ടിടങ്ങളും ഈ കണക്കിൽ ഉൾപ്പെടുന്നു. |
| II | 290 | 10 | 75 | 200 | 15 | |
| III | 309 | 5 | 7 | 296 | 6 | |
| IV | 1132 | 12 | 10 | 872 | 250 | |
| V | 493 | 12 | 25 | 400 | 68 | |
| VI | 355 | 4 | 15 | 298 | 42 | |
| VII | 680 | 13 | 63 | 585 | 32 | |
| VIII | 425 | 11 | 21 | 320 | 84 | |
| | 4619 | 82 | 491 | 3511 | 617 | |

ഭവനരഹിതർ 400.

ദുർബ്ബല പിന്നോക്ക വിഭാഗങ്ങൾക്ക് പണിതു നൽകുന്ന വീടുകൾ യാതൊരു സൗകര്യവും ഉള്ളതല്ല. വളരെക്കുറച്ച് പണം മാത്രം ചിലവഴിക്കുന്നത് കൊണ്ട് വളരെ സൗകര്യം കുറഞ്ഞവയും ഒരു വർഷം പോലും ശരിയായ നിലയിൽ നിൽക്കുന്നവയും അല്ല. അതുകൊണ്ട് തന്നെ കണക്കിൽ വീടുള്ളവർതന്നെ പലരും പേരിന് മാത്രം വീടിന്റെ മാതൃകയുള്ളവരാണ്. അതുകൊണ്ട് തന്നെ കണക്കിൽ വീടുള്ളവർ തന്നെ തൊഴിൽ മേഖല തോട്ടം വ്യവസായമാണ്. ആയതുകൊണ്ട് തന്നെ അടുത്ത നാളുകൾ വരെ തോട്ടം തൊഴിലാളികൾ എസ്റ്റേറ്റ് ലൈനുകളെയാണ് താമസത്തിന് ആശ്രയിച്ചിരിക്കുന്നത്. അടുത്ത കാലത്താണ് സ്വന്തമായ സ്ഥലവും വീടും വേണമെന്ന ചിന്ത തന്നെ തൊഴിലാളികൾക്കിടയിൽ ഉണ്ടായത്. പ്രധാനമായും പിന്നിട്ട 1.5 ദശാബ്ദങ്ങൾക്കിടയിൽ വൈത്തിരി പഞ്ചായത്തിൽ ആകെയുള്ള കെട്ടിടങ്ങൾ 4619. അതിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ 491 മാത്രമാണ്. അതിൽ തന്നെ കോൺക്രീറ്റ് വീടുകൾ 450- മാത്രം. ഓടുമേഞ്ഞ വീടുകൾ 3511.

ഒന്നിൽ കൂടുതൽ നിലയുള്ള വീടുകളുടെ എണ്ണം ആകെ 82 മാത്രമാണ് അതിൽ തന്നെ എസ്റ്റേറ്റ് ഫാക്ടറികളും സ്കൂളുകളും ആശുപത്രിയും ഹോസ്റ്റലുകളും ആധുനിക സുഖവാസകേന്ദ്രങ്ങളും ഉൾപ്പെടും. പലരും പേരിനുമാത്രം വീടിന്റെ മാതൃകയുള്ളവരാണ്. അതുകൊണ്ട് തന്നെ ദർബ്ബല-പിന്നോക്ക വിഭാഗങ്ങൾ അനുഭവിക്കുന്ന വീടുകൾ സ്ഥിരമായി നിലനിൽക്കുന്ന തരത്തിൽ രൂപപ്പെടുത്തേണ്ടതാണ്.

ഭവന നിർമ്മാണത്തിന് വൈത്തിരി പഞ്ചായത്തിൽ വായ്പ ലഭിക്കുന്നതിന് സൗകര്യം വിരളമാണ്. വൈത്തിരി കാർഷിക വികസനബാങ്ക് (താലൂക്ക് തലത്തിൽ) ആദ്യകാലത്ത് ഭവനനിർമ്മാണ വായ്പ പരമാവധി 50,000/- രൂപവരെ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ ബാങ്കിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല. കൽപ്പററയിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റി, ഹൗസിംഗ് ബോർഡ് എന്നിവയിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നിബന്ധനകൾ കടുത്തതായതിനാൽ സാധാരണക്കാരന് ലഭ്യമല്ല എന്ന സ്ഥിതിയുണ്ട്. മറ്റ് ബാങ്കുകൾ ഭവന നിർമ്മാണത്തിന് ആവശ്യമായ വായ്പകൾ നൽകുന്നതിന് വിമുഖത കാണിക്കുകയാണ്.

ഭവന നിർമ്മാണത്തിന് മറ്റൊരു പ്രശ്നം സാമഗ്രികളുടെ ലഭ്യതയാണ്. വൈത്തിരിയിൽ അംഗീകൃത കൽക്വാറിയില്ല. അതുകൊണ്ട് കല്ല് 20 കി. മീ ലധികം ദൂരത്ത് നിന്നും കൊണ്ട് വരണം. ഇഷ്ടിക, വെട്ടുകല്ല്, ഹോളോബ്രിക്സ് എന്നിവയും വൈത്തിരി പഞ്ചായത്തിൽ ലഭ്യമല്ല. ഭവന

രഹിതരായ 400-ഓളം പേരിൽ പലർക്കും വീട് വെക്കുന്നതിന് സ്ഥലമില്ലാ എന്നതും പ്രശ്നമാണ്

**വിവിധ സ്കീമുകളിൽ വീട് ലഭ്യമായതിൻെറ കണക്ക്**
**ഐ. ആർ. ഡി. പി സർവ്വെ പ്രകാരം**

| വാർഡ് | വീടു ആവശ്യമുള്ള കുടുംബങ്ങാം | വിവിധസ്കീമുകളിൽ അനുവദിച്ചവ | പൂർത്തിയായവ | പൂർത്തീകരിക്കേണ്ടത് | ഇനിയും ആവശ്യമുള്ളവ |
|---|---|---|---|---|---|
| I | 37 | 17 | 11 | 4 | 20 |
| II | 25 | 4 | 2 | 2 | 21 |
| III | 21 | 4 | 2 | 2 | 17 |
| IV | 42 | 20 | 9 | 11 | 20 |
| V | 20 | 6 | 3 | 3 | 14 |
| VI | 35 | 10 | 6 | 4 | 25 |
| VII | 49 | 13 | 8 | 5 | 36 |
| VIII | 50 | 15 | 9 | 6 | 35 |

ഭവനരഹിതർ 400 ഉം ഓലമേഞ്ഞ കുടിലുകാം 617 ഉണ്ട്. വിവിധ വായ്പാ സഹായപദ്ധതികളിൽ വീട് ലഭിച്ചതും പുനർ നിർമ്മാണത്തിനായതുമായ വീടുകളും കണക്കാക്കിയാൽ 1200-ഓളം ഭവനങ്ങാം ഈ പഞ്ചായത്തിൽ ആവശ്യമാണ്. കൂടാതെ എസ്റ്റേറ്റ് ലൈനുകളിൽ കഴിയുന്ന 500 -ഓളം പേർക്കും സ്വന്തമായി വീടില്ല.

### ആവശ്യങ്ങാം

1. ഭൂരഹിതരായ ആളുകാംക്ക് ഭൂമി നൽകുക.

a1 സർക്കാർ ഭൂമി പതിച്ചു നൽകുക (നാല്സെൻറ് അപര്യാപ്തം)

a 2 സ്വകാര്യ വ്യക്തികളുടെ കൈവശം 100 ഏക്രയോ അതിൽ കൂടുതലോ സ്ഥലമുണ്ടെങ്കിൽ ഒരു നൂറ് ഏക്രയിൽ നിന്നും 10 സെൻറ് വീതം 10 പേർക്ക് (1 ഏക്ര) വീടുവെക്കുവാനുള്ള സ്ഥലം കൊടുക്കാൻ നിയമം കൊണ്ടുവരിക.

2. സ്വകാര്യവ്യക്തികാം പണിയുന്ന വീടുകാംക്ക് 3 ലക്ഷം രൂപയോ അതിൽ കൂടുതലോ ചിലവ് വരികയാണെങ്കിൽ ഓരോ മൂന്ന് ലക്ഷത്തിനും ഒരു പാവപ്പെട്ട കുടുംബത്തിൽ വീട് നിർമ്മിച്ച് കൊടുക്കുവാൻ നിയമം കൊണ്ട് വരിക. (സർക്കാർ ഒരു വീടിന് നൽകുന്ന തുക)

3. നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികാംക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുക.

4. സഹകരണ സംഘങ്ങാം വഴി ഭവന നിർമ്മാണ വായ്പക്ക് കൂടുതൽ പദ്ധതികാം നടപ്പിലാക്കുക.

5. കല്ല്, മെറ്റൽ ഇവയുടെ ദൗർലഭ്യം ഇല്ലാതാക്കാൻ ക്വാറികാംക്ക് നൽകുന്നതിനുള്ള നിയമത്തിൽ അയവു വരുത്തുകയും സഹകരണ സ്ഥാപനങ്ങാം സ്ഥാപിക്കുകയും ചെയ്യുക.- സഹകരണാടിസ്ഥാനത്തിൽ ഇഷ്ടിക- ഹോളോബ്രിക്സ് തുടങ്ങിയ ഭവന നിർമ്മാണ സാമഗ്രികാം നിർമ്മിക്കുന്നതിന്ന് സൊസൈറ്റികാം രൂപീകരിക്കുക

6. നിർദ്ധന വിഭാഗങ്ങാംക്ക് നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണത്തിൽ സന്നദ്ധ പ്രവർത്തനം ഉപയോഗപ്പെടുത്തുക.

7. ഭവന നിർമ്മാണ പദ്ധതികാം നടപ്പിലാക്കുന്നത് പൂർണ്ണമായും ഗ്രാമപഞ്ചായത്തുകാം വഴി ആയിരിക്കണം. മുൻകൂട്ടി അപേക്ഷ ക്ഷണിച്ച് മുൻഗണന നിശ്ചയിച്ച് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

സർക്കാർ ഉടമസ്ഥതയിലുള്ള ഡയറി പ്രൊജക്ടിനകത്ത് മുമ്പ് പ്രവർത്തിച്ചിരുന്ന ക്വാറി വൈത്തിരി ഹരിജൻ സൊസൈറ്റിക്ക് നൽകി പ്രവർത്തനം പുനരാരംഭിച്ചാൽ സർക്കാരിനും -സൊസൈറ്റിക്കും തൊഴിലാളികാംക്കും വരുമാനവും കല്ല്-മെറ്റൽ എന്നിവയുടെ ദൗർലഭ്യത്തിന് പരിഹാരവുമാവും.

വരുന്ന 5 വർഷം കൊണ്ട് ഈ പഞ്ചായത്തിലെ ഭവനരഹിതർക്ക് വീടുണ്ടാക്കുന്നതിന് സർക്കാറിൻെറയും- സഹകരണ സംഘങ്ങളുടെയും എൽ. ഐ. സി പോലുള്ള സ്ഥാപനങ്ങളുടെയും ജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും നമുക്ക് കഴിയും. അതിനായി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

## സാമൂഹ്യക്ഷേമം

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ജീവിതത്തിൻെറ നാനാഭാഗങ്ങളിലുള്ള

പിന്നോക്കാവസ്ഥയിൽ നിന്നും കൈപിടിച്ചുയുർത്തുക എന്നതാണ് സാമൂഹ്യക്ഷേമ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ സാമൂഹ്യക്ഷേമത്തിനു വേണ്ടി വ്യത്യസ്ത സർക്കാർ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വ്യക്തമായ ധാരണ ഉപഭോക്താക്കൾക്ക് ലഭ്യമല്ല എന്നതിനാൽ അർഹതക്കനുസരിച്ച് ഗുണം ലഭിച്ചിട്ടില്ല എന്ന് നമുക്ക് കണക്ക് പരിശോധിച്ചാൽ മനസിലാവും.

വ്യത്യസ്ത ഏജൻസികൾ അവരുടെ പ്രവർത്തനം സംബന്ധിച്ച് പരസ്പര ധാരണയുണ്ടാക്കുന്നതിനുള്ള സംവിധാനമില്ലാത്തതിനാലും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് നിയുക്തമായ ഉദ്യോഗസ്ഥന്മാരുടെ പ്രതിബദ്ധത കുറവുകൊണ്ടും പലപ്പോഴും ആനുകൂല്യങ്ങൾ പലതും ചിലർക്കുമാത്രം കിട്ടുകയോ മുഴുവൻ ലഭ്യമല്ലാതാവുകയോ ചെയ്യുന്നുണ്ട്. ഈ നിലക്ക് മാറ്റം വരേണ്ടതാണ്.

ദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പദ്ധതികൾ, ക്ഷേമ പദ്ധതികൾ, പെൻഷൻ പദ്ധതികൾ തുടങ്ങി സർക്കാർ നടപ്പിലാക്കിയ മുഴുവൻ പദ്ധതിയും വൈത്തിരി പഞ്ചായത്തിലും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ആഗ്രഹിക്കുന്ന അർത്ഥത്തിൽ പുരോഗതി കൈവരിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രധാനമായും തോട്ടം തൊഴിലാളികൾ -കർഷക തൊഴിലാളികൾ-ആർട്ടിസാൻ തൊഴിലാളികൾ-ലോഡിംഗ് തൊഴിലാളികൾ-മോട്ടോർ തൊഴിലാളികൾ -ഹോട്ടൽ ആൻറ് ഷോപ്പ് തൊഴിലാളികൾ എന്നിവരാണ് പ്രധാനമായും തൊഴിൽ മേഖലയിലുള്ളത്.

പട്ടികജാതി വിഭാഗത്തിൻെറ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന താലൂക്ക് പട്ടികജാതി ഓഫീസ് കൽപ്പറ്റയിലാണ് പ്രവർത്തിക്കുന്നത്. താലൂക്ക് പട്ടികജാതി ആപ്പീസിലൂടെ നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച പ്രവർത്തനം ഒരു പത്രവാർത്തയിലൊതുങ്ങാറാണ് പതിവ്. അതുപോലെ തന്നെ പട്ടികവർഗ്ഗക്ഷേമത്തിന് കൽപ്പറ്റയിൽ ഐ. ടി. ഡി. പി. ഓഫീസും വൈത്തിരിയിൽ ടി. ഡി. ഒ. ഓഫീസും പ്രവർത്തിക്കുന്നു. ഓരോ വർഷവും ലക്ഷകണക്കിന് രൂപ ചിലവഴിച്ച പത്രവാർത്ത കാണാമെങ്കിലും അവരുടെ പൂർണ്ണമായും സാമൂഹ്യവളർച്ച ഉറപ്പുവരുത്താൻ കഴിഞ്ഞില്ല എന്നതാണ് ആ വിഭാഗത്തിൻെറ ജീവിതാവസ്ഥ-പരിശോധിച്ചാൽ മനസ്സിലാവും.

വനിതാ വികസന കോർപ്പറേഷൻ പ്രവർത്തനം നമ്മുടെ ഗ്രാമീണ മേഖലയിൽ ഒരു തലത്തിലും പ്രചരണത്തിൽ പോലും എത്തിയിട്ടില്ല. പ്രചരണത്തിൽ എത്താതിരിക്കുന്ന ഒന്ന് പ്രയോഗത്തിൽ എത്ര എന്ന് ചിന്തിക്കേണ്ട ആവശ്യമില്ലല്ലൊ. അതൊക്കെ നഗരങ്ങളിലെ കുബേര സ്ത്രീകൾ മാത്രമറിയുന്ന ഒന്നാണ് എന്നാണ് തോന്നുന്നത്.

ബ്ലോക്കിൻെറ കീഴെ പ്രവർത്തിക്കുന്ന വി. ഇ. ഓഫീസിൽ നിന്നും ലഭ്യമായ സഹായ പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

വി. ഇ. ഒ. പ്രവർത്തിക്കുന്നത് ചുണ്ടയിൽ സൗകര്യമില്ലാത്ത ഒരു കെട്ടിടത്തിലാണ്. 92-93 മുതൽ 95-96 വരെയുള്ള കണക്കുകൾ പ്രകാരം 1151 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെ ജീവിക്കുന്നവരും ഇതിൽ 235 പേർ എസ്. സി/എസ്. ടി. വിഭാഗത്തിൽപ്പെടുന്നവരും. എന്നാൽ പിന്നിട്ട മൂന്നുവർഷം സാമ്പത്തിക സഹായം ലഭിച്ചവർ 86 ഉം ഇതിൽ എസ്. എസി/എസ്. ടി. 43 ഉം ആകുന്നു. ഈ കണക്കുകൾ തന്നെ സൂചിപ്പിക്കുന്നത് ദാരിദ്ര്യ രേഖക്ക് താഴെ ജീവിക്കുന്ന ഈ പഞ്ചായത്തിലെ കാർഡുടമകളുടെ 35% ആണ്. അതിൽ 7% ത്തിന് മാത്രമാണ് സഹായം ചെയ്യാൻ കഴിഞ്ഞുള്ളത് എന്നാണ്. ഇതിൻെറ പരിമിതി എത്രമാത്രമാണെന്ന് ഈ കണക്കുകൾ കാണിക്കുന്നു.

### ട്രൈസം

18 വയസ്സുമുതൽ 35 വയസ്സുവരെയുള്ള യുവതീയുവാക്കൾക്ക്സ്വയം തൊഴിൽ പരിശീലനം നൽകുന്നതിനാണ് ട്രൈസം. ഈ രംഗത്ത് കഴിഞ്ഞ മൂന്നു വർഷംകൊണ്ട് 14 പേർക്ക് പരിശീലനം നൽകിയതായി കാണുന്നു. 9 പേർ സ്വയംതൊഴിൽ കണ്ടെത്തിയതായും. ഈ കണക്കുകൾ സ്വയം തൊഴിൽ പരിശീലിപ്പിക്കുന്നതിൽ നമ്മുടെ പരാജയം വെളിപ്പെടുത്തുന്നതാണ്.

### ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്.

ഐ. ആർ. ഡി. പി സർവ്വേ പ്രകാരം വൈത്തിരി പഞ്ചായത്തിലെ കൈതൊഴിൽകാരുടെ എണ്ണം 79 ആണ്. അതിൽ 7 പേർക്കാണ് ടൂൾകിറ്റ് വിതരണം ചെയ്തത്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി. ആർ. എസ്. പി. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം പഞ്ചായത്തതിൽ 414 കുടുംബങ്ങൾ സാനിട്ടറി കക്കൂസ് ഇല്ലാത്തവരാണ്. ഇത് തന്നെ യഥാർത്ഥ കണക്കല്ല ആവശ്യക്കാർ ഇതിനെക്കാൾ നാലിരട്ടിയെങ്കിലും വരും. ആകെ അനുവദിച്ച കക്കൂസുകൾ 63 ആണ്. അതിൽ തന്നെ പൂർത്തീകരിച്ചവ 52 എണ്ണം ആണ്. ആരോഗ്യരംഗത്തെ പ്രവർത്തനം ശക്തിപ്പെടുത്താൻ ആരോഗ്യമേഖലയിലേക്ക് അനുവദിക്കുന്നഫണ്ട് ഈ ആവശ്യത്തിനായി അനുവദിക്കേണ്ടതാണ്.

## ഡി. ഡബ്ല്യു. സി. ആർ. എ

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി. ഡബ്ല്യു. സി. ആർ. എ

ഈ പദ്ധതിക്ക് കീഴെ ഈ പഞ്ചായത്തിൽ 1985 നു ശേഷം 3 സ്ത്രീകളാണ് ആരംഭിച്ചത്. 3 പേർക്ക് തൊഴിൽ നൽകുന്ന ഡയറി യുണിറ്റ്, 5 പേർക്ക് തൊഴിൽ നൽകുന്ന മെഴുകുതിരിയൂണിറ്റ് ഇവ രണ്ടും ഇന്ന് പ്രവർത്തനരംഗത്തില്ല. 1996-97 വർഷത്തെ പദ്ധതിയിൽ ഒരു ഗാർമെൻറ് മേക്കിങ്ങ് യൂണിറ്റ് ആരംഭിച്ച് 10 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

## പെൻഷൻ പദ്ധതികൾ

കർഷകതൊഴിലാളി പെൻഷൻ പഞ്ചായത്തിൽ 85 പേർക്കാണ് ലഭിക്കുന്നത്. അർഹരായ മഴുവൻ പേർക്കും കൊടുക്കാൻ കഴിയുന്ന രീതിയിൽ അപേക്ഷ സ്വീകരിക്കുന്നതിലും അർഹരെ തിരഞ്ഞെടുക്കുന്നതിലും വരുന്ന കാലതാമസം ഒഴിവാക്കണം.

## വികലാംഗ പെൻഷൻ

പഞ്ചായത്തിലെ 45 പേർക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. വികലാംഗ സർട്ടിഫിക്കറ്റ് നൽകുന്നത് മാനന്തവാടി മെഡിക്കൽ ബോർഡ് ആണ് എന്നുള്ളത് കൊണ്ട് അർഹമായ പല വികലാംഗർക്കും വണ്ടി വിളിച്ചു പോയാലെ കാര്യം സാധിക്കു. അതുകൊണ്ടുതന്നെ പലർക്കും പെൻഷൻ ലഭിക്കുന്നില്ല. താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർക്ക് അധികാരം നൽകുകയോ, താലൂക്കാശുപ്രതിയിൽ മൂന്നു മാസത്തിലൊരിക്കൽ ബോർഡ് സിറ്റിങ്ങ് നടത്തുകയോ വേണം.

## വിധവാ പെൻഷൻ

പഞ്ചായത്തിൽ 52 പേർക്കാണ് ഈ പെൻഷൻ ലഭ്യമാകുന്നത്. പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തണം. സാമാന്യ ഘടനയുടെ സവിശേഷതകൊണ്ട് പലപ്പോഴും ആൺകുട്ടികളുണ്ടെങ്കിലും വിധവകൾക്ക് യതൊരുവിധ കാര്യവുമില്ലാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് സാമ്പത്തിക മാനദണ്ഡ ത്തിൻെറ അടിസ്ഥാനത്തിലാവണം.

വാർദ്ധക്യകാലപെൻഷൻ പഞ്ചായത്തിൽ 38 പേർക്കും ക്ഷയരോഗ പെൻഷൻ 2 പേർക്കും. കുഷ്ഠ-കാൻസർ രോഗ പെൻഷൻ 1 ആൾക്കും ലഭ്യമാവുന്നുണ്ട്. തൊഴിലില്ലായ്മ വേതനം 200-ഓളം പേർക്ക് ലഭ്യമാണ്. അവശകലാകാരന്മാർക്കുള്ള പെൻഷൻ പഞ്ചായത്തിൽ ആർക്കും ലഭ്യമല്ല.

പെൻഷനുകളെ സംബന്ധിച്ച് പരിശോധിച്ചാൽ അനർഹർക്ക് ലഭിയ്ക്കുകയും, അർഹർക്ക് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. കൃത്യമായി ഒരു മാസമോ രണ്ടു മാസമോ കൂടുമ്പോൾ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിയേണ്ടതുണ്ട്. കാലതാമസം സ്ഥിരമായ ഒരു സംവിധാനമായിട്ടുണ്ട്. ഇതുമാറണം. ഗ്രാമപഞ്ചായത്തുകളിലൂടെ അപേക്ഷ ക്ഷണിച്ച് അർഹരെ നിശ്ചയിച്ച് ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കണം.

**പഞ്ചായത്തിൽ ലഭ്യമാവുന്ന പെൻഷൻ പട്ടിക**

| ഇനം | എണ്ണം |
|---|---|
| 1. കർഷകതൊഴിലാളി പെൻഷൻ | 85 |
| 2. വിധവാ പെൻഷൻ | 52 |
| 3.വാർദ്ധക്യകാലപെൻഷൻ | 38 |
| 4. വികലാംഗ പെൻഷൻ | 45 |
| 5. ക്ഷയരോഗ പെൻഷൻ | 2 |
| 6. കുഷ്ഠ-കാൻസർ പെൻഷൻ | 1 |

## ക്ഷേമ നിധികൾ

കർഷകതൊഴിലാളി ക്ഷേമ നിധിയിൽ നിന്ന് ആനുകൂല്യം പഞ്ചായത്തിലെ 400-ഓളം തൊഴിലാളികൾക്ക് ലഭിയ്ക്കുന്നുണ്ട്. ക്ഷേമ നിധിയിലേയ്ക്ക് ഭൂ ഉടമകളുടെ വിഹിതം വാങ്ങിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചാലേ ക്ഷേമ നിധിയുടെ ഗുണഫലം കർഷക തൊഴിലാളികൾക്ക് പൂർണ്ണമായി ലഭിയ്ക്കുകയുള്ളു.

## ആൾട്ടിസാൻസ് ക്ഷേമനിധികൾ

ആർട്ടിസാൻസും അവരുടെ സഹായികളായ തൊഴിലാളികളിൽ തുടക്കം 200-ഓളം പേർ അംഗങ്ങളായിട്ടുണ്ട്. അവരുടെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിന് സഹകരണ ബാങ്കുകളിൽ കൂടി സൗകര്യം ഏർപ്പെടുത്തണം.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി

ക്ഷേമനിധി നിലവിലുള്ള ഓട്ടോറിക്ഷ തൊഴിലാളികൾക്ക് പ്രസ്തുത ക്ഷേമനിധിയിൽ ചേരാൻ കഴിഞ്ഞിട്ടില്ല. കാരണം ഓഫീസ് കോഴിക്കോട് ആണ് പ്രവർത്തിക്കുന്നത്. വയനാട്ടിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ആരംഭിയ്ക്കുകയും ടാക്സി തൊഴിലാളികൾക്ക് ക്ഷേമ നിധി നടപ്പാക്കുകയും വേണം. ബാർബർ തൊഴിലാളികൾക്കുള്ള ക്ഷേമനിധിയിൽ വൈത്തിരി പഞ്ചായത്തിലെ പന്ത്രണ്ടോളം പേർ അംഗങ്ങളാണ്. തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ 40 ലധികം പേർ അംഗങ്ങളാണ്.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ സേവനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ വൈത്തിരി പഞ്ചായത്തിലെ 8 വാർഡുകളിൽ 2 ഒഴികെയുള്ള എല്ലാവാർഡുകളിലും ആയി 11 എണ്ണം പ്രവർത്തിക്കുന്നു. അംഗൻവാടികളുടെ കെട്ടിടങ്ങൾ സ്വന്തമായി ഇല്ലാത്തതും ഉള്ള കെട്ടിടങ്ങൾക്ക് സൗകര്യമില്ലാത്തതും അറ്റകുറ്റപണികൾ നടത്താത്തതും കുട്ടികൾക്ക് കളിക്കോപ്പുകൾ ലഭ്യമല്ലാത്തതും അംഗൻവാടികളുടെ പ്രവർത്തനത്തെ കാര്യമായി ബാധിയ്ക്കുന്നു. ഇതുമൂലം ഉണ്ടാകുന്ന അസംതൃപ്തിയാണ്. പൊതുവെ അംഗൻവാടി ജീവനക്കാരോട് ഉണ്ടാവുന്നത്. 9 മണി മുതൽ $3^{1/2}$ വരെ ജോലി ചെയ്യുകയും മറ്റു ഫീൽഡ് വർക്ക് ചെയ്യുകയും ചെയ്യുന്ന അംഗൻവാടി ജീവനക്കാർക്ക്നൽകുന്ന വേതനം തുച്ഛമാണ്. വർദ്ധനവ് വരുത്തണം. പ്രാദേശിക സമാഹരണവും ആവാം

| അംഗൻവാടികളിൽ നിന്നു ശേഖരിച്ച വിവരപ്പട്ടിക | |
|---|---|
| 1. (എ) ആകെ ജനസംഖ്യ | 14541 |
| (ബി) പുരുഷന്മാർ | 7358 |
| (സി) സ്ത്രീകൾ | 7183 |
| 2. (എ) പട്ടികജാതി ജനസംഖ്യ | 1918 |
| (ബി) പട്ടികവർഗ്ഗ ജനസംഖ്യ | 672 |
| 3. (എ) അംഗൻവാടികളുടെ എണ്ണം | 11 |
| 4. 1 മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ | 351 |
| 3 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾ | 644 |
| 5. ആകെഗർഭിണികൾ | 76 |
| 6. മുലയൂട്ടുന്ന അമ്മമാർ (6 മാസം വരെ പ്രായമുള്ള കുട്ടികൾ) | 92 |
| 7. കഴിഞ്ഞ വർഷം നടന്ന പ്രസവം | 185 |
| 8. ഒരു വയസ്സിനു താഴെ മരിച്ച കുട്ടികൾ | 3 |
| 9. 3 വയസ്സിന് താഴെ മരിച്ച കുട്ടികൾ | 4 |

### പഞ്ചായത്ത് രജിസ്റ്റർ പട്ടിക -95-96

ജനനം -390
മരണം - 138
ചാപ്പിള്ള - 5

എൻ. ബി. :- താലൂക്ക് ആശുപത്രിയിൽ വരുന്ന മറ്റ് പഞ്ചായത്തുകാം ഉൾപ്പെടെ.

### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസിയെക്കൊണ്ടോ ജെ. ആർ. വൈ. ഫണ്ടോ ഉപയോഗിച്ച് കെട്ടിടമില്ലാത്തവയ്ക്ക് കെട്ടിടം പണിയുകയും ഉള്ളവയ്ക്ക് അറ്റകുറ്റ പണികൾ നടത്തുകയും ചെയ്യുക.
2. ഡി. ഡബ്ല്യു. സി. ആർ. എ ഫണ്ടിൻെറ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ ഉപയോഗിക്കുക.
3. പോഷക ആഹാരത്തിന് നൽകുന്ന സംഖ്യ വർദ്ധിപ്പിക്കുക.
4. അനെർട്ട് അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.
5. അംഗൻവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുക.
6. പൊതുപ്രവർത്തനത്തിൽ അംഗൻവാടി ജീവനക്കാരെ സജീവമാക്കാൻ ബോധവൽക്കരണം നടത്തുക.

II

1. പഞ്ചായത്തിലെ അംഗൻവാടികളിൽ കക്കൂസ് നിർമ്മിയ്ക്കുക.
2. അംഗൻവാടികൾ കൂടുതലായി ആവശ്യമുളള സ്ഥലങ്ങൾ

വാർഡ് 1- 1. ചെമ്പട്ടി. 2. ശ്രീപുരം 3. കുഞ്ഞംകോട്
വാർഡ് 2. വെള്ളംകൊല്ലി
വാർഡ് 4- നാരാങ്ങാകുന്ന്, വട്ടപ്പാറ, മുള്ളമ്പാറ
വാർഡ് 7- തങ്ങൾകുന്ന്കോളനി, തളിപ്പുഴ
വാർഡ് 8- ലക്കിടി, അറമല

III

പൊതുവായ വൃദ്ധമന്ദിരം സ്ഥാപിക്കുക

### പൊതുവായ നിർദ്ദേശങ്ങൾ

1. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് നിർദ്ധന വിഭാഗങ്ങൾക്കും വ്യത്യസ്ത ഡിപ്പാർട്ട്മെൻറുകളിലൂടെ വിതരണം ചെയ്യുന്ന സഹായങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ അപേക്ഷ സ്വീകരിച്ച് അർഹരായവരെ തിരഞ്ഞെടുക്കുകയും ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി ഫണ്ട് വിതരണം ഗ്രാമപഞ്ചായത്തുകൾ മുഖാന്തരമാക്കുകയും ഇതുസംബന്ധിച്ച് ഗ്രാമസഭകളിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
2. അംഗൻവാടികളുടെ പ്രവർത്തനത്തിന് എല്ലാ അംഗൻവാടികളോടനുബന്ധിച്ച് ജനങ്ങളുടെ കമ്മിറ്റികൾ രൂപീകരിച്ച് കഴിയാവുന്ന വിഭവങ്ങൾ ശേഖരിക്കുക.
3. മുഴുവൻ ആളുകളേയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

ജനകീയമായ ആസൂത്രണത്തിലൂടെ നമുക്കുണ്ടാവുന്ന അവബോധം, കൂട്ടായ്മ എന്നീ മഹത്തരമായ കാര്യങ്ങളിലൂടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ നല്ലനിലയിൽ നടത്തുവാൻ കഴിയുമെന്ന് നമുക്ക് ആശിക്കാം.

## പൊതുവിതരണം

വൈത്തിരി പഞ്ചായത്തിലാകെ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ഇതിൽ 17517 കാർഡുകളുണ്ട്. പൊതു വിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. വൈത്തിരിയിൽ ആണ് അത് സ്ഥിതിചെയ്യുന്നത്. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം ഇപ്പോൾ മെച്ചപ്പെട്ട് വരുന്നുണ്ട്. ചുണ്ടയിൽ നടത്തുന്ന തൊഴിലാളി സഹകരണ സ്റ്റോർ പൊതുവിതരണത്തിൽ ആശ്വാസം പകരുന്നു. വിശേഷദിവസങ്ങളോടനുബന്ധിച്ച് നടത്തുന്ന ചന്തകൾ ഒരു പരിധിവരെ ആശ്വാസം പകരുന്നതാണ്. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ആഴ്ചയിലൊരിക്കൽ ചുണ്ടയിൽ വരാറുണ്ട്.

റേഷൻ ഷാപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇവിടെ അരി മറ്റു പലവ്യഞ്ജന സാധനങ്ങൾ എന്നിവയുടെ വിതരണവും ഗുണനിലവാരവും ഉറപ്പു വരുത്തുകയും വേണം.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകണം.

വൈത്തിരിയിൽ പ്രവർത്തിക്കുന്ന താലൂക്ക് സപ്ലൈ ഓഫീസിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും വേണം. ഈ ഓഫീസുമായി ബന്ധപ്പെടുന്ന അപേക്ഷകരെ ഒട്ടേറെ ദിവസങ്ങളിൽ ഓഫീസിൽ കയറ്റി ഇറക്കുന്ന തൊഴിവാക്കി അപേക്ഷകളിൽ സമയബന്ധിതമായ നടപടി സ്വീകരിക്കണം.

പഞ്ചായത്തിലെ റേഷൻ ഷാപ്പുകളിൽ നിന്ന് ലഭിച്ച സ്ഥിതി വിവരകണക്കുകൾ താഴെ ചേർക്കുന്നു.

❖

## വൈത്തിരി ഗ്രാമപഞ്ചായത്ത് ഏഴ് റേഷൻ കടകളിലുടെയുള്ള പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ:-

| വർഷം | കാർഡുടമകളുടെ എണ്ണം | | | ഉപഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | NE | E | ആകെ | മേജർ | മൈനർ | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പെർമിറ്റ് എണ്ണം | പെർമിറ്റ് | കാർഡ് |
| 91-92 | 2699 | 739 | 3438 | 13724 | 3106 | 16830 | 14780 | 801 | 128 | 583 | 918 | 336 | 48208 | 125457 |
| 92-93 | 2744 | 759 | 3503 | 13653 | 3196 | 16249 | 20040 | 816 | 183 | 588 | 927 | 379 | 53640 | 124870 |
| 93-94 | 2487 | 994 | 3481 | 13338 | 3194 | 16532 | 20615 | 1958 | 144 | 650 | 958 | 422 | 57140 | 121507 |
| 94-95 | 2447 | 1133 | 3580 | 13285 | 3264 | 16549 | 20380 | 1654 | 154 | 576 | 986 | 433 | 60496 | 123549 |
| 95-96 | 2155 | 1360 | 3515 | 14561 | 2602 | 17163 | 21400 | 1993 | 160 | 725 | 1023 | 424 | 48621 | 121184 |
| | 12532 | 4985 | 17517 | 68561 | 15362 | 83923 | 97215 | 7222 | 769 | 3122 | 4812 | 1994 | 268105 | 616567 |



# 5-6

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണ് കുടിവെള്ളം. ശുദ്ധജലം ശുദ്ധവായു സമീകൃതാഹാരം ഇവ ശരിയായ അളവിൽ ലഭിക്കുന്നതിലൂടെ മാത്രമെ വ്യക്തിയുടെ ആരോഗ്യം സംരക്ഷിക്കാൻ കഴിയൂ. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകുകയുള്ളു. ആരോഗ്യമുള്ള സമൂഹം രാജ്യത്തിന്റെ സമ്പത്താണ്. രോഗം വന്ന് ചികിത്സിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതിരിക്കുക എന്ന മനോഭാവത്തിലേക്ക് നാം മാറണം. പരിസരശുചിത്വം വ്യക്തിശുചിത്വം, ബോധവൽകരണം ഇവ സമ്പൂർണ്ണ ആരോഗ്യം എന്ന ലക്ഷ്യത്തിലേത്തിച്ചേരാനുള്ള ഉപാധിയാകാം.

വൈത്തിരി പഞ്ചായത്തിൽ 617 കുടിലുകളും 4610 വീടുകളും ഉള്ളതിൽ കുടിവെള്ളത്തിനുള്ള പ്രധാന ആശ്രയം 25 ഓളം പഞ്ചായത്ത് കിണറുകളും കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ചുണ്ട, വൈത്തിരി വാട്ടർ അതോറിറ്റി, തളിപ്പുഴ, പൂക്കോട് ബണ്ട് കെട്ടിയുള്ള വിതരണം ശുലം കുത്തി എന്നിവ മാത്രമാണ്.

എന്നാൽ ഇതുകൊണ്ടൊന്നും തന്നെ കുടിവെള്ളത്തിന് പഞ്ചായത്തിൽ ശാശ്വത പരിഹാരമല്ല. കേന്ദ്രസർക്കാറിന്റെ ധനസഹായം മൂലം കുന്നത്തിടവക വാട്ടർ അതോറിറ്റി പദ്ധതി നടപ്പിൽ വരികയാണെങ്കിൽ വൈത്തിരി പഞ്ചായത്ത് മുഴുവനും പൊഴുതന പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും കുടിവെള്ളം എത്തിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിന്റെ കീഴിൽ ചുണ്ടയിലും വൈത്തിരി[illegible]ലമായി 32ഓളം പൊതുടാപ്പുകൾ ഉണ്ടെങ്കിലും അവയി[illegible] നിന്നും തക്കസമയത്ത് ജലവിതരണം നടത്താറില്ല.

വർഷങ്ങളോളമായി കുടിവെള്ളത്തിന് പരിഹാരം കാണുന്നതിനുവേണ്ടി എല്ലാബഹുജനപ്രസ്ഥാനങ്ങളും മുറവിളി കൂട്ടിയ ഒരു പഞ്ചായത്താണ് വൈത്തിരി ഗ്രാമപഞ്ചായത്ത്.

വയനാടിന്റെ അതിർത്തിയായ വൈത്തിരിപഞ്ചായത്തിലെ വൈത്തിരിപ്പുഴ അതുപോലെ പ്രകൃതിദത്തമായ സ്രോതസ്സുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും അത് പദ്ധതി രൂപത്തിലാക്കി കുടിവെള്ളം എത്തിക്കാൻ ഇതുവരെ കഴിഞ്ഞില്ല. ഇപ്പോൾ പ്രവർത്തിക്കുന്ന വൈത്തിരി പുഴയിൽ നിന്ന് ടാങ്ക് കെട്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നതും ചുണ്ടയിൽ പ്രവർത്തിക്കുന്നതുമായ പദ്ധതിയാണുള്ളത്. അതിൽ നിന്നും ജനങ്ങൾക്കാവശ്യമായ ശുദ്ധജലം വിതരണം ചെയ്യാൻ സാധിക്കുന്നില്ല. കാരണം എത്രയോ വർഷങ്ങൾക്കുമുമ്പ് ഉണ്ടാക്കിയ ജലസംഭരണികിണർ വൈത്തിരി പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റാത്തതുമാകുന്നു. ഇടവിട്ടുണ്ടാവുന്ന വൈദ്യുതി കട്ട്. (പവർകട്ട്) കൊണ്ട് പമ്പ് പ്രവർത്തിക്കാതെ ജനങ്ങൾ ദുരിതമനുഭവിക്കുന്നു.

കൃത്യസമയത്ത് ജലവിതരണം നടത്തണമെ[illegible] ബന്ധപ്പെട്ട അധികൃതർ ശ്രദ്ധിക്കാതെ അലസമ[illegible] പ്രവർത്തിക്കുന്നു.

ഇതേ പദ്ധതി വൈത്തിരി പഞ്ചായത്തിന്റെ പ്രധാനപ്പെട്ട പട്ടണമായ ചുണ്ടയിൽ രണ്ട് നേരം കൃത്യമായ ജലവി

തരണം നടത്തുന്നുണ്ട്. കൂടാതെ പഞ്ചായത്ത് ഫണ്ട് ജി. ആർ. വൈ. ഫണ്ട് എന്നിവ ഉപയോഗിച്ച് പഞ്ചായത്തിലെ ചുണ്ടയിൽ ഒരു കിണറും പമ്പ് ഹൗസും നിർമ്മിച്ച് ചുണ്ടലക്ഷം വീട് കോളനി ഉൾപ്പെടെ സമീപപ്രദേശങ്ങളിൽ ഒരുടാങ്ക് കെട്ടി അതിലേക്ക് വെള്ളം പമ്പ് ചെയ്ത് സുമാർ 50 കുടുംബങ്ങൾക്ക് ജലവിതരണം ഭംഗിയായി നടത്തിവരുന്നു.

വയനാടിന്റെ ശ്രദ്ധേയമായ കേന്ദ്രമായ പൂക്കോട് തടാകത്തിനോടനുബന്ധിച്ച് പൂക്കോട് കുന്നിനു താഴ്വരയിൽ ബണ്ട് കെട്ടി അങ്ങാടിയിൽ ശുദ്ധജലവിതരണം നടത്തുന്നുണ്ട്

കൂടാതെ ശൂലം കുത്തിയിൽ ഡാംകെട്ടി ചാരറ്റി പ്രദേശത്ത് 200 കുടുംബങ്ങൾക്ക് ശുദ്ധല വിതരണം നടത്തുന്നു.

6ാം വാർഡിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് 75 ഉം കുടുംബങ്ങൾക്ക് ശുദ്ധജലം വിതരണം നടത്തുന്നതിനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടത്തിവരുന്നുണ്ട്.

എന്നാൽ മൂന്ന് ഭാഗങ്ങളും വെള്ളത്താൽ ചുററപ്പെട്ട് കിടക്കുന്ന ഈ പഞ്ചായത്ത് ശാശ്വതമായ പരിഹാരം കൊണ്ട് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. വർഷങ്ങൾക്കുമുമ്പ് കുന്നത്തിടവക വാട്ടർ സപ്ലൈ സ്കീം കേന്ദ്രഗവൺമെൻറ് 4 കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തുകയും എന്നാൽ അതിന് മതിയായ അംഗീകാരം ലഭിക്കാതെ സാങ്കേതിക തടസ്സങ്ങളാൽ കടലാസ്സിൽ ഒതുങ്ങി നിൽക്കുകയാണ്. ഈ പദ്ധതി അതിന്റെ പൂർണ്ണരൂപത്തിൽ നടപ്പിലാക്കുകയാണെങ്കിൽ വൈത്തിരി പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും പൊഴുതന പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിലും ശുദ്ധജലവിതരണം എത്തിക്കാൻ സാധിക്കും. പഞ്ചായത്തിന്റെ മർമ്മ പ്രധാനമായ (മനുഷ്യന്റെ തന്നെ)ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാവേണ്ടതാണ്.

# പൊതുജനാരോഗ്യം

ആരോഗ്യപരിപാലനത്തിന് വൈത്തിരി പഞ്ചായത്തിൽ കാര്യമായ ഹെൽത്ത് സെൻററുകളോ മറ്റോ പ്രവർത്തിക്കുന്നില്ല.

വയനാടിന്റെ ചരിത്രത്തിൽ ആദ്യമായി സ്ഥാപിച്ചിട്ടുള്ള മോർച്ചറി, കിച്ചൺ ഉൾപ്പെട്ട ഒരു ആശുപത്രിയാണ് വൈത്തിരി താലൂക്ക് ആശുപത്രി. വയനാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും രോഗികളെ കൊണ്ട് വൻ ചികിത്സ നടത്തി രോഗം സുഖപ്പെടുത്തിയിരുന്ന ഈ ആശുപത്രി സംസ്ഥാനത്തിന്റെ ആരോഗ്യകേന്ദ്രങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം അലങ്കരിച്ചിരുന്നു.

എന്നാൽ ഇന്ന് ആശുപത്രിയുടെ പ്രവർത്തനം വളരെ ദയനീയമായ രീതിയിൽ അധഃപതിച്ചിരിക്കുകയാണ്. ആവശ്യത്തിന് ഡോക്ടർമാർ, സ്റ്റാഫ്, സ്റ്റാഫ് ബിൽഡിംഗ്, മോർച്ചറി, സ്ട്രച്ചർ മറ്റ് ഉപകരണങ്ങൾ ഒന്നും തന്നെ വേണ്ടത്ര ഇല്ലാത്തതിനാലാണ് ആശുപത്രി അധഃപതനത്തിനുള്ള കാരണം. 55 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച വയനാട്ടിലെ ഏക മോർച്ചറി ഈ ആശുപത്രിയിലാണ്. അതേ കാലയളവിൽ കിച്ചൻ, ഒ. പി ബിൽഡിംഗിൽ ഇന്നും മാറ്റം വരാതെ ശോചനീയാവസ്ഥയിൽ ആണ്. ഇതിന് ശാശ്വതമായ പരിഹാരമാർഗ്ഗം വേണം.

ആരോഗ്യപരിപാലനത്തിന് വൈത്തിരി പഞ്ചായത്തിൽ കാര്യമായ പുരോഗതി ഒന്നും തന്നെയില്ല. 8. വാർഡുകളുള്ള വൈത്തിരി പഞ്ചായത്തിൽ ഹെൽത്ത് സെൻറർ പൊഴുതന പഞ്ചായത്തിലെ സുഗന്ധഗിരിയിലെ പ്രൈമറി ഹെൽത്ത് സെൻററിന്റെ കീഴിൽ ലക്കിടി, ചാരറ്റി, പൂക്കോട് ഡയറി പ്രൊജക്ട്എന്നീ പ്രദേശങ്ങളിൽ 3 സബ്സെൻററുകളും പഴയ വൈത്തിരിയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയുമാണുള്ളത്. വർഷങ്ങൾക്കു മുമ്പ് 6ാം വാർഡിലെ കോളിച്ചാലിൽ ഹെൽത്ത് സെൻററിനു വേണ്ടി സൗജന്യമായി സ്ഥലം വിട്ടുകിട്ടിയിട്ടുണ്ടെങ്കിലും ഹെൽത്ത് സെൻറർ സ്ഥാപിച്ചിട്ടില്ല.

## സ്വകാര്യമേഖല

വൈത്തിരി പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ മൂന്ന് ആശുപത്രികളും 4 ഹോമിയോ പതികളും 4 വൈദ്യശാലകളും പ്രവർത്തിക്കുന്നു. സ്വകാര്യആശുപത്രിമെച്ചപ്പെടാനുള്ള പ്രധാനകാരണം വൈത്തിരി താലൂക്ക് ആശുപത്രിയിൽ വേണ്ട ഡോക്ടർമാർ ഇല്ലാത്തതും ആധുനിക സൗകര്യങ്ങളുമില്ലാത്തത്കൊണ്ട് തന്നെ സ്വകാര്യആശുപത്രിയെ പൊതുജനം ആശ്രയിക്കേണ്ടിവരുന്നു.

വൈത്തിരി പഞ്ചായത്തിൽ രണ്ട് മൂത്രപ്പുരകൾ വൈത്തിരി ടൗണിൽ ഉണ്ടായിരുന്നു. എന്നാൽ ഉള്ളതിൽ ഒരെണ്ണം വർഷങ്ങൾക്കു മുമ്പ് പൊളിച്ചു കളഞ്ഞു. അനവധി ടൂറിസ്റ്റുകളും മറ്റുമായി ധാരാളം ജനങ്ങൾ താലൂക്ക് ആസ്ഥാനമായ വൈത്തിരിയിൽ എത്തിയാൽ മൂത്രമൊഴിക്കാൻ പോലും വളരെ വിഷമിക്കുന്നു. ചുണ്ട ടൗണിലും മൂത്രപ്പുര തീരെയില്ല. വൈത്തിരിയിൽ 3 മൂത്രപ്പുരകളും തളിപ്പുഴയിൽ 1 ഉം ചുണ്ടടൗണിൽ രണ്ടെണ്ണവും അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളിലും സ്വന്തമായി കക്കൂസ് ഇല്ലാത്ത അവസ്ഥയാണ്. പൊതുകക്കൂസ്

പഞ്ചായത്തിൽ എവിടെയും ഇല്ല. ഇതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കുടിവെള്ളം പൊതുജനാരോഗ്യം തുടങ്ങിയവയെ സംബന്ധിച്ച പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

# പൊതുജനാരോഗ്യം

1. താലൂക്ക് ആശുപത്രിയുടെ നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുക.

സ്പെഷലിസ്റ്റ് ഡോക്ടേർസിനെ നിയമിക്കുക.
അത്യാഹിത വിഭാഗം പ്രവർത്തിക്കുക.
എക്സ്-റേ പ്രവർത്തനം ആരംഭിക്കുക.
ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനമാരംഭിക്കുക.
സ്റ്റാഫിന് ആവശ്യമായ ക്വാട്ടേഴ്സ് സ്ഥാപിക്കുക.
മോർച്ചറി കെട്ടിടം പുതുക്കി നിർമ്മിക്കുക.
ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക.
ആശുപത്രിയിൽ വിതരണം ചെയ്യുന്ന ശുദ്ധജലം പൂർണ്ണരീതിയിലാക്കുക.
ആശുപത്രിയിൽ ഒരു ആംബുലൻസ് അനുവദിക്കുക.
സ്ട്രെച്ചർ, ബേത്രസ്റ്റ്, ഗ്ലൂക്കോസ് സ്റ്റാൻറ് എന്നിവ എത്തിക്കുക.
താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് സ്ഥാപിക്കുക.
ശവശരീരം നശിച്ച് പോവാതിരിക്കാൻ വേണ്ടി സൂക്ഷിക്കാൻ വേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തുക.
ആശുപത്രി പരിസരത്ത് സഹകരണ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഷാപ്പ് സ്ഥാപിക്കുക.
ആശുപത്രി കോമ്പൗണ്ട് ഭിത്തി കെട്ടി വൃത്തിയായി സൂക്ഷിക്കുക.
ഹോസ്പിറ്റൽ പരിസരത്ത് പൂന്തോട്ടം വെച്ച് പിടിപ്പിക്കാൻ സന്നദ്ധ സംഘടനകൾ തയ്യാറാണ്.
ആശുപത്രിയിലെ പഴക്കം ചെന്ന കിച്ചൺ പൊളിച്ചു മാറ്റി സൗകര്യങ്ങളോട് കൂടി പുതുതായി നിർമ്മിക്കുക.

2. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളില്ലാത്ത സ്ഥലങ്ങളിൽ ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങുക.

6ാം വാർഡ് കോളിച്ചാൽ (സ്ഥലം സൗജന്യമായി വർഷങ്ങൾക്കുമുമ്പ് ലഭിച്ചിട്ടുണ്ട്). ചെമ്പട്ടികോളനി.
ചുണ്ടയിൽ, 12ാം പാലം ഒലിവുമല എന്നീ സ്ഥലങ്ങളിൽ.

3 ചുണ്ട ടൗണിലെ അഴുക്കുചാലുകൾ വയലിലേക്ക് ഒഴുകാതിരിക്കാൻ ഓവുചാലുകൾക്ക് ആവശ്യമായ ഭിത്തികൾ നിർമ്മിക്കുക.

4. ചുണ്ടേൽ ചുങ്കം ഭാഗത്തും എൻ. എസ്. ഹോസ്പിറ്റലിനു തൊട്ടുള്ള ഓവുചാലിലൂടെയും ചുണ്ടേൽ വയൽ ഭാഗത്തേക്കും ജനങ്ങൾക്ക് ഹാനികരമാകാത്ത ഓവുചാലുകൾ നിർമ്മിക്കുക.

5. ചുണ്ടേൽ ടൗണിലെ ചപ്പുചവറുകൾ ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് സ്ഥലത്ത് വളരെ ആഴത്തിലുള്ള കുഴി എടുത്ത് അതിൽ നിക്ഷേപിക്കുകയും തുടർന്ന് കമ്പോസ്റ്റ് വളം നിർമ്മിക്കാനും കഴിയും.

6. ചുണ്ടയിൽ ഒരു ആയുർവേദ ആശുപത്രി നിർമ്മിക്കുക.

7. പഞ്ചായത്ത് ടൗൺ ഭാഗങ്ങളിൽ വെയിസ്റ്റ് കൊട്ട വെക്കുക

8. പഞ്ചായത്തിൽ കൊതുകുനിവാരണത്തിനായി മരുന്നു തെളിക്കുക.

9. ആരോഗ്യ പ്രവർത്തനങ്ങളുടെ സേവനം പഞ്ചായത്തിൽ സജീവമാക്കുക.

10. വൈത്തിരി ടൗണിലെ രണ്ട് ബസ് സ്റ്റോപ്പിനുസമീപവും ചുണ്ടയിലും തളിപ്പുഴയിലും മൂത്രപ്പുരയും പൊതു കക്കൂസും സ്ഥാപിക്കുക.

11. വൈത്തിരി ടൗണിലെ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് ആവശ്യമായ നടപടി കൊകൊള്ളണം.

## കുളിക്കടവ്

1. 8ാം വാർഡിലെ 17 1/2 എക്രദേശത്ത് പോകുന്ന സ്ഥലത്ത് കുളിക്കടവ് സ്ഥാപിക്കുക.

2. 6ാം വാർഡിൽ കോളിച്ചാലിൽ 3 സ്ഥലത്ത് കുളിക്കടവ് സ്ഥാപിക്കുക.

3. 4ാം വാർഡിലെ ചാരറ്റിയിൽ നിന്നും അംബേദ്കർ കോളനിയിലേക്ക് പോകുന്ന സ്ഥലത്ത് കുളിക്കടവ് നിർമ്മിക്കുക.

4. 12ാം പാലത്തുനിന്നും ലക്ഷം വീട് കോളനിയിലേക്ക് പോകുന്ന സ്ഥലത്ത് കുളിക്കടവ് നിർമ്മിക്കുക.

5. തളിപ്പുഴടൗണിനടുത്ത് സി. സി. പുഴയിലും വൈത്തിരിയിൽ ശ്മശാനത്തിനടുത്തും ഒരു കുളിക്കടവ് നിർമ്മിക്കുക.

6. പഞ്ചായത്ത് ശ്മശാനത്തിൽ ശവശരീരങ്ങൾ കൊണ്ടുപോയി മറവുചെയ്യാൻ താമസം വരുമ്പോൾ സൂക്ഷിക്കാൻ ഒരുഷെഡ് ആവശ്യമാണ്.

7. ശ്മശാനത്തിൽ ശവങ്ങൾ എത്തിക്കാൻ ഒരു ഉന്തുവണ്ടി ആവശ്യമാണ്.

8. 5ാം വാർഡിൽ ജൂബിലി വയലിലും 16 ലേക്ക് തിരിയുന്നിടത്തും കുളിക്കടവ് സ്ഥാപിക്കുക.

## കുടിവെള്ളം

**അടിയന്തിര ആവശ്യങ്ങൾ**

1. ഈ ഗ്രാമപഞ്ചായത്തിലെ 9, 3, 2, 1 എന്നീ വാർഡുകളി ലേക്ക് കുടിവെള്ളമെത്തിക്കുന്നതിനുള്ള ആനപ്പാറ ചെക്ക് ഡാം നിർമ്മിച്ച് പൈപ്പ് ലൈൻ ഇടുക.
2. അഞ്ചാം വാർഡിലെ കുന്നത്തോട്ടം നീരുറവ ചെക് ഡാം കെട്ടി പൈപ്പ് ലൈൻ വഴി പന്ത്രണ്ടാം പാലം പ്രദേശം മുഴുവൻ വെള്ളമെത്തിക്കാനുള്ള പദ്ധതി നടപ്പിലാക്കുക.
3. ഏഴാം വാർഡിലെ തങ്ങൾകുന്ന് കോളനിയിൽ വെള്ള മെത്തിക്കാൻ ഇപ്പോൾ നിലവിലുള്ള ശൂലം കുത്തി ചെക്ക് ഡാമിൽ നിന്ന് ചാരിറ്റിയിൽ നിന്നുള്ള പൈപ്പ് ലൈൻ പഴ യ വൈത്തിരി വഴി നീട്ടി കോളനിയിലെത്തിക്കുക.
4. മുള്ളൻ പാറയിൽ വെള്ളമെത്തിക്കാൻ ചാരിറ്റിയിൽ നിന്നും ലൈൻ നീട്ടുക.
5. നാലാം വാർഡിലെ വേങ്ങക്കോട്ട് ചെക്ക്ഡാം നിർമ്മി ച്ച് പൈപ്പ് ലൈൻ ഇട്ട് വൈത്തിരി ടൗണിലെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
6. നാലാം വാർഡിലെ ശൂലംകുത്തി ചെക്ക്ഡാമിൽ നിന്നുള്ള വെള്ളം വൈത്തിരി ലക്ഷം വീട് കോളനി ഉൾപ്പെടെ വൈത്തിരി പഴയ വൈത്തിരിയിലെ തങ്ങൾ കുണ്ട് പ്രദേശങ്ങളിലേക്കും പൈപ്പ് ലൈൻ വഴി എത്തി ക്കുക.
7. ഏഴാം വാർഡിലെ തടാകത്തിൽ നിന്നുള്ള വെള്ളം നരി മുട്മുക്ക് കുന്നിൽ ടാങ്ക് കെട്ടി സംഭരിച്ച് സമീപ പ്രദേശങ്ങളിൽ വെള്ളമെത്തിക്കുക.
8. ഏഴാം വാർഡിലെ മുതുമല കുന്നിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി സമീപ പ്രദേശങ്ങളിൽ വെള്ളമെത്തി ക്കുക.
9. എട്ടാം വാർഡിലെ മുതുമലക്കുന്നിൽ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി സമീപപ്രദേശങ്ങളിൽ വെള്ളമെത്തി ക്കുക.
10. എട്ടാം വാർഡിലെ മണ്ടമല മിച്ചഭൂമിയിൽ നിലവിലുള്ള ജലസ്രോതസ്സ് തടഞ്ഞു നിർത്തി പൈപ്പ് ലൈൻ വഴി ആവശ്യക്കാർക്ക് കുടിവെള്ളമെത്തിക്കുക.
11. ഒന്നാം വാർഡിലെ നിലവിലുള്ള പി. എച്ച്. ഇ. ഡി ജലവിതരണം വിപുലികരിക്കുക.

## II മറ്റ് നിർദ്ദേശങ്ങൾ

1. മൂന്നാം വാർഡിലെ ആദിവാസി കോളനിയിൽ ശുദ്ധജല മെത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
2. അഞ്ചാം വാർഡിലെ അമ്പലക്കുന്നിൽ വെള്ളമെത്തി ക്കുവാനുള്ള നടപടി സ്വീകരിക്കുക.
3. കെ. എസ്. ഇ.ബി യുടെ മുമ്പിൽ ഒരു വാട്ടർ ടാപ്പ് അനു വദിക്കുക.
4. അഞ്ചാം വാർഡിലെ (12ാം പാലം) ലക്ഷം വീട് കോ ളനിയിലെ വെള്ളക്ഷാമം പരിഹരിക്കുകയും നിലവിലുള്ള കിണർ ശുദ്ധിയാക്കുകയും ചെയ്യുക.
5. ആറാം വാർഡിലെ വൈത്തിരി ലക്ഷം വീട് കോളനി യിലേക്ക് വെള്ളമെത്തിക്കുവാൻ പഞ്ചായത്ത് കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതിന് നടപടിസ്വീകരിക്കുക.
6. അഞ്ചാം വാർഡിലെ വൈത്തിരിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി 12ാം പാലത്ത് കുടിവെള്ളമെത്തിക്കുക.
7. അഞ്ചാം വാർഡിലെ മുള്ളൻ പാറയിൽ കുടിവെള്ള മെത്തിക്കാൻ ചാരിറ്റിയിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക.
8. അഞ്ചാം വാർഡിലെ 12ാം പാലം നരിക്കുടുമുക്ക് റോ ഡിൽ 16 ൽ കൽകോറിമുകളിലുള്ള നീരുറവയിൽ നിന്നം ചെക്ക് ഡാം കെട്ടി 16 ൽ പ്രദേശത്തേക്ക് കുടിവെള്ള മെത്തിക്കുക.
9. അഞ്ചാം വാർഡിലെ ജൂബിലിക്കുന്നിൽ കിണർ നിർ മ്മിച്ച് കുടിവെള്ളമെത്തിക്കുക.
10. എട്ടാം വാർഡിലെ ആറമല ലക്ഷം വീട് കോളനിയിൽ കുടിവെള്ളമെത്തിക്കുന്നതിന് അനർട്ടിന്റെ ഡാമിൽ നിന്ന് പൈപ്പ് ലൈൻ നീട്ടുക.
11. നാലാം വാർഡിലെ വട്ടപ്പാറ കിണറിൽ നിന്നും മുള്ളൻ പാറയുള്ളവർക്ക് കുടിവെള്ളമെത്തിക്കുക.
12. വൈത്തിരി ടൗണിൽ നിന്നുള്ള വാട്ടർ സപ്ലൈ രണ്ടാം വാർഡിലെ ചേലോട്ട് ഹോസ്പിറ്റൽ വരെ റോഡ് നീട്ടുക.
13. ഒന്നാം വാർഡിലെ കുഞ്ഞങ്കോട് 4 സെൻറ് കോളനി യിൽ കുടിവെള്ളമെത്തിക്കുക.

❖



# 5-7

# വിദ്യാഭ്യാസം

"വിദ്യാഭ്യാസം മനുഷ്യന്റെ സർവ്വതോന്മുഖമായ വികസനത്തിന്റെ അടിത്തറ" -ലക്ഷ്യം അതിമനോഹരം. മാർഗ്ഗങ്ങളേറെയും വികലവും. അഭ്യസ്തവിദ്യനെന്ന പേരും പേറി വെള്ളക്കോളർ തൊഴിൽ സ്വപ്നം കാണാൻ മാത്രം കഴിയുന്നവരായി വിദ്യാഭ്യാസം സിദ്ധിച്ചവർ മാറുമ്പോൾ തൊഴിലില്ലാത്ത ലക്ഷങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയും നിരാശ ബാധിച്ച യുവസമൂഹം ഉടലെടുക്കുകയും ചെയ്യുന്നു.

ബാല മനസുകളെ പോലും താളം തെറ്റിക്കുന്ന വിദ്യാഭ്യാസരീതികൾ ബുദ്ധിപരീക്ഷണത്തിനു പകരം ഓർമപരീക്ഷണങ്ങളായി മാറുമ്പോൾ കഴിവേറെയുള്ളവർ പിന്നിലായി പോകുന്നു. വിദ്യാഭ്യാസം സ്വന്തം നിലനില്പിനുള്ള ഒരു അഭ്യാസമായി കാണുന്ന ഒരാളെ സൃഷ്ടിക്കുന്നതിന് പകരം നല്ല മനുഷ്യനെ സൃഷ്ടിക്കാൻ കഴിയുന്നതാകണം. വിദ്യ നേടിവരുന്നവർ ഉപജീവനത്തിന് ഉതകുന്ന തൊഴിൽ പരിചയമുൾക്കൊള്ളുന്നവരും തൊഴിൽ മഹത്വം അറിയുന്നവരുമാകണം.

ഇത്തരം പ്രശ്നങ്ങൾ പഞ്ചായത്ത് തലത്തിൽ ചർച്ച ചെയ്തു പരിഹരിക്കാവുന്നതല്ലെങ്കിലും ഈ വസ്തുതകൾ മുന്നിൽ കണ്ടുകൊണ്ടാവണം വിദ്യാഭ്യാസ രംഗത്തെ ഗ്രാമപഞ്ചായത്തിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ.

നിലവിൽ 2 ഹൈസ്കൂളുകളും ( യു. പി എൽ. പി. ഉൾപ്പെടെ) ഒരു യു. പി സ്കൂളും. ഒരു. എൽ. പി സ്കൂളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസരംഗത്തെ അടിസ്ഥാന ഘടകങ്ങളെന്ന നിലയിൽ ഇവയുടെ പ്രവർത്തനം പരിശോധിക്കാം.

**ഗവ:. ഹൈസ്കൂൾ വൈത്തിരി.** 1935 ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ വൈത്തിരി-ടൗണിൽ ബോർഡ് ,സ്കൂൾ എന്ന പേരിൽ ആരംഭിച്ച സ്ഥാപനം പിന്നീട് തളിമല നാരങ്ങാകുന്നിലേക്ക് മാറ്റുകയും ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തെങ്കിലും. ബാലാരിഷ്ടതകൾ ഇനിയും മാറിയിട്ടില്ല. ഇടത്തരം കർഷകരുടെയും തോട്ടം തൊഴിലാളികളുടെയും കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഇന്നും ഷിഫ്റ്റ് സമ്പ്രദായമാണുള്ളത്. ഷിഫ്റ്റു സമ്പ്രദായം മാറ്റപ്പെടണമെങ്കിൽ കെട്ടിടങ്ങളും പഠനോപകരണങ്ങളും ആവശ്യമാണ്. അദ്ധ്യാപക നിയമനങ്ങളിൽ ജില്ലയിലെ തന്നെ അദ്ധ്യാപകരെ നിയമിക്കേണ്ടതും അന്യ ജില്ലകളിൽ നിന്നു വരുന്നവർക്ക് താമസ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. പി. ടി. എ പ്രവർത്തനം പ്രശംസ അർഹിക്കുന്നതാണ്.

**ആർ. സി. എച്ച്. എസ്. ചുണ്ടേൽ** :1924 ൽ സ്ഥാപിച്ച എൽ. പി സ്കൂൾ 1946 ൽ യു. പി സ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുകയും 1962 ൽ ഹൈസ്കൂളാക്കുകയും ചെയ്തു ഈ വിദ്യാലയത്തിൽ ഇപ്പോൾ 2500 ലധികം കുട്ടികൾ പഠിക്കുന്നു. ഭൗതിക സൗകര്യങ്ങൾ സ്വരൂപിക്കുന്നതിൽ ശ്രദ്ധാലുക്കളായ മാനേജ്മെൻറും പി. ടി. എ കമ്മിറ്റിയും പ്രശംസ അർഹിക്കുന്നു. എൻ. സി. സി. സ്കൗട്ട് ആൻറ് ഗൈഡ്സ് ജൂനിയർ റെഡ് ക്രോസ് ജനസൗഖ്യ തുടങ്ങിയ സന്നദ്ധ സേവനസംഘടനകൾ പ്രവർത്തിക്കുന്നു.

**എച്ച് ഐ. എം. യു. പി വൈത്തിരി:** 1950 ൽ എൽ. പി. സ്കൂളായി ക്രിസ്ത്യൻ മാനേജ്മെൻറിന്റെ കീഴിൽ ആരംഭിച്ച സ്കൂൾ പഠന പാഠ്യേതര മേഖലയിൽ ജില്ലയിൽ മുന്നിട്ടു നിൽക്കുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടതാണ്. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ എല്ലാ യോഗ്യതകളും ഉള്ളതാണ് സ്കൗട്ട്.ബാൻറ് ടീം ജനസൗഖ്യ തുടങ്ങിയ

സംഘടനകൾ പ്രവർത്തിക്കുന്നു.

**ലക്കിടി ജി. എൽ. പി. സ്കൂൾ:** 1954ൽ ആരംഭിച്ചു. പഞ്ചായത്തിൽ ഏറ്റവും കുറവ് കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണ്. ആവശ്യമായ കെട്ടിടം ഫർണിച്ചർ, കളിസ്ഥലം എന്നിവയുണ്ട്. 2 അദ്ധ്യാപകരുടെ ഒഴിവു നിലവിലുണ്ട്. സ്കൂളിനോടു ചേർന്നു പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിച്ചാൽ നല്ലതാണ്.

സെക്കൻററി വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടെങ്കിലും ഉന്നത പഠനത്തിന് സെൻറ് മേരീസ് കോളേജ് ബത്തേരി, കൽപ്പറ്റ ഗവ: കോളേജ് എന്നിവയും അന്യജില്ലകളിലെ കോളേജുകളെയുമാണ് ആശ്രയിക്കുന്നത്. പ്രിഡിഗ്രി പഠനത്തിന് ഏറ്റവും അടുത്ത കൽപ്പറ്റ ഗവൺമെൻറ് കോളേജിൽ പഠന സാഹചര്യം മോശമായതിനാൽ ഓരോ വർഷവും നൂറിലധികം കുട്ടികൾ പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. ഡിഗ്രി പഠനത്തിന് അപര്യാപ്തതകളുണ്ട്.

തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ഇപ്പോൾ ആശ്രയം ഐ. ടി. ഐ. കൽപ്പറ്റ, മീനങ്ങാടി പോളിടെക്നിക്കുമാണ്. സംസ്ഥാന തലത്തിൽ തയ്യാറാക്കുന്ന പ്രവേശന ലിസ്റ്റിൽ കടന്നുകൂടാൻ ജില്ലയിലെ പരിമിതികളിൽ വളരുന്ന വിദ്യാർത്ഥികൾക്കാവുന്നില്ല. ഇതിനും പരിഹാരം ആവശ്യമാണ്. പഞ്ചായത്തു പരിധിയിൽ 3 പാരലൽ കോളേജുകളിലായി 350 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. 2 പ്രീ-പ്രൈമറി സ്കൂളുകളും 11 അംഗൻവാടികളും ഒരു തുടർ വിദ്യാഭ്യാസ പഠന കേന്ദ്രവും ജനവിദ്യാകേന്ദ്രവും പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

പഴയ വൈത്തിരി, ചാരിറ്റി, മുള്ളമ്പാറ, വട്ടപ്പാറ, തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഉപകരിക്കുമാറ് പഴയ വൈത്തിരിയിലും. ഒന്നാം വാർഡിലെ അമ്പാറ ചെമ്പട്ടി, ശ്രീപുരം പ്രദേശങ്ങളെ കേന്ദ്രീകരിച്ച് എൽ. പി.സ്കൂളുകൾ ആരംഭിക്കുക.

1. 12ാം പാലം (അഞ്ചാം വാർഡിൽ) ഒരു എൽ. പി സ്കൂൾ സ്ഥാപിക്കുക.
2. രണ്ടാം വാർഡി[illegible] നഴ്സറി സ്കൂളും [illegible] വാർഡിലെ [illegible] എൽ. പിസ്കൂളി[illegible] പ്രീ-പ്രൈമറി സ്കൂളും. ഏഴാം വാർഡിൽ [illegible] വൈത്തിരിയിൽ പ്രീ-പ്രൈമറി സ്കൂളും ആരംഭിക്കുക.
3. 8ാം വാർഡിലെ ലക്കിടി സ്കൂൾ യു. പി സ്കൂളായി അപ്ഗ്രേഡ് ചെയ്യുക.
4. എച്ച്. ഐ. എം. യു. പി സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യുക.
5. 5, 6, 7 വാർഡുകൾക്ക് പ്രയോജനപ്പെടുന്ന സുഗന്ധഗിരി യു പി സ്കൂൾ ഹൈസ്കൂളായി ഉയർത്തുക.
6. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലവിൽ പോളിടെക്നിക്കിൻെറ തയ്യൽ പരിശീലന കേന്ദ്രത്തിൽ വിവിധ പരിശീലന കോഴ്സുകൾ ആരംഭിക്കുകയും പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
7. ഉന്നത വിദ്യാഭ്യാസരംഗത്ത് സഹകരണ മേഖലയിലോ സ്വകാര്യമേഖലയിലോ. തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളും ഹയർ സെക്കൻററി സ്കൂളും ആരംഭിക്കുക.
8. വൈത്തിരി ഹരിജൻ സഹകരണസംഘത്തിൽ പ്രവർത്തിക്കുന്ന ടൈപ്പ് റൈറ്റിംഗ് പരിശീലനത്തോടൊപ്പം തൊഴിൽ സാധ്യതയുള്ള കൈത്തൊഴിലുകളുടെ പരിശീലനം തുടങ്ങുക.

## അടിയന്തിര ആവശ്യങ്ങൾ

1. വൈത്തിരി ഗവ: ഹൈസ്കൂളിൽ ആവശ്യമായ കെട്ടിടങ്ങളും ഫർണിച്ചറും അനുവദിച്ചും, വേണ്ടത്ര അദ്ധ്യാപകരെ നിയമിച്ചും നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ച് പഠന നിലവാരം മെച്ചപ്പെടുത്തണം. ശുദ്ധജല വിതരണം ചുറ്റുമതിൽ, വേലി, കളിസ്ഥലം എന്നിവ ഏർപ്പെടുത്തണം.
2. സർക്കാർ അനുവദിച്ച വെറ്ററിനറി കോളേജ് പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണം.

## പൊതുനിർദ്ദേശങ്ങൾ

1. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന് അംഗനവാടികൾ സാക്ഷരതാകേന്ദ്രങ്ങളാക്കി മാറ്റുക.
2. പഞ്ചായത്തിലെ മുഴുവൻ സ്കൂളിലും ഉച്ചഭക്ഷണം നൽകുക.
3. മുഴുവൻ വാർഡുകളിലും കുറഞ്ഞത് 3 വീതമെങ്കിലും തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ സ്ഥാപിക്കുക. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ജനകീയ സമിതികൾക്ക് രൂപം നൽകുക.
4. എസ്. എസ്. എൽ. സി വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് ബഹുജന സഹകരണത്തോടെയുള്ള സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കാവുന്നതാണ്.

# വിദ്യാലയ വിവരങ്ങൾ

| Sl No | സ്കൂളിന്റെ പേര് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം ആൺ | പെൺ | ആകെ | എസ്. സി. എസ്. റ്റി കുട്ടികളുടെ എണ്ണം ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി. എച്ച്. എസ്. വൈത്തിരി | സർക്കാർ | 488 | 455 | 943 | 16 | 20 | 36 | 164 | 120 | 284 |
| 2. | ജി. എൽ. പി.എസ് ലക്കിടി | സർക്കാർ | 47 | 33 | 80 | 3 | 1 | 4 | 6 | 8 | 14 |
| 3. | എച്ച്. ഐ. എം. യു. പി. എസ്. വൈത്തിരി | സ്വകാര്യം | 380 | 417 | 797 | - | 23 | 23 | 87 | 42 | 40 |
| 4. | ആർ. സി. എച്ച്. എസ്. ചുണ്ടേൽ | സ്വകാര്യം | 650 | 644 | 1294 | 15 | 19 | 34 | 235 | 119 | 354 |
| 5. | ആർ. സി. എൽ പി. എസ്. ചുണ്ടേൽ | സ്വകാര്യം | 339 | 340 | 679 | - | 16 | 16 | 72 | 87 | 159 |

# വിദ്യാഭ്യാസ സൗകര്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ

| Sl No | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് | സ്റ്റാഫ് റൂം | ലബോറട്ടറി റൂം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | ജി. എച്ച്. എസ്. വൈത്തിരി | 4 ഏക്ര 66 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 2. | ജി. എൽ. പി.എസ് ലക്കിടി | 1ഏക്ര 52 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | 2 | - | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 3. | എച്ച്. ഐ. എം. യു. പി. എസ്. വൈത്തിരി | 2 ഏക്ര | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | പൈപ്പ് |
| 4. | ആർ. സി. എച്ച്. എസ്.ചുണ്ടേൽ | 7 ഏക്ര | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | ആർ. സി. എൽ പി. എസ്. ചുണ്ടേൽ | Do | ഉണ്ട് | ഇല്ല | ഇല്ല | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |



# 5-8

# സംസ്കാരം

വൈത്തിരി പഞ്ചായത്തിൻെറ സാംസ്കാരിക മണ്ഡലങ്ങളിലേക്ക് മിഴികളുന്നുമ്പോൾ കാണാൻ കഴിയുന്ന സവിശേഷതകൾ ഒട്ടേറെയാണ്.

മലമ്പാത താണ്ടി വഴിത്തിരിവുകളിലേക്കെത്തുന്ന വൈത്തിരിയുടെ സാംസ്കാരികത ഉടലെടുക്കുന്നതിൽ കുടിലിനും കാടിനും അപ്പുറം പോകാതിരുന്ന ആദിവാസികളും, തൊഴിലന്വേഷിച്ച് ഇവിടെയെത്തി ആഴ്ചയിൽ രണ്ടു മൂന്ന് ദിവസം നടോടികളെപോലെ തെരുവോരത്ത് ഉണ്ടുറങ്ങിയ തമിഴ്നാട്ടുകാരും, യദുകുല പാരമ്പര്യമെന്ന പോലെ ഗോക്കളെ വളർത്തി ഉപജീവനം കഴിച്ചുവന്ന വൈത്തിരി ടൗണിലെ ആദ്യകാല താമസക്കാരായ ആന്ധ്രപ്രദേശിൽ നിന്ന് വന്നവരും, തിരുവിതാംകൂറിൻേറയും മലബാറിൻേറയും ഇതരപ്രദേശങ്ങളിൽ നിന്നും ഇവിടെയെത്തിയ മറ്റു ജനവിഭാഗങ്ങളും അവരവരുടേതായ പങ്ക് വഹിച്ചതായി കാണാൻ കഴിയും.

ആത്മാവിനെ ബന്ധിച്ചതായി പറയപ്പെടുന്ന ചങ്ങലയുടെ നാട്ടിൽ 1700 കളിലെ ശവക്കല്ലറകൾ കാണുമ്പോൾ ഈ പ്രദേശം മലബാറിൽ തന്നെ സാംസ്ക്കാരിക രംഗത്ത് ഉന്നതമൂല്യങ്ങൾ പുലർത്തിപോന്നതായികാണാം. കേരളീയതയിൽ ആകൃഷ്ടനായിട്ടായിരിക്കണം ഇവിടെയെത്തിയ ഒരു ഇംഗ്ലണ്ടുകാരൻ സ്വാമി ആശ്ചര്യാനന്ദ എന്ന പേരു സ്വീകരിച്ച് ശ്രീനാരായണഗുരുശിഷ്യനായ നടരാജഗുരു 1962 ൽ പൂക്കോട്ട് സ്ഥാപിച്ച നാരായണ ഗുരുകുലത്തിൽ അന്തേവാസിയായി കഴിഞ്ഞുവന്നത്.

ഹൈന്ദവ-ക്രൈസ്തവ-ഇസ്ലാമിക മതവിഭാഗങ്ങൾ ഇടകലർന്നു കഴിഞ്ഞുവരുന്ന ഇവിടെ എല്ലാമതങ്ങളുടെയും ഒട്ടേറെ ആരാധനാലയങ്ങൾ ഉള്ളതും അവയിലെ ആഘോഷങ്ങൾ സർവ്വമത സാഹോദര്യത്തോടെ നടത്തി വരുന്നതും ശ്രദ്ധേയമാണ്. ഇതിൽ ചുണ്ടേൽ സെൻറ് ജൂഡ്സ് പള്ളി വി. യൂദാസ് നാമത്തിലുള്ള തെക്കേ ഇന്ത്യയിലെ ആദ്യത്തെ ദേവാലയമാണ്.

ദേശീയ-പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ ഘടകങ്ങൾ പ്രവർത്തിച്ചുവരികയും വ്യത്യസ്ത ആശയങ്ങളുടെ പോരാട്ടം നടക്കുകയും ചെയ്യുമ്പോഴും ഇതരപ്രദേശങ്ങളെപോലെ രാഷ്ട്രീയമോ വർഗ്ഗീയമോ ആയ സംഘർഷത്തിന് വഴിവെക്കാതെയുള്ള സഹവർത്തിത്വം ഈ പ്രദേശത്തിൻെറ സാംസ്ക്കാരിക വളർച്ചയുടെ മകുടോദാഹരണമാണ്. വൈത്തിരിയുടെ സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിലെ ബഹുജന പങ്കാളിത്തത്തിൻെറ കുറവ് വികസനരംഗത്ത് പിന്നോക്കാവസ്ഥ സൃഷ്ടിക്കപ്പെടുമ്പോഴും പ്രദേശവാസികൾ പുലർത്തിവരുന്ന മാനവികഐക്യവും സഹവർത്തിത്വവും മറ്റു പ്രദേശങ്ങൾക്കൊക്കെ ഉത്തമ മാതൃകയാണെന്ന് നിസംശയം പറയാൻ കഴിയും.

സാംസ്ക്കാരികരംഗത്ത് ഒട്ടേറെ കലാ-കായിക സംഘടനകളും, വായനശാലകളും, ലൈബ്രറികളും ഉദിച്ചസ്മതിക്കുകയാണെങ്കിലും ഇതിൽ പലതും പതിറ്റാണ്ടുകൾക്ക് മുമ്പ് പ്രവർത്തനം നടത്തിയിരുന്നു എന്നതും, പുതിയവ ചിലത് നിലനിന്നു വരുന്നതും ഈ രംഗത്തെ വളർച്ചക്ക് വളമേകിയിട്ടുണ്ട്. എന്നാൽ മറ്റു സ്ഥലങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ രംഗത്തെ സംഘടനകളുടെ എണ്ണവും പ്രവർത്തനവും ആശാവഹമല്ല എന്നും പറയേണ്ടിയിരിക്കുന്നു. ഈ വസ്തുത നിലനിൽക്കുമ്പോൾ തന്നെ കായികരംഗത്ത് ജില്ലയിൽ

തന്നെ മികവുള്ള പ്രതിഭകൾ ഈ പ്രദേശത്തുണ്ടെന്നുള്ള കാര്യം വിസ്മരിക്കാൻ കഴിയില്ല. എണ്ണത്തിൽ കുറവാണെങ്കിലും വിവിധ ക്ലബ്ബുകളും , ജനവിദ്യാകേന്ദ്രങ്ങളും, പ്രാദേശികവികസന സമിതികളും, ശാസ്ത്ര സാഹിത്യ പരിഷത്തും സാംസ്കാരികരംഗത്ത് പ്രവർത്തിച്ചുവരുന്നുണ്ട്.

സാംസ്കാരിക ജീർണ്ണതക്ക് കാരണമാകുന്ന വ്യാജമദ്യ-മയക്കുമരുന്നു ലോബികൾ ചില പ്രദേശങ്ങളിൽ സജീവമാണ്. അവക്കെതിരെ ബഹുജനങ്ങളും ഉദ്യോഗസ്ഥ വിഭാഗങ്ങളും ശ്രദ്ധ തിരിച്ചാലും പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ നിലനിന്നുവരുന്നുണ്ട്. അതിൽ പ്രധാനം മിച്ചഭൂമി കോളനി പ്രദേശങ്ങളിൽ പൊതുവായ ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഒറ്റപ്പെട്ടു കിടക്കുന്നതും അവിടെ സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതുമാണ്. ടൂറിസത്തിന്റെ പേരിലൂടലെടുക്കുന്ന പാശ്ചാത്യ അനുകരണങ്ങൾ വൈത്തിരിയുടെ സാംസ്കാരികരംഗത്ത് ആശങ്കജനിപ്പിക്കുന്നുണ്ട്.

സാംസ്കാരികരംഗത്തെ പ്രശ്നങ്ങളും പ്രതിവിധികളും പരിശോധിക്കുകയാണെങ്കിൽ കാണാൻ കഴിയുന്നത് സാംസ്കാരികസംഘടനകൾക്ക് ഒന്നിന്പോലും സ്വന്തമായി കെട്ടിടമില്ല, പഞ്ചായത്ത് വായനശാല ലൈബ്രറി ഒന്ന് മാത്രമാണ് നിലവിലുള്ളത്. കായികരംഗത്തിന്റെ വളർച്ചക്ക് ആവശ്യത്തിന് കളിസ്ഥലങ്ങളും ഉപകരണങ്ങളും ഇല്ല, സാമൂഹികപ്രവർത്തകർക്കും, പ്രതിഭകൾക്കും അർഹിക്കുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല, ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് സംഘടനകളുടെ എണ്ണവും പ്രവർത്തനവും കുറവാണ് എന്നത് വസ്തുതകളാണ്.

പരിഹാരമാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്. മാധ്യമങ്ങളാൽ സൃഷ്ടിക്കപ്പെട്ട പുതിയ സാംസ്കാരികതയുടെ ഫലമായി നഷ്ടമാകുന്ന മാനവിക മൂല്യങ്ങളും സാമൂഹിക പ്രതിബദ്ധതയും നിലനിർത്തുന്നതിന് ഭിന്നങ്ങളായ പരിപാടികൾ ആവിഷ്ക്കരിക്കുക. നാളത്തെ നാടിന്റെ വാഗ്ദാനങ്ങളാകേണ്ട കുട്ടികൾക്ക് വഴിയൊരുക്കാവുന്ന വിധത്തിൽ പഞ്ചായത്തിൽ കുട്ടികളുടെ ഒരു ലൈബ്രറി സ്ഥാപിച്ച് അതുമായി ബന്ധപ്പെട്ട് അറിവും കലാ-കായികരംഗത്തെ അഭിരുചിയും വർദ്ധിപ്പിക്കുന്ന മത്സരങ്ങൾ നിശ്ചിത കാലയളവിൽ കൃത്യമായി സംഘടിപ്പിക്കുക.

പഞ്ചായത്തിൽ നിലവിലുള്ള വായനശാലയുടെയും ലൈബ്രറിയുടേയും പ്രവർത്തനം വിപുലമാക്കുകയും വായനശാലയിൽ നിന്നും ടെലിവിഷൻ മാറ്റി സ്ഥാപിക്കുകയും, വായനശാല രാവിലെ തുറന്നുപ്രവർത്തിക്കുകയും ചെയ്യുക. ചുണ്ടേൽ ടൗണിൽ വായനശാലയും ലൈബ്രറിയും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക. കൂടാതെ ലക്കിടി തളിപ്പുഴ, പഴയവൈത്തിരി ചേരട്ടി തലമല, കോളിച്ചാൽ, 12ാം പാലം നാരങ്ങക്കുന്ന് പ്രദേശങ്ങളിൽ സാമൂഹിക സംഘടനകളും പഞ്ചായത്തും സഹകരിച്ച് വായനശാലകൾ ഏർപ്പെടുത്തുക. വാർഡുകൾ തോറും ചെറുതും വലുതമായി കളിസ്ഥലങ്ങൾ ഉണ്ടാക്കുകയും ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

സാമൂഹികസാംസ്കാരികസംഘടനകൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് പഞ്ചായത്തിന്റെ സഹായത്തോടെ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുക. കേരളോത്സവ മത്സരങ്ങൾ വാർഡുതലത്തിൽ സംഘാടക സമിതി രൂപീകരിച്ച് നടത്തിയശേഷം പഞ്ചായത്ത് തലമത്സരം സംഘടിപ്പിക്കുകയും അതുവഴി കലാ-കായികരംഗങ്ങളിൽ കൂടുതൽ പ്രതിഭകളെ വളർത്തിയെടുക്കുകയും ചെയ്യുക. ടൂറിസംരംഗത്ത് വൈത്തിരിയുടെ പ്രത്യേകത കണക്കിലെടുത്ത് ടൂറിസം വാരാഘോഷത്തോടനുബന്ധിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ദിവസങ്ങൾ നീണ്ടുനില്ക്കുന്ന ആഘോഷപരിപാടികൾ സംഘടിപ്പിക്കുക

ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്ക് ഗതാഗത വൈദ്യുതി രംഗത്ത് വികസനമേർപ്പെടുത്തി സാമൂഹിക വിരുദ്ധ പ്രവർത്തനത്തിന് കടിഞ്ഞാണിടുക. പഞ്ചായത്തിലെ സാംസ്കാരിക സംഘടനകൾക്കും, സാമൂഹിക പ്രവർത്തകർക്കും അർഹിക്കുന്ന അംഗീകാരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുക.

> ഭാരതത്തിന്റെ ഹൃദയം കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്.
>
> -മഹാത്മാഗാന്ധി

# 5-9
# വനിത സഹകരണമേഖല

വനിതാ വിമോചന പ്രസ്ഥാനം അതിന്റെ ഏറ്റവും മൂർദ്ധന്യാവസ്ഥയിൽ തന്നെ ഈ കാലഘട്ടത്തിൽ ഏറ്റവും കൂടുതൽ പ്രത്യേകതയുള്ള വൈത്തിരി പഞ്ചായത്തിൽ പൊതുരംഗത്തിൽ സ്ത്രീകൾ ഇന്നും വിമുഖതയിലാണ്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 7257 ഉം പുരുഷന്മാർ 7202 ഉം ആകുന്നു.

എന്നാൽ എസ്. സി വിഭാഗത്തിൽ 1034 പുരുഷന്മാരും 436 സ്ത്രീകളും എസ്. ടി വിഭാഗത്തിൽ 334 പുരുഷന്മാരും 318 സ്ത്രീകളുമാണുള്ളത്. 6 വയസ്സു വരെയുള്ള പെൺകുട്ടികൾ 930 ആകുന്നു. സാമൂഹ്യ സേവനമേഖലകളിൽ സ്ത്രീ പങ്കാളിത്തം കുറവാണെങ്കിലും പ്രവർത്തന ക്ഷമമായ രണ്ട് മഹിളാ സമാജങ്ങളുടെയും 11 അംഗനവാടികളുടെയും പ്രവർത്തനഫലമായിസ്ത്രീകൾ സാമൂഹ്യ മേഖലകളിൽ വളരെയധികം മുന്നോട്ടുവന്നിട്ടുണ്ട്.

ഈ ഗ്രാമപഞ്ചായത്തിലെ 8 വാർഡുകളിൽ 3 വാർഡുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 4 വനിതകളുമുണ്ട്. പഞ്ചായത്തിലെ അഞ്ച് സകൂളുകളിൽ 3 സ്കൂളുകളും സബ്ബ് ട്രഷറി ഓഫീസും, ഡയറി പ്രൊജക്ടും, ഹരിജൻ സൊസൈറ്റി, പഴയ വൈത്തിരിമിൽക്ക് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിലും സ്ത്രീകളുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം കൂടുതലാണ്. വനിതകൾ മാത്രമായി ജോലിചെയ്യുന്ന തൊഴിൽ മേഖലകൾ വളരെ കുറവാണ്. തൊഴിൽ രംഗത്ത് തോട്ടം മേഖലകളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനമുണ്ടെങ്കിലും മറ്റ് മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വേണ്ടരീതിയിലുള്ള വേതനം നൽകുന്നില്ല. വിദ്യാഭ്യാസരംഗത്ത് സ്ത്രീകളും പുരുഷന്മാരും തുല്യതപാലിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പ്രാവീണ്യം കുറവാണ്.

ചെറുകിട വ്യവസായങ്ങൾ, സ്വയംതൊഴിൽ രംഗങ്ങൾ കോഴിവളർത്തൽ, അടുക്കളത്തോട്ടം എന്നിവയിൽ സ്ത്രീകളെ ബോധവൽക്കരിക്കാനുള്ള തീവ്രയത്നം അതിപ്രധാനമാണ്. അടുത്തകാലത്തായി സ്ത്രീകൾ പൊതുരംഗത്തും സന്നദ്ധ പ്രവർത്തനമേഖലകളിലും സവിശേഷമായ പങ്ക് വഹിച്ച് ഉദ്ദീപ്തമായ മാതൃകകൾ ഉയർത്തി കാട്ടേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ 580ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനത്തിലും സ്ത്രീകളാണ് മുമ്പന്തിയിൽ. പ്രീഡിഗ്രി തലം വരെ ഈ നില തുടരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ ബി. എഡ്. ഡിഗ്രി വരെ മാത്രമാണ്.

സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങളും സ്ത്രീപീഡനങ്ങളും കുറവാണ്. 1990-ലെ സാക്ഷരതാ പ്രവർത്തനം സ്ത്രീകൾക്കിടയിലെ നിരക്ഷരത നിർമ്മാർജനം ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്വത്തോടും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കുന്നതിന് വിമുഖത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തുമുണ്ട്. സ്ത്രീകൾക്കിടയിൽ അന്ധവിശ്വാസമില്ലായ്മ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്നും സ്ത്രീകൾക്കും

സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരുഷനോടൊപ്പം നിൽക്കുവാനുള്ള കഴിവും ബുദ്ധിയും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാനപ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു.

| നമ്പ്ര | തൊഴിൽമേഖല | സ്ത്രീകൾ | പുരുഷൻ |
|---|---|---|---|
| 1. | കർഷകതൊഴിലാളി | 50 | 70 |
| 2. | സാധാരണതൊഴിലാളി | 60 | 70 |

ചാരായനിരോധനം ഒരു പരിധിവരെ കുടുംബങ്ങളിൽ ഭദ്രത ഉണ്ടാക്കിയിട്ടുണ്ടെങ്കിലും സമ്പൂർണ്ണ മദ്യനിരോധനം അത്യാവശ്യമാണ്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ സ്ത്രീത്വത്തോടുള്ള വെല്ലുവിളിയാണ്.

അത് കർശനമായി തടയണം. വനിതാസെമിനാറുകൾ സ്ത്രീകളുടെ ഉന്നമനത്തിന് വളരെയധികം സഹായിക്കും.

അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമരങ്ങളിൽ സംഘടിക്കുകയും ചെയ്തുകൊണ്ടാണ് ഏത് ജനവിഭാഗവും നേട്ടമുണ്ടാക്കിയത്. മേൽ പറഞ്ഞ വിമോചന പ്രസ്ഥാനം പ്രാവർത്തികമാക്കണമെങ്കിൽ ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത' എന്നു തിരിച്ചറിയേണ്ടതുണ്ട്.

# സഹകരണം

സാധാരണജനങ്ങൾക്കുവേണ്ടി അവരാൽ സംഘടിപ്പിക്കപ്പെടുന്ന സഹകരണ പ്രസ്ഥാനത്തിന് വമ്പിച്ച സാധ്യകളാണുള്ളത്. ജീവിതത്തിന്റെ സമസ്തമേഖലകളിലും കടന്നുചെന്ന സഹകരണപ്രസ്ഥാനം വൈത്തിരി ഗ്രാമപഞ്ചായത്തിൽ നാമമാത്രമായ ചലനങ്ങളാണു സൃഷ്ടിച്ചിട്ടുള്ളത്.

1. വൈത്തിരി സർവ്വീസ് സഹകരണബേങ്ക്
2. വൈത്തിരി പട്ടികജാതി സർവ്വീസ് സഹകരണബാങ്ക്
3. ക്ഷീരവ്യവസായ സഹകരണസംഘം, എന്നിവ പഞ്ചായത്ത് പരിധിയിലും
1. വൈത്തിരി കാർഷിക വികസന ബാങ്ക്
2. കോൺകോഡ്
3. റബ്ബർ അഗ്രിക്കൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റി
4. ചുണ്ടേൽ എസ്റ്റേറ്റ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സ്റ്റോർ തുടങ്ങിയവ വൈത്തിരി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിലും പ്രവർത്തിക്കുന്നു.

കാർഷിക-വ്യവസായിക-ഉപഭോക്തൃ മേഖലകളിൽ ഇനിയും ഒട്ടേറെ സഹകരണ സ്ഥാപനങ്ങൾക്ക് രൂപം കൊടുക്കാവുന്നതാണ് ജില്ലാ വ്യവസായ കേന്ദ്രം , മത്സ്യബന്ധന വകുപ്പ്, ഖാദിബോർഡ്. എന്നിവ ഗവ: ഏജൻസികളുമായി സഹകരിച്ച് രൂപീകരിക്കുന്ന സഹകരണങ്ങളിലൂടെ തൊഴിലില്ലായ്മ പരിഹരിക്കാനും സാമ്പത്തിക ഭദ്രത ഉണ്ടാക്കാനും കഴിയും.

# വനിതാ സഹകരണം

## അടിയന്തിര ആവശ്യങ്ങൾ

1. വൈത്തിരി ടൗൺ, ചുണ്ടേൽ ടൗൺ എന്നീ പ്രദേശത്ത് കേന്ദ്രീകരിച്ച് വനിതാ സഹകരണസംഘങ്ങൾ മുഖേന വസ്ത്ര നിർമ്മാണം, മെഴുകുതിരി നിർമ്മാണം, അച്ചാർ വറുത്തകായ നിർമ്മിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ആരംഭിക്കുക.
2. വനിതാ സഹകരണസംഘങ്ങൾ മുഖേന പാൽ ഉൽപന്നങ്ങൾ നിർമ്മിച്ചു വിൽക്കുന്നതിനുള്ള കേന്ദ്രങ്ങൾ വൈത്തിരിയിലും ചുണ്ടിയിലും നിർമ്മിക്കുക.
3. പഞ്ചായത്തിലെ 8 വാർഡുകളിലും സഹകരണസംഘങ്ങൾ നിർമ്മിക്കുകയും, ആടുവളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ എന്നിവക്ക് പരിശീലനം നൽകുക.
4. ചുണ്ടേൽ 1ാം വാർഡിലും 7ാം വാർഡ് പ്രദേശമായ പഴയ വൈത്തിരിയിലും പ്രവർത്തിക്കുന്ന പാൽസൊസൈറ്റി പഞ്ചായത്തിലെ എല്ലാ വാർഡിലും വ്യാപിപ്പിക്കണം.
5. 1, 2, 3 എന്നീ വാർഡിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ ടൗണിൽ ഹെൽത്ത് സെൻറർ സ്ഥാപിക്കണം.

## പൊതുആവശ്യങ്ങൾ

1. പഞ്ചായത്തിൽ വനിതകളുടെ പ്രധാന തൊഴിൽ ഉൽപന്നങ്ങൾ, ചായ, കാപ്പി, ഏലം എന്നീതോട്ടം മേഖലയാണ്. കൂലി നിരക്കിലുള്ള അവഗണന നിർത്തലാക്കി തുല്യജോലിക്ക് തുല്യവേതനം നൽകുക.
2. വനിതകളുടെ തൊഴിൽ സംരംഭങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കുക.
3. ചുണ്ടേൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുപോലുള്ള സ്റ്റോറുകൾ ഇനിയും പഞ്ചായത്തിൽ നിർമ്മിക്കണം.
4. ഡയറി പ്രൊജക്ട് സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക.

(ഡയറി പൊജക്ട് ഇപ്പോൾ മൂലധനം സർക്കാറിന്റെയും പ്രവർത്തനം സഹകരണവുമാണ്)

# 5-10

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിലും വളർന്ന്കൊണ്ടിരിക്കുന്ന ഉപഭോഗസംസ്കാരത്തിന്റെയും വികസനത്തിന്റെ അസന്തുലിതാവസ്ഥയുടെയും സമസ്തഭാരവും താങ്ങേണ്ടിവരുന്ന ദരിദ്രരും ദുർബലരുമായ പട്ടികജാതി -പട്ടികവർഗ്ഗം, ജോലിചെയ്യാൻ മാത്രം വിധിക്കപ്പെട്ട ഒരു വിഭാഗം. അവരുടെ ഉന്നമനത്തിന് ധാരാളം പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടുന്നുണ്ട്. 10.51% പട്ടിക ജാതിക്കാരും 4.5% പട്ടികവർഗ്ഗക്കാരും ഉൾപ്പെട്ട വൈത്തിരി ഗ്രാമപഞ്ചായത്തിലും ഈ വിഭാഗം ജനങ്ങളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി വലിയ ഒരു തുക നീക്കിവെയ്ക്കേണ്ടിവരുന്നു. സാമൂഹിക സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന പട്ടികവിഭാഗക്കാർ വളരെ കുറവാണ്. പൊതുകിണറുകളും, കുളങ്ങളും ഉപയോഗിക്കുന്നതിൽ ഇവർക്ക് എതിർപ്പില്ല. ക്ഷേമപ്രവർത്തനങ്ങളുടെ അജ്ഞതയും നടപ്പിലാക്കുന്നതിലുള്ള അപാകതയും കാരണം പല ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കാതെപോകുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തൊഴിൽ രംഗത്തേക്ക് പഠനം നിർത്തിപോകുന്ന ധാരാളം പേരുണ്ട്. സാമൂഹികമായ ഉച്ചനീചത്വങ്ങളൊന്നും പഞ്ചായത്തിൽ കണ്ടുവരുന്നില്ല. അംഗണവാടി ടീച്ചർമാർ, വർക്കർമാർ മോട്ടോർ തൊഴിലാളികൾ എന്നീ തൊഴിൽ രംഗങ്ങളിൽ ഈ വിഭാഗം ഇപ്പോൾ മുന്നോട്ട്വന്നിട്ടുണ്ട്. ആദിവാസികൾ മാത്രം ജോലി ചെയ്യുന്ന പൂക്കോട് ഡയറി പ്രൊജക്ടിന്റെ പ്രവർത്തനം നിശ്ചാലവസ്ഥയിലാണ്. അതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തിയാൽ ആദിവാസി മേഖലയിൽ വളരെ സഹായകമാവും.

അതുപോലെ പ്രിയദർശനി എസ്റ്റേറ്റിന്റെ പ്രവർത്തനവും ത്വരിതപ്പെടുത്തണം.

### തൊഴിൽ

ഈ വിഭാഗത്തിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ഞാറ്പറിക്കൽ, കളപറിക്കൽ എന്നീ രംഗത്ത് വനിതകളാണധികവും നെൽകൃഷി ലാഭകരമല്ലാത്തതിനാൽ ഈ രംഗത്ത് തൊഴിൽ കുറഞ്ഞുകൊണ്ടിരിക്കുന്നു. കാട്ടിൽ നിന്നും വിറക്, തേൻ എന്നിവ ശേഖരിച്ച് അങ്ങാടിയിൽ വിറ്റ് ഉപജീവനം നടത്തുന്നത് പട്ടികവർഗ്ഗക്കാരിൽ ഒരു പ്രധാന തൊഴിലാണ്.

### പാർപ്പിടം

പട്ടികവർഗ്ഗക്കാരുടെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിച്ചിട്ടില്ല. അധികം പേർക്കും സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ല. സർക്കാർ പദ്ധതികൾ പ്രകാരം ഒട്ടേറെ കുടുംബങ്ങൾക്ക് സ്വന്തമായി വീട്വെക്കാൻ സാധിച്ചിട്ടുണ്ട്.

വായ്പകൾ തിരിച്ചടക്കാൻ കഴിയാതെ പല കുടുംബങ്ങളും വിഷമിക്കുന്നു. പലകുടുംബങ്ങൾക്കും സൗജന്യമായി വീട്നിർമ്മിച്ച് കൊടുക്കുകയും കോളനികളിലും വീടുകളിലും പ്രാഥമിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. കോളനിക്കുപുറത്ത് താമസിക്കുന്ന പട്ടികജാതിക്കാരുടെയും സ്ഥിതിമെച്ചമല്ല. പട്ടികജാതി വികസന വകുപ്പിൽ നിന്നും പുര നിർമ്മിക്കുന്നുള്ള ധനസഹായം ഇന്നത്തെ സാഹചര്യത്തിൽ കുറവാണ്. മാത്രമല്ല അർഹരായ മുഴുവൻ പേർക്കും ലഭിക്കുന്നുമില്ല.

കാർഷിക വരുമാനമോ കച്ചവടമോ മുഖ്യവരുമാനഉപാധിയായി സ്വീകരിച്ച കുടുംബങ്ങൾ ഈ വിഭാഗത്തിലില്ല.

സർക്കാറിൽ നിന്ന് ആടുകളെ വിതരണം ചെയ്യുന്നുണ്ടെങ്കിലും വളർത്താനുള്ള ബുദ്ധിമുട്ടുകളുണ്ട്. സ്കൂൾ മേഖലയിൽ ഈ വിഭാഗത്തിൽ നിന്നും അദ്ധ്യാപകരില്ല. ദിവസവും കിട്ടുന്ന വരുമാനം അന്നന്ന് തന്നെ ചിലവഴിക്കണം. സമ്പാദ്യശീലം ഇല്ല. ഇതിനുവേണ്ട ബോധവൽക്കരണം നടത്തണം.

## പ്രശ്നങ്ങൾ

1. കാർഷികമേഖലയിൽ തൊഴിൽ കുറയുന്നു.
2. സ്വന്തമായി അധികം പേർക്കും വീടില്ല.
3. പ്രാഥമിക സൗകര്യം കുറവാണ്.
4. വീട്വെക്കാൻ സ്വന്തമായി ഭൂമിയുള്ളവർ കുറവാണ്.
5. കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നില്ല.
6. കൈവശസർട്ടിഫിക്കറ്റ് ലഭിക്കാത്തത് കൊണ്ട് പലർക്കും വീട് നമ്പർ ലഭിക്കുന്നില്ല.
7. റേഷൻ കാർഡ് ലഭിക്കുന്നില്ല.
8. ചികിത്സയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
9. ഐ. ആർ. ഡി. പി. ഫലപ്രദമാവുന്നില്ല.
10. സർക്കാർ ക്ഷേമ പ്രവർത്തനങ്ങൾ യഥാസമയത്ത് ലഭിക്കുന്നില്ല.
11. കോളനിയിൽ നിരക്ഷരത നിലനിൽക്കുന്നു.

## സാധ്യതകൾ

1. വിദ്യാലയങ്ങളിൽ സൗജന്യ യൂണിഫോറം നൽകുക.
2. സഹകരണാടിസ്ഥാനത്തിൽ തൊഴിൽ മേഖല ഉണ്ടാക്കുക.
3. വീടുവെക്കാൻ ഭൂമിയും ധനസഹായവും നൽകുക.
4. കോളനികളിൽ പൊതുകിണർ നിർമ്മിക്കുക.
5. പൊതുശ്മശാനം നിർമ്മിക്കുക.
6. വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക.
7. ആരോഗ്യശുചിത്വകാര്യങ്ങളിൽ ബോധവൽക്കരണം നടത്തുക.

### ആദിവാസികോളനി വിവരങ്ങൾ

| Sl No | കോളനിയുടെ പേര് | അധിവസിയ്ക്കുന്ന വിഭാഗം | ആകെ കുടുംബങ്ങൾ | അടിസ്ഥാനസൗകര്യങ്ങൾ | | |
|---|---|---|---|---|---|---|
| | | | | കുടിവെള്ളം | വൈദ്യുതി | ഗതാഗതം |
| 1 | ചെമ്പട്ടികോളനി | പണിയ | 21 | ഉണ്ട് | ഇല്ല | ഇല്ല |
| 2. | ശ്രീപുരംകോളനി | " | 11 | " | " | ഉണ്ട് |
| 3. | കുഞ്ഞംകോട് | " | 18 | " | ഉണ്ട് | " |
| 4. | വട്ടവയൽ | " | 5 | " | ഇല്ല | " |
| 5. | വട്ടക്കുണ്ട് | കാട്ടുനായ്ക്കർ | 27 | ഇല്ല | ഇല്ല | ഇല്ല |
| 6. | തളിമല | പണിയർ | 7 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | തങ്ങൾക്കുന്ന് | " | 25 | " | " | ഇല്ല |
| 8. | ഡയറി പ്രൊജക്ട് | " | 73 | " | " | " |
| 9. | അറമല | " | 8 | " | " | " |

### പട്ടികജാതി കോളനി വിവരങ്ങൾ

| Sl No | കോളനിയുടെ പേര് | ആകെ കുടുംബങ്ങൾ | കുടിവെള്ളം | വൈദ്യുതി | ഗതാഗതം |
|---|---|---|---|---|---|
| 1 | ആനപ്പാറ | 17 | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | തലമല ഐ. എച്ച്. ഡി. പി | 32 | " | " | ഇല്ല |
| 3. | ചാരിറ്റി | 10 | " | " | ഉണ്ട് |
| 4. | ശൂലംകുത്തി | 3 | " | " | ഇല്ല |
| 5. | അമ്പലക്കുന്ന് | 21 | ഇല്ല | ഉണ്ട് | " |
| 6 | അയ്യപ്പൻകുന്ന് | 13 | " | " | " |
| 7. | അറമലകുന്ന് | 10 | " | " | " |
| 8. | മണ്ടമല | 10 | " | ഇല്ല | " |

## നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ കുന്നംകോട് നാല്സെൻറ്ഭൂമി കോളനിയായി നടപ്പിലാക്കുക.
2. നാലാം വാർഡിൽ റാട്ടമറ്റം, ശൂലം കുത്തി എന്നീരണ്ട് കോളനികൾ ആവശ്യമാണ്.
3. 5ാം വാർഡിലെ അമ്പലകുന്ന് പ്രദേശം പട്ടികജാതി യായി പ്രഖ്യാപിക്കുക.
4. തൊഴിലില്ലായ്മ പരിഹരിക്കാൻ തരിശ്ഭൂമികൾ ഉപ യോഗപ്പെടുത്തി കാർഷിക ക്ഷീര വികസനവും അനു ബന്ധ പദ്ധതികളും നടപ്പിലാക്കുക.
5. ബോധവൽക്കരണം നടത്തുക.
6. പട്ടികജാതി പട്ടികവർഗ്ഗ ഹോസ്റ്റലുകൾ നിർമ്മിക്കുക.
7. പച്ചക്കറികൃഷി, ക്ഷീരവികസനം എന്നിവ വ്യാപകമാക്കുക.
8. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണമാർക്കററിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.
9. കുടിൽ വ്യവസായങ്ങൾക്ക് പരിശീലനം നൽകുക.
10. സാംസ്കാരികനിലയം, വായനശാലകൾ കലാകായിക സംഘടനകൾ നടപ്പിൽവരുത്തുക.
11. ശ്മശാനമില്ലാത്ത സ്ഥലങ്ങളിൽ പൊതുശ്മശാനം നിർമ്മിക്കുക.

## പൊതുനിർദ്ദേശങ്ങൾ

1. സർക്കാർ കൊടുക്കുന്ന ഭവനങ്ങൾ വിതി വിസ്താരമു ള്ളവയായിരിക്കണം.
2. എല്ലാ വാർഡുകളിലും വഴി വിളക്ക് സ്ഥാപിക്കുക.
3. അഴുക്കുചാലുകൾ നിർമ്മിക്കുകയും ഇപ്പോഴുള്ളവ നന്നാക്കുകയും ചെയ്യുക.
4. ചാരിറ്റിരാട്ടമറ്റം കോളനി റോഡ് പുതുക്കിപണിത് ഗതാഗതയോഗ്യമാക്കുക.
5. മാവേലി സ്റ്റോർമുതൽ സ്കൂൾവരെ വഴിവിളക്ക് സ്ഥാപിക്കുക.

**വീടില്ലാത്ത കുടുംബങ്ങൾ**

| ക്രമ നമ്പർ | കോളനി/വാർഡ് | എണ്ണം |
|---|---|---|
| 1. | കുഞ്ഞംകോട് | 24 |
| 2. | ശ്രീപുരം | 8 |
| 3. | ചെമ്പട്ടി | 11 |
| 4. | ചുണ്ട ലക്ഷം വീട് | 10 |
| 5. | ശൂലംകുത്തി, ഐ. എച്ച്. ഡി. പി ആനപ്പാറ വട്ടക്കുണ്ട്,കോളനി. 4 സെൻറ് മട്ടവട്ടം | 95 |
| 6. | വാർഡ് 5 | 25 |
| 7 | വാർഡ് 5 | 10 |
| 8. | വാർഡ് 7 | 25 |
| 9. | വാർഡ് 8 | 30 |

## റോഡ്

1. 4ാം വാർഡിൽ ചാരിറ്റിറാട്ടമറ്റം റോഡും 4 സെൻറ് കോളനിയിലേക്കുള്ള റോഡും ഐ. എച്ച്. ഡി. പി കോളനി റോഡും,പ്രധാനറോഡുമായി ബന്ധിപ്പിക്കുക.
2. ചാരിറ്റി-ശൂലംകുത്തിയിൽ ഫുട്പാത്ത്നിർമ്മിക്കുക.
3. 5ാം വാർഡ് ലക്ഷം വീട്കോളനിയിലേക്ക് ഫുട്പാത്ത് നിർമ്മിക്കുക.
4. 8ാം വാർഡിൽ മിച്ചഭൂമി (കോളനി) പ്രദേശത്തേക്ക് റോഡ് നിർമ്മിക്കുക.
5. 17ഏക്കർ ഗിരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

## കുടിവെള്ളം

1. 1, 2, 3, 4 എന്നീ വാർഡുകളിലെ എല്ലാ കോളനിയിലേക്കും കുടിവെള്ളമെത്തിക്കുക.

## വൈദ്യുതി

1. ആനപ്പാറകോളനിയിലെ ട്രാൻസ്ഫോർമറിൽ നിന്ന് വട്ടക്കുണ്ട് കോളനിയിലേക്ക് വൈദ്യുതി എത്തിക്കുക.
2. അറമല കോളനിയിലേക്ക് പുക്കോട് ട്രാൻസ്ഫോർമറിൽ നിന്നും വൈദ്യുതി എത്തിക്കാവുന്നതാണ്.

കക്കൂസ്

1. 4ാം വാർഡിലെ 105 വീടുശ്ക്ക് കക്കൂസ് ഉണ്ടാക്കുക.
2. 7ാം വാർഡിലെ 20 കുടുംബങ്ങൾക്ക് 20 കക്കൂസ് ഉണ്ടാക്കുക.
3. 8ാം വാർഡിലെ 135 കുടുംബങ്ങൾക്ക് കക്കൂസ് ഉണ്ടാക്കുക.

ആദിവാസികളുടെ ഉന്നമനത്തിന് വേണ്ടിയുള്ള എല്ലാ പദ്ധതികളും നടപ്പിൽ വരുത്തിയാൽ ഈ ഗ്രാമപഞ്ചായത്തിലെ പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്ക് അവരുടെ സർവ്വോന്മുഖമായ ഉന്നമനത്തിന് കളമൊരുക്കാം.

# 5-11

# വിഭവ സമാഹരണം

ഒരു ഗ്രാമത്തിന്റെ വികസനം ആ ഗ്രാമത്തിന്റെ മാനുഷിക വിഭവങ്ങളെ ആശ്രയിച്ച് നിലകൊള്ളുന്നു. ഈ വിഭവങ്ങളെ ശരിയായ രീതിയിൽ ഉപയോഗിക്കുവാൻ കഴിയാതെ പോയതാണ് യഥാർത്ഥത്തിൽ നമ്മുടെ ഗ്രാമങ്ങൾ ഇത്രത്തോളം പിന്നോക്കാവസ്ഥയിലെത്താനുണ്ടായ പ്രധാനകാരണം. മാനുഷികവും, കാർഷികവും പ്രകൃതിദത്തവുമായ വിഭവങ്ങളെ ഒരുമിച്ചു ചേർത്താൽ മാത്രമേ ഇവിടെ ഗ്രാമത്തിന്റെ ശരിയായ ഉയർച്ച നമുക്ക് ദർശിയ്ക്കുവാൻ കഴിയുകയുള്ളൂ. വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് നടത്തിയ വിവിധ വാർഡുകളുടെ ഗ്രാമസഭകളിൽ ധാരാളം നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തണമെങ്കിൽ പഞ്ചായത്തിന് കഴിയുന്നത്ര വിഭവങ്ങൾ ശേഖരിയ്ക്കുവാൻ കഴിയണം. പദ്ധതി വിഹിതം എത്ര തന്നെ വലുതായാലും സമഗ്രവികസനത്തിന് പര്യാപ്തമാവില്ല. മാനുഷിക വിഭവങ്ങൾകൂടി ഈ പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കണമെന്ന ഏകാഭിപ്രായമാണ് മുഴുവൻ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളത്. ഇവയെ ഒററക്കെട്ടായി നിലനിർത്തുവാൻ, പുതിയ പാത വെട്ടിത്തെളിയ്ക്കാനുള്ള സമയമായിരിക്കുകയാണ്.

മാനുഷിക വിഭവങ്ങളിൽ ഭൂരിഭാഗവും എസ്റ്റേറ്റ് മേഖലയിലെ തൊഴിലാളികളാണ്. ഇവരുടെ വരുമാനം കാർഷിക മേഖലയെ ആശ്രയിച്ചിരിക്കുന്നു. കർഷക മേഖലയിലുള്ളവരും ചുക്കുമെല്ല് കാപ്പി, കുരുമുളക്, ഏലം കൃഷിക്കാരും ഈ കൂട്ടറിൽപ്പെടുന്നു. നിത്യോപയോഗ സാധനങ്ങൾക്കായി പ്രധാനമായും 4 ടൗണുകളെയാണ് ഭൂരിഭാഗം പേരും ആശ്രയിക്കുന്നത്. ഇവിടങ്ങളിൽ പച്ചക്കറി വാങ്ങിയ്ക്കുന്നതിനായി ആഴ്ചയിൽ 1,35000 രൂപയോളം സാധാരണക്കാർ ചിലവഴിക്കുന്നു. നമ്മുടെ പ്രദേശങ്ങളിൽ ജലസ്രോതസ്സുകൾ നിരവധി ഉള്ളതിനാൽ ഇവയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കാവുന്നതാണ്. 1500 ഏക്കർ വരുന്ന ഭൂമി കൃഷിക്ക് അനുയോജ്യമായിരുന്നിട്ടും ഇവ കൃഷിടിയങ്ങളാക്കി മാററുവാൻ നമുക്ക് സാധിച്ചിട്ടില്ല. ഉള്ള നെൽപ്പാടങ്ങൾ നികത്തി പാർപ്പിടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയും നെൽപ്പാടങ്ങൾ കർഷകരുടെ നഷ്ടങ്ങളുടെ കഥകളിൽ ഓരോടാകുകയും ചെയ്തപ്പോൾ പാടങ്ങളിലെല്ലാം മററു കൃഷികൾ സ്ഥാനം പിടിച്ചിരിക്കുകയാണ്. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിലൂടെ നിത്യോപയോഗ വിഭവങ്ങൾ കൂടുതൽ ഉൽപ്പാദിപ്പിച്ച് ഇവ സമാഹരിയ്ക്കുകയും, വിപണനം ചെയ്യുകയും ആണെങ്കിൽ ഇവിടെ പുതിയൊരു വിഭവ ഉപഭോഗ സംസ്ക്കാരം ഉണ്ടാക്കുവാൻ നമുക്ക് സാധിക്കും. ഈ സംസ്ക്കാരം ഉടലെടുക്കുന്നതു മൂലം പരസ്പര സഹായ സഹകരണ സംഘങ്ങൾ രൂപീകരിയ്ക്കാം. ഇതുവഴി തൊഴിൽ സാധ്യതകൾ ഉണ്ടാക്കിയെടുക്കുവാനും നമുക്ക് സാധിക്കും.

ഈ പഞ്ചായത്തിൽ ഉള്ളതായ വിഭവങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പുഴയോരങ്ങളിൽ ഉണ്ടാവുന്ന ഈറ്റക്കാടുകൾ വേണ്ട രീതിയിൽ ഉപയുക്തമാക്കുകയാണെങ്കിൽ പനമ്പ് നിർമ്മാണം ആരംഭിക്കാം. പുഴയോര സംരക്ഷണവുമായി ബന്ധപ്പെട്ട് നിർമ്മിയ്ക്കാവുന്ന ജൈവ ബണ്ടുകൾ ജനജീവിതവുമായി ബന്ധപ്പെടുത്താവുന്നതാണ്. ജൈവ ബണ്ടു

കളിൽ വച്ചുപിടിപ്പിയ്ക്കാവുന്ന കാട്ടുകൈതയുടെ ഓലകൊണ്ടു പായ നിർമ്മാണവും വിപുലമായി നടത്തുവാൻ കഴിയും.

പദ്ധതി വിഹിതങ്ങളേക്കാൾ ഉപരിയായി മനുഷ്യരുടെ വിഹിതമായി നൽകാവുന്ന അദ്ധ്വാനങ്ങൾ മേൽപ്പറഞ്ഞിട്ടുള്ള മുഴുവൻ പരിപാടികളിലും നമുക്ക് വിനിയോഗിക്കാൻ സാധിച്ചാൽ മാത്രമേ ഗാന്ധിജി വിഭാവനം ചെയ്ത പൂർണ്ണ ഗ്രാമസ്വരാജ് സ്വപ്നം സാക്ഷാൽക്കരിയ്ക്കപ്പെടുകയുള്ളൂ.

### പഞ്ചായത്തിൻെറ പ്രധാന ധനാഗമമാർഗ്ഗങ്ങൾ

a **കെട്ടിടനികുതി:** പ്രധാനമായും കെട്ടിടനികുതിയിനത്തിലാണ് പഞ്ചായത്തും ജനങ്ങളും തമ്മിലുള്ള ബന്ധം സ്ഥാപിക്കപ്പെടുന്നത്. വിവിധങ്ങളായ വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ തങ്ങളുടേതായ ഒരു വിഹിതം പഞ്ചായത്തിലേക്ക് നൽകുന്നത് ഈ നികുതിയിലൂടെയാണ്. നടപ്പ് സാമ്പത്തിക വർഷം 331193.50 രൂപയാണ് നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ഈ തുക പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൻെറ 22. 68% ആണ്.

**b തൊഴിൽ നികുതി:** പൊതുമേഖലയിലേയും, സ്വകാര്യമേഖലയിലേയും, സ്ഥിരമായി ജോലിചെയ്യുന്നവർ നൽകുന്ന നികുതിയാണിത്. ഈ നികുതിയിനത്തിൽ ഈ വർഷം 172678 രൂപയാണ് ലഭിച്ചത്. ഈ നികുതി ഇവിടുത്തെ തോട്ടം തൊഴിലാളിമേഖലയിലേക്ക് കൂടി വ്യാപിപ്പിച്ചാൽ ഈ വരവ് ഇരട്ടിയായി വർദ്ധിയ്ക്കും. ഇപ്പോൾ എസ്റ്റേറ്റ് മേഖലയിലെ സ്റ്റാഫംഗങ്ങൾ മാത്രമേ ഈ നികുതി നൽകാറുള്ളൂ. നിയമസാധുതകൾ ഈ പ്രദേശങ്ങളിൽ നികുതി പിരിക്കുന്നതിനുണ്ടെങ്കിലും ഇതു നൽകാൻ തോട്ടം തൊഴിലാളികൾ തയ്യാറല്ലയെന്ന വസ്തുത മറച്ചുവെയ്ക്കുവാൻ കഴിയില്ല.

**c വിനോദനികുതി:** ഈ ഇനത്തിൽ സാധാരണയായി സിനിമാവ്യവസായങ്ങളിൽ നിന്നുമാണ് നികുതി ലഭിക്കാറുള്ളത്. രണ്ട് സിനിമാ ശാലകളാണ് വൈത്തിരി ഗ്രാമപഞ്ചായത്തിനുള്ളത്. കാലാകാലങ്ങളിൽ നടക്കാറുള്ള ഉത്സവ ആഘോഷങ്ങളുടെ ഭാഗമായി വിനോദസ്റ്റാളുകൾ നടത്തുന്നവരും ഈ ഇനത്തിൽ നികുതി അടയ്ക്കുന്നു. സർക്കസ്, നാടകം ഇവയുടെ പ്രദർശനവും വിനോദനികുതി അർഹിയ്ക്കുന്നു. പൂക്കോട് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ നിന്നും വിനോദനികുതി ലഭിയ്ക്കാറില്ലയെന്നത് സർക്കാരിൻെറ ഭാഗത്തുനിന്നും വന്നിട്ടുള്ള ഒരു വീഴ്ച തന്നെയാണ്. പ്രവേശനഫീസിനത്തിൽ ഈ കേന്ദ്രത്തിൽ ഒരാൾക്ക് രണ്ട് രൂപയാണ് വാങ്ങിയ്ക്കാറുള്ളത്. ശരാശരി ഓരോ വർഷത്തിലും 3 ലക്ഷത്തിലേറെ രൂപയാണ് ഈ ഇനത്തിലുള്ള വരവ്. 27% രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിയ്ക്കേണ്ടതാണ്. വർഷങ്ങളായി ഈ തുക പഞ്ചായത്തിന് ലഭിയ്ക്കാറേയില്ലയെന്നത് ദുഃഖസൂചകമാണ്.

**1995-96 ലെ പഞ്ചായത്ത് വരവ് സംബന്ധിച്ച പട്ടിക**

| ഇനം | പിരിച്ച രൂപ |
|---|---|
| 1. കെട്ടിടനികുതി | 331193.50 |
| 2. തൊഴിൽ നികുതി | 172678 |
| 3. വിനോദനികുതി | 72,000 |
| 4. അഡീ. വിനോദനികുതി | 43,200 |
| 5. ലൈസൻസ് ഫീസ് | 13,160.25 |
| ആകെ | 632231.75 |

**മറ്റിനങ്ങൾ:** വസ്തുകൈമാറ്റത്തിനും. മററുമായി നികുതി ഈടാക്കാറുണ്ട്. ജെ. ആർ. വൈ പദ്ധതിയ്ക്കുവേണ്ടിയും മററ് പാർപ്പിട പദ്ധതിക്കൾക്കുവേണ്ടിയും ഉപാധിരഹിത ഫണ്ടായും മററുഫണ്ടായും കാലാകാലങ്ങളിൽ ലഭിക്കാറുണ്ട്. ലൈസൻസിനായി വ്യാപാരികളും വ്യവസായികളും ഒരു നിശ്ചിത തുക നികുതി ഇനത്തിൽ നൽകാറുണ്ട്. ഈ ഇനത്തിൽ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 13,160.25 രൂപയാണ് ലഭിച്ചത്. ഇത് അൽപ്പം ഉയർത്തേണ്ടത് അത്യാവശ്യമായിരിക്കുകയാണ്.

സേവനമേഖലകളിൽ വരവിനേക്കാളധികം ചിലവഴിക്കേണ്ടതുകൊണ്ട് ഈ തുക ജനങ്ങൾക്കിടയിൽ നിന്നും പിരിച്ചെടുക്കേണ്ട അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്.

ചുണ്ടേൽ ടൗണിൽ പ്രവർത്തിക്കുന്ന ഷോപ്പിങ്ങ് സെൻറർ പ്രതിവർഷം 30,000 രൂപവരെ വരുമാനം ലഭിക്കുന്ന സെൻററാണ്. ഇതും ഒരുവരുമാനത്തിൻെറ പ്രധാനമാർഗ്ഗമാണ്. ഈ സെൻററിൻെറ സൗകര്യങ്ങൾ പരിമിതമാണെങ്കിലും വാടക അൽപ്പം ഉയർത്തി പുനർലേലം ചെയ്യുകയാണെങ്കിൽ നല്ലൊരു തുക ഈ ഇനത്തിൽ ലഭ്യമാവും.

ശുദ്ധജല വിതരണത്തിനും, കിണറുകളുടെ ആഴം വർദ്ധിപ്പിക്കുന്നതിനും, നന്നാക്കുന്നതിനുമായി നല്ലൊരു തുക നമ്മുടെ പഞ്ചായത്ത് ചിലവഴിക്കുന്നുണ്ട്. ശുദ്ധജലവിതരണം യഥാർത്ഥ രീതിയിലാവണമെങ്കിൽ ഈ രംഗത്തെ ഉപഭോക്താക്കൾ ഒരുമിച്ചാൽ മാത്രമേ സാധ്യമാവുകയുള്ളൂ. ഒരു കുടിവെളള ടാപ്പിൽ നിന്നും ജലംസംഭരിക്കുന്ന വ്യക്തികൾ ഒന്നായി ഒരു തുക പഞ്ചായത്തി

നെ ഏൽപ്പിക്കുകയാണെങ്കിൽ ഈ രംഗം വളരെ ഉയർച്ചയിലെത്തും. കിണറുകൾ നന്നാക്കുന്നതിനായി ഒരു തുക സാധാരണയായി നൽകാറുണ്ട്. ഈ തുക നൽകാതെ തന്നെ ഈ കിണറുകൾ നന്നാക്കുവാൻ നമുക്ക് സാധിക്കും. ഇത്തരം കിണറുകളിൽ നിന്നും ജലംസംഭരിക്കുന്ന ഉപഭോക്താക്കളെ ഇവയെപ്പററിയുള്ള ഒരു വിശകലനം നൽകി ഇവരെക്കൊണ്ടുതന്നെ നന്നാക്കിക്കുവാൻ നമുക്ക് സാധിക്കും. ഇതിനെല്ലാം തന്നെ ഒരു ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

| 1995 -96ൽ പഞ്ചായത്ത് ചെലവ് സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| ഇനം | ചെലവഴിച്ചതുക | ശതമാനം |
| ഭരണനിർവ്വഹണം | 612588.00 | 42.8 |
| പൊതുമരാമത്ത് | 322500.00 | 22.5 |
| വിദ്യാഭ്യാസം | 14200.00 | 0.99 |
| ജലവിതരണം,ഓടകൾ, പൊതുജനാരോഗ്യം | 125512.00 | 8.7 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 30720.00 | 2 |
| മറ്റുള്ളവ | 324651.45 | 22 |
| ആകെ | 14,30,171.45 | - |

പൊതുമരാമത്ത് ചിലവുകളിലേക്കായി പഞ്ചായത്തിന്റെ 22.5% തുകയാണ് ചിലവഴിച്ചിട്ടുള്ളത്. കാറും ഇരുചക്രവാഹനങ്ങളും സ്വന്തമായുള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്ന ഈ കാലയവളിൽ ഇവരുടേതായ ഒരു വിഹിതം ഈ പ്രവർത്തനങ്ങൾക്കായി നൽകേണ്ടത് ആവശ്യമാണ്. റോഡ് ടാർചെയ്ത് പരിപാലിക്കുന്നതിന് ഈ തുക വിനിയോഗിക്കാം. നേരിട്ട് ഗുണം ചെയ്യുന്ന കാര്യങ്ങൾക്കു വേണ്ടി സംഭാവന ചെയ്യുന്ന ജനങ്ങളായതിനാൽ അദ്ധ്വാനവും പണവും സമാഹരിക്കാവുന്ന മേഖലയാണിത്. മുമ്പുണ്ടായിരുന്ന പല നടപ്പാതകളും ഇതേ രീതിയിലുള്ള സമാഹരണ പരിപാടികളിലൂടെ ഗതാഗതയോഗ്യമുള്ള വലിയ റോഡുകളാക്കിമാററിയതും വൈത്തിരിയുടെ ചരിത്രത്തിൽ നാഴിക കല്ലുകളാണ്.

ഇതൊക്കെയാണെങ്കിലും വിവിധങ്ങളായ പ്രശ്നങ്ങളാണ് സമാഹരണത്തിലും മററും നേരിടുന്നത്. ധനസമാഹരണത്തിനും മററും 4 ബാങ്കുകളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പാവപ്പെട്ട ജനവിഭാഗത്തിനുവേണ്ട വായ്പകൾ നൽകുവാൻ പ്രസ്തുത ബാങ്കുകൾ തയ്യാറാവാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. രണ്ട് കനറാ ബാങ്കുകളും ഒരു സർവ്വീസ് സഹകരണ ബാങ്കും, ഒരു ഗ്രാമീണ ബാങ്കുമാണ് ധനകാര്യ സ്ഥാപനങ്ങൾ. സ്വകാര്യവ്യക്തികൾ നടത്തുന്ന വിവിധ ചിട്ടികമ്പനികളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു.

1995-96 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി കാനറാ ബാങ്കിന്റെ വൈത്തിരി, ചുണ്ട ശാഖകളും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ വൈത്തിരി ശാഖയും വിതരണം ചെയ്ത വായ്പാ വിവരം താഴെ കൊടുക്കുന്നു.

| കനറാബാങ്ക് വൈത്തിരി ശാഖ | | |
|---|---|---|
| 1 | കാർഷികം | 1.13,35,960 |
| 2. | കാർഷികേതരം (സ്വർണ്ണപണയം ഉൾപ്പെടെ) | 15,0000 |
| 3. | ഐ. ആർ. ഡി. പി (9 പേർക്ക്) | 1,18,917 |
| 4. | പി. എം. ആർ. വൈ | 2,33,400 |

| കനറാബാങ്ക് ചുണ്ടേൽ | |
|---|---|
| കാർഷികം | 2,33400 |
| കാർഷികേതരം | 3,00,000 |
| സ്വർണ്ണപണയം | 30,00,000 |
| ഐ. ആർ. ഡി. പി | |
| പി. എം.ആർ. വൈ | 2,33,400 |

| സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | |
|---|---|
| കാർഷികം കാർഷികേതരം | |
| സ്വർണ പണയം | 40,00,000 |
| ഐ. ആർ.ഡി. പി | 2,00,000 |

❖

# 5-12

# ടൂറിസം

## സഞ്ചാരികളുടെ നാട്ടിലേക്ക് സ്വാഗതം

"നീ എന്റെ കൂടെ ഉണ്ടായിരുന്നുവെങ്കിൽ നമ്മുടെ ഈ സുന്ദരമായ ലോകത്തെപ്പററിയും നമുക്കു ചുററുമുള്ള പുഷ്പങ്ങളേയും മരങ്ങളേയും പക്ഷികളേയും മൃഗങ്ങളേയും നക്ഷത്രങ്ങളേയും മലകളേയും ഹിമാനികളേയും മററു അത്ഭുതകരമായ വസ്തുക്കളെപ്പററിയും ഞാൻ നിന്നോടു പറയാൻ ഇഷ്ടപ്പെടുമായിരുന്നു. നമുക്കു കാണാൻ നേത്രങ്ങളും ശ്രവിക്കാൻ കർണ്ണങ്ങളും ലോകത്തിന്റെ സൗന്ദര്യത്തിനും ജീവസത്തയ്ക്കും നേരെ ഒരു തുറന്ന മനസ്സുണ്ടെങ്കിൽ മാത്രം" ( ജവഹർലാൽ നെഹ്റു)- എങ്കിലിതാ പ്രകൃതി ദൃശ്യങ്ങളുടേയും വനസൗന്ദര്യത്തിന്റെയും ചക്രവാളം തൊട്ടുനില്ക്കുന്ന മാമലകളുടേയും പ്രലോഭിതവും പ്രശോഭിതവുമായ ഒരു ഹരിതമയുടെയും നാട്. വൈത്തിരി- റിസോർട്ടുകളുടെ നാട്- അന്യൂനവും സംശുദ്ധവും മാസ്മരികവുമായ നിഗൂഢതകളുടെ ചരിത്രമുറങ്ങുന്ന ഈ നാട് പ്രകൃതിയെ സ്നേഹിക്കുന്ന മനസ്സിനായി കാത്തിരിക്കുന്നു.

സാമൂതിരിയുടെ നാട്ടിൽ നിന്ന് 2500 അടിയോളം ഉയരത്തിൽ സഹ്യസാനുക്കളിൽ സ്ഥിതി ചെയ്യുന്ന വൈത്തിരി. വിനോദസഞ്ചാര ഭൂപടത്തിൽ വൈത്തിരി സ്ഥാനം പിടിച്ചിട്ട് കുറച്ചുകാലമായി. മുററത്തെ മുല്ലക്ക് മണമില്ല എന്ന അവസ്ഥ തന്നെയായിരുന്നു വൈത്തിരിക്കും. ചരിത്രത്തിന്റെ ഒരു നിയോഗം പോലെ വയനാട്ടിലേക്ക്, വൈത്തിരിയിലേക്ക് ടൂറിസ്റ്റുകളുടെ പ്രവാഹം തുടങ്ങി സമതലത്തിൽ നിന്നുള്ളവർക്ക് ഇവിടം എന്നും ഒരു പ്രചോദനമായിരുന്നു. വിദൂരതകളിൽ നിഗൂഢതയും പേറിയുള്ള വയനാടിന്റെ വന്യത മലമ്പാതകൾ മുതൽ മനസ്സിലെ ചൂഴ്ന്നുകൊണ്ടിരിക്കും സഞ്ചാരി തിരിച്ചു ചുരമിറങ്ങിയാലും ഇതവന്റെ മനസ്സിൽ അവശേഷിച്ചിരിക്കും.

നാലുചുററും ഉന്നത നിബിഡ വനങ്ങളാലും ചെറുകുന്നുകളാലും ചുറ്റപ്പെട്ട സ്വച്ഛന്ദമായ ശുദ്ധജലതടാകം - പൂക്കോട് ലെയ്ക്ക്. വൈത്തിരിക്ക് പ്രകൃതിയുടെ വരദാനമാണ്. ആധുനിക ടൂറിസത്തിന്റെ വികസന സാധ്യതകൾ ഇന്ന് ബോട്ടിംഗ് സൗകര്യങ്ങളും ചിൽഡ്രൻസ് പാർക്കും, ശുദ്ധജല അക്വേറിയവും ഈ തടാകത്തിന് നൽകി കഴിഞ്ഞു. ചുരത്തിലെ വ്യൂപോയന്റ് മറെറാരു വിനോദ പ്രാധാന്യമുള്ള സ്ഥലമാണ്. 2500 അടി ഉയരത്തിൽ നിന്നും അതിവിദൂരതയിൽ ചക്രവാള സീമയിൽ തൊട്ടുകിടക്കുന്ന അറബിക്കടലിന്റെ തീരം തൊടുമ്പോഴേക്കും. എന്തെല്ലാം വശ്യസുന്ദരമായ പ്രകൃതി ദൃശ്യങ്ങളും നിറക്കൂട്ടുകളുമാണ് പ്രകൃതി ഓരോ നിമിഷവും കണ്ണിനും, കരളിനും കണിവിരുന്നേകുന്നത്. ചങ്ങലമരം വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന മറെറാരു കേന്ദ്രമാണ്.

### നിർദ്ദേശങ്ങൾ

1. ടൂറിസം പ്രൊമോഷൻ കൗൺസിൽ ഫിഷറീസ് എന്നീ വകുപ്പുകളുടെ അധീനതയിലുള്ള പൂക്കോട് തടാകം, അക്വേറിയം എന്നിവ പഞ്ചായത്തിന് കൈമാറുക.
2. പൂക്കോട് ശുദ്ധജല തടാകത്തിന്റെ ടൂറിസ്റ്റ് സാധ്യതകൾ വർദ്ധിപ്പിക്കുക.
3. ഫിഷ് അക്വേറിയത്തിന്റെ ടൂറിസ്റ്റ് സാധ്യതകൾ വർദ്ധിപ്പിക്കുക.
4. ചെമ്പ്രമല സാഹസിക വിനോദയാത്രാ പരിപാടി ആവി

ഷ്ക്കരിക്കുക.

5. ശൂലംകുത്തി വെള്ളച്ചാട്ടമേഖല ടൂറിസ്റ്റ് കേന്ദ്രമാക്കുക.

6. പൂക്കോട് തടാക പരിസരത്ത് പക്ഷിസങ്കേതം സ്ഥാപിക്കുക

7. കാർഡമം പ്രൊജക്ട് ബംഗ്ലാവ് ടൂറിസ്റ്റ് ബംഗ്ലാവാക്കുക.

8. ലക്കിടിയിൽ പഞ്ചായത്ത് സ്ഥലത്ത് ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

9. ലക്കിടി മേഖലയിലെ വനത്തിൽ ഏറുമാടങ്ങളുടെ മാതൃകയിൽ കോട്ടേജുകൾ നിർമ്മിച്ചു പ്രകൃതി ആസ്വാദനം വിപുലമാക്കുക.

10. പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുക.

11. വൈത്തിരി പുഴയിൽ ബോട്ടിങ്ങ് സൗകര്യം ഏർപ്പെടുത്തുക.

12. പൂക്കോട് ബ്രിട്ടീഷ് സെമിത്തേരിയിൽ സന്ദർശന സൗകര്യം ഏർപ്പെടുത്തുക.

## സംയുക്ത സംരംഭം

1 വയനാട് ചുരത്തിൽ റോപ്പ്‌വേ ഏർപ്പെടുത്തുക

വൈത്തിരിയുടെ ടൂറിസ്റ്റ് വികസന സാധ്യതകൾ പൂർണ്ണമായും പ്രയോജനം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഒന്നും തന്നെ കാര്യമായി നടന്നിട്ടില്ല. പൂക്കോട് തടാകം കേന്ദ്രമായി മാത്രമാണ് അല്പമെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി, ഇതിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആക്കുകയും ചെയ്താൽ സാമ്പത്തികമായി മറ്റു വിഭവ സമാഹരണങ്ങൾക്ക് സാധ്യത കുറഞ്ഞ വൈത്തിരി ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിന് പുറമേ പ്രാചീന കാലം മുതൽ വയനാടിന്റെ ആസ്ഥാനമായിരുന്ന വൈത്തിരിക്ക് ടൂറിസം മുഖേനയെങ്കിലും വൈകി ശാപമോക്ഷം ഉണ്ടാകാം. ടൂറിസം ആഗോള സാമ്പത്തിക രംഗത്ത് പുതിയ ചക്രവാളങ്ങൾ തേടുന്ന ഈ നൂറ്റാണ്ടിൽ അനുഭവത്തിന്റെ വെളിച്ചത്തിൽ വൈത്തിരിക്ക് ഈ മേഖലയിൽ ശോഭനമായ ഒരു ഭാവി എന്തുകൊണ്ടും പ്രതീക്ഷിക്കാവുന്നതാണ്.

❖

*"സ്വന്തം രാജ്യത്തിന്റെ നിർമ്മി*
*തിയിൽ തങ്ങൾക്കും ഫലപ്രദമാ*
*യൊരു പങ്കുണ്ടെന്ന് പരമ*
*ദരിദ്രനുപോലും അനുഭവപ്പെടു*
*ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ*
*ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ*
*ഇല്ലാത്തൊരു ഭാരതം, എല്ലാ*
*സമുദായങ്ങളും പരിപൂർണ്ണ*
*രഞ്ജിപ്പിൽ കഴിയുന്നൊരു*
*ഭാരതം കെട്ടിപ്പടുക്കുന്നതിനു*
*വേണ്ടി ഞാൻ പ്രവർത്തിക്കും."*

\- മഹാത്മാഗാന്ധി

# 6

# ഉപസംഹാരം

നാം ആഗ്രഹിച്ചതോ, അർഹിക്കുന്നതോ ആയ വികസന പദ്ധതികളല്ല മുമ്പുണ്ടായിരുന്നത്. നമ്മുടെ വികസന കാഴ്ചപ്പാടുകളും വികലമായിരുന്നു. ഉന്നതാധികാരികളുടെ ഔദാര്യമായി പദ്ധതികളും വയൽ നികത്തി റോഡുകളും പാലങ്ങളും ഉണ്ടാക്കുന്ന വികസനവും മാത്രമായിരുന്നു നമ്മുടെ മുമ്പിൽ

എന്നാൽ ജനകീയാസൂത്രണ പദ്ധതിയുടെ പ്രഖ്യാപനം നമ്മളിലുണ്ടാക്കിയ പുത്തനുണർവ്വുമായി ഒരു പരിത്ര രചനക്ക് നമ്മൾ തയ്യാറെടുക്കുകയാണ്.

പദ്ധതികൾ പ്രയോഗികവും വസ്തുനിഷ്ഠവുമാകുമ്പോൾ അതിന്റെ പൂർത്തീകരണത്തിന് ഗുണഭോക്താക്കൾ കർമ്മ നിരതരാകും. അഴിമതിയും ധൂർത്തുമില്ലാത്ത ഫണ്ട് വിനിയോഗവും, മാനവികാദ്ധ്വാനത്തിന്റെ സംഭാവനയും ഒത്തുചേരുമ്പോൾ പദ്ധതി പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാകും. ആവശ്യങ്ങളുടെ വസ്തുതാപരമായ അവലോകനം തർക്കങ്ങൾ ഒഴിവാക്കപ്പെടുകയും ഐക്യബോധം വളർത്തുകയും ചെയ്യും.

പദ്ധതികൾ നാം ആഗ്രഹിക്കുന്നവ ആകുമ്പോൾ വികസനം അവകാശമാണെന്ന ബോധത്തോടൊപ്പം അതിനുള്ള അർപ്പണം നമ്മുടെ കടമയാണെന്നും നാം തിരിച്ചറിയും. ഉല്പാദന വർദ്ധനവിലൂടെയും മററു പദ്ധതികളിലൂടെയും നാം കൈവരിക്കുന്ന നേട്ടം ഈ ഗ്രാമത്തിലെ ഓരോ കുടുംബത്തിന്റെയും ജീവിത നിലവാരം ഉയർത്തുമെന്നതിൽ തർക്കമില്ല.

ലോക ശ്രദ്ധയാകർഷിച്ച പരിപാടികൾക്ക് തുടക്കം കുറിച്ചവരിൽ ഉൾപ്പെട്ടവരാണ് നമ്മൾ. ഈ ജനകീയാസൂത്രണ പദ്ധതിയും നാം തയ്യാറാക്കിയ വികസനരേഖ വ്യത്യസ്ത ഗ്രൂപ്പുകൾ ചർച്ച ചെയ്ത നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അവലോകനം ചെയ്ത് ബഹുജനപങ്കാളിത്തത്തോടെ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ-തൊഴിൽ-പാർപ്പിട രംഗങ്ങളുൾപ്പെടെ എല്ലാ തലത്തിലും വികസനമുണ്ടാക്കുമെന്നുറപ്പാണ്. അതിനായി ഇന്നലെകളിലെ അഭിപ്രായ ഭിന്നതകളും കാഴ്ചപ്പാടുകളും മാററിവെച്ച് ഒരു പുതിയ വികസന സംസ്കാരത്തിലേക്ക് നാം കാലൂന്നുകയാണ്.

ഗ്രാമസഭകളിലൂടെ പ്രകടമാക്കിയ വികസനാവശ്യങ്ങൾ നിറവേററാൻ നമുക്ക് കഴിയണം. അതിനായി ഈ ഗ്രാമവാസികളിൽ ഓരോരുത്തരുടേയും ഏത് സംഭാവനയും വളരെ വിലപ്പെട്ടതാണ്. അവ ലഭ്യമാകുമെന്ന് ഈ നാടിന്റെ സാംസ്കാരിക ചരിത്രം നമുക്കുറപ്പു നൽകുന്നു.

പുതിയൊരു ചരിത്ര രചനക്ക് കേരളം വഴിയൊരുക്കുകയാണ്. അതിൽ നമ്മുടെ പങ്കിർവ്വഹണത്തിന് ഈ സമഗ്ര വികസന റിപ്പോർട്ടിലൂടെ നാം തുടക്കംകുറിക്കുകയാണ്. അതിനായി ഈ റിപ്പോർട്ട് വികസനസെമിനാറിന് മുമ്പാകെ സമർപ്പിക്കട്ടെ.

❖

# 7

## വൈത്തിരി ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേര് | സ്ഥിതിചെയ്യുന്ന സ്ഥലം | ഉടമസ്ഥരുടെ സ്വഭാവം |
|---|---|---|---|
| 1. | വൈത്തി ഗ്രാമപഞ്ചായത്ത് ഓഫീസ് | വൈത്തിരി ടൗൺ | സ്വന്തം |
| 2. | താലൂക്ക് ഓഫീസ് | " | " |
| 3. | താലൂക്ക് സപ്ലൈ ഓഫീസ് | " | " |
| 4. | സബ് രജിസ്ട്രാർ ഓഫീസ് | " | |
| 5. | സബ് ട്രഷറി | " | |
| 6. | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | " | " |
| 7. | പി. ഡബ്ല്യൂ. ഡി. ഓഫീസ് | ലക്കിടി | " |
| 8. | സബ് ജയിൽ | വൈത്തിരി | |
| 9. | കൃഷിഭവൻ | പഴയവൈത്തിരി | വാടക |
| 10. | ഗവ. വെറ്ററിനറി ആശുപത്രി | വൈത്തിരി | സ്വന്തം |
| 11. | അസി. ഡയറക്ടർ ഓഫ് ഫിഷറീസ് | പൂക്കോട് | സ്വന്തം |
| 12. | വില്ലേജാഫീസ് കുന്നത്തിടവക | വൈത്തിരി | |
| 13. | വില്ലേജാഫീസ് ചുണ്ടേൽ | ചുണ്ടേൽ | വാടക |
| 14. | പോലീസ് സ്റ്റേഷൻ | വൈത്തിരി | സ്വന്തം |
| 15. | ഹോമിയോ ഡിസ്പെൻസറി | പഴയവൈത്തിരി | വാടക |
| 16. | പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് | വൈത്തിരി | സ്വന്തം |
| 17. | ഫോറസ്റ്റ് റേഞ്ച് ഓഫീസ് | ലക്കിടി | സ്വന്തം |
| 18. | മാവേലി സ്റ്റോർ | വൈത്തിരി | വാടക. |
| 19. | കെ. എസ്. ഇ. ബി. സാറ്റലൈറ്റ് സെക്ഷൻ | വൈത്തിരി | സ്വന്തം |
| 20. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് | ചുണ്ടേൽ | വാടക |
| 21. | പ്രീമെട്രിക് ഹോസ്റ്റൽ (പട്ടികജാതി) | വൈത്തിരി | സ്വന്തം |
| 22. | പ്രീ മെട്രിക് ഹോസ്റ്റൽ(പട്ടികവർഗം) | തളിപ്പുഴ | സ്വന്തം |
| 23. | ജി. എൽ. പി. സ്കൂൾ | ലക്കിടി | സ്വന്തം |
| 24. | ആർ. സി. എൽ. പി. സ്കൂൾ | ചുണ്ടേൽ | സ്വന്തം |
| 25. | ആർ. സി. എച്ച്. എസ്. ചുണ്ടേൽ | ചുണ്ടേൽ | സ്വന്തം |
| 26. | എച്ച്. ഐ. എം. യു. പി. സ്കൂൾ | വൈത്തിരി | സ്വന്തം |
| 27. | ഗവ. ഹൈസ്ക്കൂൾ വൈത്തിരി | വൈത്തിരി | സ്വന്തം |

| | | | |
|---|---|---|---|
| 28. | പോസ്റ്റാഫീസ് വൈത്തിരി | വൈത്തിരി | സ്വന്തം |
| 29. | പോസ്റ്റാഫീസ് ചുണ്ടേൽ | ചുണ്ടേൽ | സ്വന്തം |
| 30. | പോസ്റ്റാഫീസ് ലക്കിടി | ലക്കിടി | വാടക |
| 31. | ജൂനിയർ ലെയ്സൺ ഓഫീസ് (കോഫിബോർഡ്) | ചുണ്ടേൽ | വാടക |
| 32. | ടെലഫോൺ എക്സ്ചേഞ്ച് | വൈത്തിരി | വാടക |
| 33. | കനറാബാങ്ക് വൈത്തിരി | വൈത്തിരി | വാടക |
| 34. | കനറാബാങ്ക് ചുണ്ടേൽ | ചുണ്ടേൽ | " |
| 35. | സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | വൈത്തിരി | " |
| 36. | സർവ്വീസ് സഹകരണ ബാങ്ക് | വൈത്തിരി | സ്വന്തം |
| 37. | ക്ഷീര വ്യവസായ സഹകരണ സംഘം | പഴയവൈത്തിരി | സ്വന്തം |
| 38. | പൂക്കോട് ഡയറി പ്രൊജക്ട് | തളിപ്പുഴ | " |
| 39. | പട്ടികജാതി സർവ്വീസ് സഹകരണ സംഘം | വൈത്തിരി | " |
| 40. | ഗുഡ്ഷെപ്പേർഡ് ഹോസ്പിറ്റൽ | ചേലോട് | സ്വന്തം |
| 41. | എൻ. എസ്. ഹോസ്പിറ്റൽ | ചുണ്ടേൽ | സ്വന്തം |
| 42. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് | വൈത്തിരി | സ്വന്തം |
| 43. | വെസ്റ്റേൺ [illegible] ഓഫീസ് | ലക്കിടി | സ്വന്തം |
| 44. | ഹാരിസൺ മലയാളം ലിമിറ്റഡ് | ചുണ്ടേൽ | സ്വന്തം |
| 45. | [illegible] പ്ലാന്റേഷൻ | | |
| 46. | ചേലോട് എസ്റ്റേറ്റ് | | |
| 47. | വൈത്തിരി പ്ലാന്റേഷൻ | | |

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൃഷി, ജലസേചനം, മത്സ്യബന്ധനം, മൃഗസംരക്ഷണം**

1 ET. ദേവസ്യ (കൺവീനർ)
2 K.R.റാഫേൽ
3 K.തോമസ്
4 M. സുന്ദരൻ
5 ഏലമ്മ ജോസഫ്
6 അലവി.M.
7 റാഫേൽ തോമസ്
8 ഇബ്രാഹിം
9 റജീന മത്തായി
10 ഫിലോമിന റൊസാറിയ
11 E.J.തോമസ്

**വിദ്യാഭ്യാസം-കുടിവെള്ളം-പൊതുജനാരോഗ്യം**

1. M.ജനാർദ്ദനൻ (കൺവീനർ)
2 സാബുജോൺ
3 വർഗീസ് അറക്കൽ
4 P.T.കരുണാകരൻ
5 C.K. അബ്ദുൾ മജീദ് മാസ്റ്റർ
6 സുലൈഖ ഇമ്പിച്ചാലി
7 K.P.അബ്ദുൾ ഖാദർ

**വ്യവസായം-ഗതാഗതം-ഊർജ്ജം-മാർക്കറ്റ്**

1. P. രവീന്ദ്രൻ (കൺവീനർ)
2 A.K.ദാസൻ

3 ചന്ദ്രഭാനു M.K.

4 K.K.ദാസൻ

5 V.M.അപ്പുകുട്ടൻനായർ

6 ഹുസൈൻ

7 M.K.ജേക്കബ്

8 ജയപ്രകാശ്.K

**പാർപ്പിടം-സാമൂഹ്യക്ഷേമം-സംസ്കാരം**

1. T.J.കുര്യൻ (കൺവീനർ)

2. A.A.വർഗീസ്

3 M.O.ത്രേസ്യാമ്മ

4 R വില്യംസ്

**വനിത-സഹകരണമേഖല**

1 K.L. ത്രേസ്യ

2 സബിത.ടി.വി.

3 ഹാജിറ.K.

4 ശോഭശ്രീശൻ

5 സാവിത്രിഗോപാലൻ

**പട്ടികജാതി-പട്ടികവർഗക്ഷേമം-വിഭവസമാഹരണം**

1 S.ചിത്രകുമാർ (കൺവീനർ)

2 K.Kബാബുരാജ്

3 S വിക്രമൻ

4 ശശി.K

## ജില്ലാതല പരിശീലനം ലഭിച്ചവർ

1. ശ്രീ: മേമന സലീം
2. ശ്രീമതി. ഉഷാകുമാരി.വി
3 ശ്രീ.പി.ഗഗാറിൻ
4 ശ്രീ. പി.പി.മണി
5. ശ്രീ: പി.വി.ദേവസ്യ
6: ശ്രീ:പി.വി.ജോസഫ്

## ഗ്രൂപ്പ് 1 നടപ്പു പദ്ധതികളുടെ അവലോകനം

1 ശ്രീG.P.ജേക്കബ് (കൺവീനർ)
2 " A P.മുരുകേശൻ
3 " E P ജോസഫ്
4 " ജോജി ജേക്കബ്
5 ശ്രീമതി സ്വർണവല്ലി.

## ഗ്രൂപ്പ് 2. ദ്വിതീയ വിവരശേഖരണം

ശ്രീS. വിക്രമൻ (കൺവീനർ)

ശ്രീ: ടി.അബ്ദുറഹിമാൻ

ശ്രീ: അഭിലാഷ് ജോസഫ്

ശ്രീമതി: C.M. പ്രസന്ന

ശ്രീ: M.V ആലി.

## ഗ്രൂപ്പ് 3. പ്രാദേശിക ചരിത്രം

1 ശ്രീ V.ഹംസ (കൺവീനർ)
2 O.K.മൂസ
3 മോഹൻ ദാസ്
4 അബ്രഹാം മാസ്റ്റർ
5 അജിത രമേശ്

## പഠനപര്യടനസംഘം

1. ശ്രീ.കെ.കെ.കൃഷ്ണൻ
2 " സലീം മേമന
3 " K.V.വേലായുധൻ
4 " P.P.അബു
5 " K P. ആൻറണി
6 ശ്രീമതി. എൽസി ജോർജ്
7 ശ്രീമതി K Mഅന്നമ്മടീച്ചർ
8 ശ്രീമതി U.ഉഷാകുമാരി
9 ശ്രീ. E.P. ജേക്കബ്
10 ശ്രീ P.ഗഗാറിൻ
11 ശ്രീ.P.രവീന്ദ്രൻ (അഡ്വക്കറ്റ്)
12 ശ്രീ. K P.ശ്രീധരൻ
13 ശ്രീ. ബേബിപോാമാസ്റ്റർ
14 ശ്രീ. പി.പി.ദേവസി
15 ശ്രീ. എഡ്വേർഡ് ജയിംസ്
16 ശ്രീ. P.T.കരുണാകരൻ
17. ശ്രീമതിA. Pവിമല
18 ശ്രീമതി രുക്മിണി
19 ശ്രീമതി മൃദുല K.
20 ശ്രീമതി: രാജമ്മ.M.
21. ശ്രീ.ജയപ്രകാശ്

❖

അധികാരം ജനങ്ങളിലേക്ക്

# ജനന മരണരജിസ്ട്രേഷൻ

സ്ക്കൂൾ പ്രവേശനത്തിന്,
ഉദ്യോഗത്തിന്
വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്,
പൌരത്വം സ്ഥാപിക്കുന്നതിന്
പാസ്പോർട്ടിന്
വോട്ടവകാശം സ്ഥാപിക്കുന്നതിന്
റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്
വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖവേണം
ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പ് വരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്
ഇൻഷുറൻസ് തുക ലഭിക്കുന്നതിന്
മരണാനന്തര അനുകൂല്യങ്ങൾ വാങ്ങുന്നതിന്,
മരണം തെളിയിക്കുന്ന കൃത്യമായരേഖ വേണം.
മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന്
ഉറപ്പുവരുത്തുക.

ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമിക്കുക.
ഇത് നിർബന്ധമാണ്.

**ജനകീയാസൂത്രണ പ്രസ്ഥാനം**
**വൈത്തിരിഗ്രാമ പഞ്ചായത്ത്**
**സ്പെഷൽ ഗ്രേഡ്**



Red Star Offset Printers, Calicut, Phone : 50956